# ബി.എം.സി.കളും വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണവും: അനുഭവപാഠങ്ങൾ





ഡോ. ഉമ്മൻ വി. ഉമ്മൻ
ഡോ. ദിനേശൻ ചെറുവാട്ട്
ഡോ. പ്രീത എൻ.
മിത്രാംബിക എൻ.ബി.








കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം

# ബി.എം.സി.കളും വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണവും: അനുഭവപാഠങ്ങൾ

ഡോ. ഉമ്മൻ വി. ഉമ്മൻ
ഡോ. ദിനേശൻ ചെറുവാട്ട്
ഡോ. പ്രീത എൻ.
മിത്രാംബിക എൻ.ബി.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം

ബി.എം.സി.കളും വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണവും: അനുഭവപാഠങ്ങൾ

ഡോ. ഉമ്മൻ വി. ഉമ്മൻ
ഡോ. ദിനേശൻ ചെറുവാട്ട്
ഡോ. പ്രീത എൻ.
മിത്രാംബിക എൻ.ബി.

ടൈപ്പിംഗ് & ഗ്രാഫ് : അജ്മി യു.ആർ, പ്രിയ എസ്. നായർ
ഡിസൈനിംഗ് & ലേഔട്ട് : പ്രവീൺ കെ.പി.

പ്രസിദ്ധീകരണം:
ഡോ. ദിനേശൻ ചെറുവാട്ട്,
മെമ്പർ സെക്രട്ടറി,
കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ്,
എൽ-14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം-695011.
Ph – 0471 – 2554740, Telefax: 0471- 2448234
Email: keralabiodiversity@gmail.com
Website: www.keralabiodiversity.org

ഐ.എസ്.ബി.എൻ : **978- 81-934231-0-3**

**Printing :** Kerala Books and Publications Society, Kakkanad, Cochin - 682030

പിണറായി വിജയൻ
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം–695 001

നം.666/പ്രസ്/സി.എം.ഒ/2017.

മെയ് 10, 2017.

## സന്ദേശം

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committees) രൂപീകരിച്ച പ്രഥമ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനാണെന്നത് അഭിമാനകരമാണ്. ബി.എം.സി.കളുടെ പ്രവർത്തനം വിലയിരുത്താൻ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയ പുസ്തകം സ്വയംവിലയിരുത്തലിനുള്ള സാഹചര്യം ഒരുക്കും. ജൈവവൈവിധ്യ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് ഭാവിയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ ബി.എം.സി.കൾക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. അതിനുവേണ്ട സാങ്കേതിക പിന്തുണ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ലഭ്യമാക്കുമെന്നും പ്രത്യാശിക്കുന്നു.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# ആമുഖം

നമ്മുടെ ജൈവവൈവിധ്യം തനതു ആവാസവ്യവസ്ഥകളാലും, തനതു ജൈവജാതിയിനങ്ങളാലും സമ്പന്നമാണെങ്കിലും, പ്രകൃത്യാലുള്ളതും മനുഷ്യ പ്രേരകങ്ങളുമായ നിരവധി പാരിസ്ഥിതിക വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. നമ്മുടെ ജൈവവിഭവങ്ങളെയും, ആവാസവ്യവസ്ഥകളെയും, ഓരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക സാഹചര്യത്തിനനുസരിച്ച് സംരക്ഷിക്കുന്നതിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രാദേശികതലത്തിൽ തന്നെ പ്രാവർത്തികമാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമപരമായി രൂപീകരിച്ചിട്ടുള്ള സമിതികളാണ് ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. - **Biodiversity Management Committee**). സംസ്ഥാനത്തെ പ്രാദേശികതല പരിസ്ഥിതി 'കാവൽസംഘ'ങ്ങൾ കൂടിയായ ബി.എം.സി. കൾ, 2002 ലെ ജൈവവൈവിധ്യ നിയമം, 2008 ലെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ്. സംസ്ഥാനത്ത് രൂപീകരിച്ച ബി.എം.സി. കൾ അവരുടെ ആദ്യഘട്ട കാലാവധി പൂർത്തിയാക്കിയതിനാൽ, അവരുടെ പ്രവർത്തനം എത്രമാത്രം ഫലപ്രദമായിരുന്നുവെന്നും, നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോയെന്നും വിലയിരുത്തുന്നതിനും, ബി.എം.സി. കളുടെ പ്രവർത്തന സാഹചര്യം എപ്രകാരം മെച്ചപ്പെടുത്താം തുടങ്ങിയ കാര്യങ്ങളിൽ ചോദ്യാവലിയിലൂടെ ജില്ലാടിസ്ഥാനത്തിൽ ബി.എം.സി. കളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ ആദ്യഘട്ട ബി.എം.സി. കളിൽ നടത്തിയ പ്രവർത്തനാവലോകനത്തിന്റെ അടിസ്ഥാനത്തിൽ, പോരായ്മകൾ ഉൾക്കൊണ്ടുകൊണ്ട്, പുനർരൂപീകരിച്ച രണ്ടാംഘട്ട ബി.എം.സി. കളുടെ പ്രവർത്തനം വിവിധ തലങ്ങളിലുള്ള ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ മികവുറ്റതാക്കുന്നതിനും, കുറഞ്ഞത് നൂറു ബി.എം.സി. കളെയെങ്കിലും വരുന്ന അഞ്ചുവർഷക്കാലയളവിൽ ജൈവവൈവിധ്യ നിയമങ്ങൾക്കനുസൃതമായി മാതൃകാ ബി.എം.സി. കളാക്കി മാറ്റുന്നതിനുമായിരിക്കും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രധാനമായും മുൻതൂക്കം നൽകുക. ബി.എം.സി. കൾക്ക് അവരവരുടെ പ്രവർത്തനത്തെപ്പറ്റി സ്വയം വിലയിരുത്തുന്നതിനും, മികച്ച പ്രവർത്തനങ്ങളെ മാതൃകയാക്കുന്നതിനുമായി നിലവിലെ പുസ്തകം പ്രയോജനപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു.

ഡോ. ദിനേശൻ ചെറുവാട്ട്
മെമ്പർ സെക്രട്ടറി

ഡോ. ഉമ്മൻ വി. ഉമ്മൻ
ചെയർമാൻ

| ക്രമ നം. | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1. | ജൈവവൈവിധ്യ സംരക്ഷണം ത്രിതല സംവിധാനത്തിലൂടെ | 1 |
| 2. | കേരളത്തിലെ ബി.എം.സി. ഘടന, ചുമതലകൾ | 3 |
| 3. | ബി.എം.സി. രൂപീകരണം - പൂർവ്വചരിത്രം | 7 |
| 4. | ബി.എം.സി. ബോധവൽക്കരണവും ശാക്തീകരണവും | 11 |
| 5. | ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ | 15 |
| 6. | ബി.എം.സി. കളുടെ പ്രവർത്തനം - ഒരു അവലോകനം | 19 |
| 7. | ബി.എം.സി. കർമ്മ പദ്ധതി (ആക്ഷൻ പ്ലാൻ) | 32 |
| 8. | സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ | 38 |
| 9. | ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Biodiversity Heritage Sites - BHSs) | 41 |
| 10 | ബി.എം.സി. യും ജൈവവൈവിധ്യ ക്ലബ്ബുകളും | 42 |
| 11. | ബി.എം.സി. സംഗമം | 46 |
| 12. | അംഗീകാരങ്ങൾ/അവാർഡുകൾ | 47 |
| 13. | പരിസ്ഥിതി-ജൈവവൈവിധ്യ ശോഷണവും ബി.എം.സി.യുടെ ഇടപെടലുകളും | 53 |
| 14. | ബി.എം.സി. കൾ നേരിടുന്ന പ്രശ്നങ്ങൾ | 68 |
| 15. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാരിസ്ഥിതിക ചുമതലകളും | 73 |
| 16. | ബി.എം.സി. - പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ | 77 |
| 17. | ഉപസംഗ്രഹം | 79 |
| 18. | അനുബന്ധം 1 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബി.എം.സി. രൂപീകരണത്തിനുള്ള സർക്കാർ ഉത്തരവ് | 86 |
| 19. | അനുബന്ധം 2 - പഞ്ചായത്ത്/നഗരസഭ തലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ തുക ചെലവഴിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് | 88 |
| 20. | അനുബന്ധം 3 - പഞ്ചായത്ത്/നഗരസഭ സെക്രട്ടറിയെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ സെക്രട്ടറിയാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് | 89 |
| 21. | അനുബന്ധം 4 - ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ - പദ്ധതി രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവ് | 90 |
| 22. | അനുബന്ധം 5 - ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ നിർബന്ധിത പദ്ധതിയാക്കിക്കൊണ്ടുള്ള സർക്കുലർ | 92 |
| 23. | അനുബന്ധം 6 - ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പരിശോധനാനുമതി- സംബന്ധിച്ച് സർക്കാർ ഉത്തരവ് | 94 |
| 24. | അനുബന്ധം 7 - പരിസ്ഥിതി ശോഷണം തടയുന്നുതിന് ബി.എം.സി. കളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് | 96 |
| 25. | അനുബന്ധം 8 - ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് | 99 |
| 26. | അനുബന്ധം 9 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പുനർരൂപീകരണം - സർക്കുലർ | 100 |
| 27. | അനുബന്ധം 10 - ചോദ്യാവലി | 101 |



# ബി.എം.സി.കളും വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണവും – അനുഭവപാഠങ്ങൾ



## ജൈവവൈവിധ്യ സംരക്ഷണം ത്രിതല സംവിധാനത്തിലൂടെ

ജൈവവൈവിധ്യം ഒട്ടനവധി വിഭിന്നങ്ങളായ ഘടകങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട ഒരു വിഷയമാണ്. ഒരു രാജ്യത്തിന്റെ പരിധിയിൽ വരുന്ന ജൈവസമ്പത്തിന്മേലുള്ള പരമാധികാരം ആ രാജ്യത്തിനു മാത്രമാണ് എന്നു ശരിവയ്ക്കുന്ന, 1992 ലെ അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയുടെ തുടർച്ചയെന്നോണമാണ് പ്രസ്തുത ഉടമ്പടിയിലെ ഒരു അംഗരാജ്യമായ ഇന്ത്യ, 2002 ൽ ജൈവവൈവിധ്യ നിയമം രൂപപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം, അതിലൂടെ ലഭ്യമാകുന്ന പ്രയോജന ങ്ങളുടെ/ നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കൽ എന്നിവയാണ് പ്രസ്തുത നിയമം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ത്രിതല സംവിധാനം ഉപയോഗിച്ചു കൊണ്ടുള്ള അധികാര വികേന്ദ്രീകരണത്തിലൂടെയാണ് നമ്മുടെ രാജ്യത്ത് ജൈവവൈവിധ്യ ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നത്. ദേശീയതലത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥനതലത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, പ്രാദേശികതല ത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ (ബിഎംസി) എന്നിവ ഉൾപ്പെട്ടതാണ് ത്രിതല സംവിധാനം.

2002 ൽ ജൈവവൈവിധ്യ ആക്ട് പാർലമെന്റിൽ പാസാക്കിയ ശേഷം അധികം വൈകാതെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിച്ച സംസ്ഥാനമാണ് കേരളം. 2005 ഫെബ്രുവരി യിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി.) നിലവിൽ വന്നു.

തദ്ദേശീയമായ ജൈവവൈവിധ്യ വിവരങ്ങളുടെ ശേഖരണവും അവയുടെ സുസ്ഥിര ഉപയോഗവും പ്രദേശവാസികളാണ് നിർവ്വഹിക്കുന്നത് ഇവർ തന്നെയാണ് ജൈവവൈവിധ്യത്തിന്റെ സംരക്ഷ കരായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ജൈവവൈവിധ്യ സംരക്ഷണത്തിനായി ത്രിതല സംവിധാനത്തിലെ പ്രാദേശിക സമിതികളായ ബി.എം.സി. കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ളത്. തുടക്കത്തിൽ ബി.എം.സി. യുടെ കാലാവധി മൂന്നു വർഷമായിരുന്നെങ്കിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതികളുടെ കാലാവധിക്കനുസൃതമായി ബി.എം.സി. യുടെ കാലാവധിയും അഞ്ച് വർഷ മായി നിജപ്പെടുത്തുകയുണ്ടായി. ആയതിനാൽ സംസ്ഥാനത്തെ ആദ്യഘട്ട ബി.എം.സി. കളുടെ കാലാവധി, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾക്കൊപ്പം 2015 നവംബർ മാസത്തിൽ പൂർത്തിയായിരിക്കുകയാണ്. 2015 ലെ പുതിയ ഭരണസമിതി കളുടെ നേതൃത്വത്തിൽ 2016 ന്റെ തുടക്കത്തിൽ ബി.എം.സി. കളും പുനർരൂപീകരിച്ചു. രണ്ടാംഘട്ട ബി.എം.സി.കളുടെ ആദ്യയോഗം 2017 ൽ കൂടുകയുണ്ടായി.

ജൈവവൈവിധ്യ ആക്ട് 2002 ൽ പ്രതിപാദിച്ചിട്ടുള്ളതനുസരിച്ച്, ജൈവവൈവിധ്യ സംരക്ഷണാർത്ഥം പ്രാദേശികതലത്തിൽ പൂർണ്ണമായും ബി.എം.സി. കൾ രൂപീകരിച്ച പ്രഥമ സംസ്ഥാന ജൈവവൈവിധ്യ ബോർഡാണ് കെ.എസ്.ബി.ബി. എല്ലാ പഞ്ചായത്തിലും ബി.എം.സി.കൾ വിജയകരമായി കാലാവധി പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. അതുകൊണ്ടാണ് കേരളത്തിലെ ബി.എം.സി. കൾ ആദ്യഘട്ടം പിന്നിടുമ്പോൾ അവരുടെ പ്രവർത്തനം എപ്രകാരമായിരുന്നു എന്നുള്ളതിനെപ്പറ്റി ഒരു അവലോകനം നടത്തുന്നത്. ബി.എം.സി. കളെ വിലയിരുത്തുന്നതിന്റെ ഭാഗമായി, എല്ലാ ജില്ലകളിലും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ധനസഹായത്തോടെ ഈ പുസ്തകം തയ്യാറാക്കിയത്. നിലവിലുള്ള ബി.എം.സി. കളുടെ പോരായ്മകൾ തിരിച്ചറിയാനും, അവയുടെ പ്രവർത്തന രീതി ശക്തിപ്പെടുത്താനും, മാതൃകാ ബി.എം.സി.കളുടെ വികസനത്തിനും ഈ പുസ്തകം പര്യാപ്തമാണ്.



മൂന്നാമത് ദേശീയ ജൈവൈവിധ്യ സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുന്നു





# കേരളത്തിലെ ബി.എം.സി. ഘടന, ചുമതലകൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിലവിൽ വന്നത് 2005ലും കേരള ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വന്നത് 2008ലുമാണ്. ബോർഡ് നിലവിൽ വന്ന് ആദ്യ മീറ്റിംഗിൽ തന്നെ ബി.എം.സി. കൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടായിരുന്നു. 2007-08 കാലയളവിൽ ബി.എം.സി. രൂപീകരണത്തിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി അഞ്ച് ജില്ലകളിൽ നിന്നും അഞ്ച് ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുകയും ബോർഡിന്റെ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവർ ഈ പഞ്ചായത്തുകൾ സന്ദർശിച്ച് ഭരണസമിതിയുമായി ചർച്ച ചെയ്ത് ബി.എം.സി. കൾ രൂപീകരിക്കുകയും ചെയ്തു.

വിതുര ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല), കുമരകം ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല), മലമ്പുഴ ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല), നീലേശ്വരം ഗ്രാമപഞ്ചായത്ത് (നിലവിൽ മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ല), ചിറക്കൽ ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല), എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലാണ് സംസ്ഥാനത്ത് ആദ്യമായി ബി.എം.സി. നിലവിൽ വന്നത്.

തുടർന്ന്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായം അഭ്യർത്ഥിക്കുകയും, 2008 ൽ തദ്ദേശ സ്വയംഭരണ വകുപ്പ്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും ബി.എം.സി. രൂപീകരിക്കണമെന്നും അതിന്റെ ഘടന എപ്രകാരമായിരിക്കണമെന്നുമുള്ള ഉത്തരവിറക്കി (G.O. (MS) 86/08/LSGD dt.18-03-2008) (അനുബന്ധം 1). അതേവർഷം തന്നെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വന്നതിനാൽ ബി.എം.സി. രൂപീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി.

**എന്താണ് ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) ?**

ജൈവവിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, അവയുടെ സുസ്ഥിരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക, കൂടാതെ ആവാസവ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, കൃഷിയിനങ്ങൾ, വളർത്തിനങ്ങൾ, കന്നുകാലികൾ, സൂക്ഷ്മാണുക്കൾ ഇവയുടെ സംരക്ഷണം, ആദിയായവയെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, ബന്ധപ്പെട്ട അറിവുകൾ കാലാനുസൃതമായി ശേഖരിക്കുവാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2002 ലെ ജൈവവൈവിധ്യ ആക്ട് വകുപ്പ് 41, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 വകുപ്പ് 20 എന്നിവ പ്രകാരം അവരുടെ പരിധിയിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.) രൂപീകരിക്കേണ്ടതാണ്. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ ബോർഡും, പ്രാദേശിക ജൈവവിഭവങ്ങളുടെയും, ജൈവവൈവിധ്യ സംബന്ധമായ അറിവുകളെയും സംബന്ധിച്ച് ഏത് തീരുമാനവും കൈക്കൊള്ളുന്നതിന് ആ പ്രദേശത്തെ ബി.എം.സി. യുടെ അഭിപ്രായം പരിഗണിക്കുന്നതാണ്.

### ബി.എം.സി.കളുടെ രൂപീകരണം

ബി.എം.സി. രൂപവത്ക്കരണം സുഗമമാക്കുന്നതിന് പ്രാദേശികമായിട്ടുള്ള ആദിവാസി സമൂഹത്തിന്റെയും, സാങ്കേതിക സഹായ വിഭാഗത്തിന്റെയും (TSG) സാമൂഹിക സംഘടന കളുടെയും വിദഗ്ധാഭിപ്രായം പരിഗണിക്കേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങളുടെ ഭരണസമിതി യംഗങ്ങൾക്ക് ബി.എം.സി. രൂപീകരണത്തിൽ തീരുമാനമെടുക്കാവുന്നതാണ്. തീരുമാനത്തിന്റെ ശരിപ്പകർപ്പ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

### ബി.എം.സി. യുടെ ഘടന

ജൈവവൈവിധ്യ ആക്ട്, 2002 വകുപ്പ് 41(1), ജൈവവൈവിധ്യ ചട്ടങ്ങൾ, 2004, ചട്ടം (22), സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 - ചട്ടം (20) പ്രകാരം രൂപവത്കരിച്ചിട്ടുള്ള എട്ടുപേരടങ്ങുന്ന ഒരു കമ്മിറ്റിയാണ് ബി.എം.സി. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരെ കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണസമിതി നിർദ്ദേശിക്കുന്ന ആറ് അംഗങ്ങൾ ഈ കമ്മിറ്റി യിൽ ഉണ്ടായിരിക്കണം. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളിൽ 1/3 (2 പേർ) വനിതകളും ഒരാൾ (18%) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ, നാട്ടുവൈദ്യന്മാർ, കർഷകർ, തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുന്നവർ/വിൽപ്പന ക്കാർ, മത്സ്യബന്ധന ജീവനക്കാർ, ജൈവവൈവിധ്യം ഉപയോഗിക്കുന്നവരുടെ സംഘടനകളിലെ അംഗങ്ങൾ, സാമൂഹിക സേവകർ, അദ്ധ്യാപകർ, ഗവേഷകർ, ബി.എം.സി. പ്രവർത്തനങ്ങൾക്ക് ഭാഗഭാക്കാവാൻ കഴിയുമെന്ന വിശ്വാസമുള്ള ഏതെങ്കിലും സന്നദ്ധസംഘടനയിലെ വ്യക്തികൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരാകണം. നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവരും വോട്ടർ പട്ടികയിൽ പേരുള്ള വരുമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

### ബി.എം.സി. ചെയർപേഴ്സൺ, സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ, സെക്രട്ടറി എന്നിവർ യഥാക്രമം അവിടുത്തെ ബി.എം.സി. യുടെ ചെയർപേഴ്സണും, സെക്രട്ടറിയും ആയിരിക്കും. ജൈവവൈവിധ്യ പരിപാലന സമിതി യുടെ യോഗങ്ങളിൽ വനം-വന്യജീവി, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, ഫിഷറീസ്, വിദ്യാഭ്യാസം, ഗവേഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികളും കൂടാതെ, സ്ഥലം എം.എൽ.എ.യും, എം.പി.യും പ്രത്യേക ക്ഷണിതാക്കളായിരിക്കും. തിരഞ്ഞെടുക്കപ്പെട്ട ഒരംഗം ബി.എം.സി. കൺവീനർ ആയിരിക്കും. ബി.എം.സി.കളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും ബോർഡുമായി ബി.എം.സി.യുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതും ബി.എം.സി കൺവീനർ ആയിരിക്കും. സമിതിയുടെ പ്രവർത്തനം സംബന്ധിച്ച എല്ലാ രേഖകളുടെയും സൂക്ഷിപ്പുചുമതല സെക്രട്ടറിക്കായിരിക്കും. വോട്ടെടുപ്പുവേളയിൽ സമാസമം വരുന്നപക്ഷം, ജൈവവൈവിധ്യ പരിപാലന സമിതിയുടെ ചെയർപേഴ്സണിന് കാസ്റ്റിങ് വോട്ട് ചെയ്യാവുന്നതാണ്.

### ബി.എം.സി. യുടെ കാലാവധി

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒരു ബി.എം.സി. നിലവിൽ വന്നാൽ അതിന്റെ കാലാവധി അഞ്ച് വർഷമായിരിക്കും. കാലാവധി പൂർത്തിയായാലും പുതിയ കമ്മിറ്റി ഉണ്ടാകുന്നതുവരെ നിലവിലെ ബി.എം.സി.ക്ക് തുടരാവുന്നതാണ്. ഒരു ബി.എം.സി. അവരുടെ പ്രവർത്തന കാലയളവിൽ അവരിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

### വില്ലേജുതല സമിതികളുമായി ബി.എം.സി. യുടെ ഏകീകരണം

ബി.എം.സി. രൂപീകരിക്കുമ്പോൾ തദ്ദേശസ്ഥാപനത്തിന്റെ പ്രാദേശികാവസ്ഥയ്ക്കനുസരിച്ച് അവിടുത്തെ പ്രകൃതി/വനവിഭവങ്ങളുടെ പരിപാലന സമിതികളിലെ അംഗങ്ങൾ, തോട്ടകൃഷിയിൽ വൈദഗ്ദ്ധ്യമുള്ളവർ, പരമ്പരാഗത ചികിത്സാരീതി പിന്തുടരുന്ന വൈദ്യന്മാർ, ഹക്കിമുകൾ, പ്രദേശത്തെ സസ്യശാസ്ത്രജ്ഞന്മാർ, ആദിവാസി മൂപ്പന്മാർ/ഗോത്രത്തലവന്മാർ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ആവശ്യമെങ്കിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. ഗവൺമെന്റിന്റെ കീഴിൽ നിയമപരമായോ/ഭരണപരമായോ അധികാരമുള്ള നിലവിലെ കമ്മിറ്റിയംഗങ്ങളിൽ നിന്നും നറുക്കെടുപ്പിലൂടെ ബി.എം.സി. അംഗങ്ങളെ തിരഞ്ഞെടുക്കാവുന്നതാണ്.

### ബി.എം.സി. യുടെ കർത്തവ്യങ്ങളും ചുമതലകളും

- ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കൽ.
- ജൈവവൈവിധ്യ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും ഉറപ്പുവരുത്തുക.
- പ്രാദേശിക ജൈവവൈവിധ്യത്തിന്റെ പുനരുദ്ധാരണം.
- ബൗദ്ധിക സ്വത്തവകാശം (IPR), പരമ്പരാഗത നാട്ടറിവ് (TK), ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനേയും, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയേയും അറിയിക്കുക.
- ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ (BHS) (ഉദാ:കാവുകൾ, ജലാശയങ്ങൾ തുടങ്ങിയവ) പരിപാലനം.
- ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട നാട്ടറിവുകളും വാണിജ്യ-ഗവേഷണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിയന്ത്രിക്കുക.
- വാണിജ്യാവശ്യങ്ങൾക്ക് ജൈവവിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളുടെ പങ്കുവയ്ക്കൽ.
- സാമ്പത്തിക നേട്ടമുള്ള/പ്രാധാന്യമുള്ള പരമ്പരാഗത ഇനങ്ങളായ സസ്യങ്ങളുടെയും ജന്തുക്കളുടെയും സംരക്ഷണം.
- ജൈവവൈവിധ്യ പഠനവും ബോധവത്ക്കരണവും.
- ജൈവപരവും സാംസ്ക്കാരികപരവുമായ ഔദ്യോഗിക രേഖയ്ക്ക് ആവശ്യമായ വസ്തുതകൾ ശേഖരിച്ച് അത് രൂപപ്പെടുത്തുന്നതിന് വേണ്ട നടപടിക്രമങ്ങൾ ചെയ്യുക.




- ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിൽ (PBR) രേഖപ്പെടുത്തിയിട്ടുള്ള പരമ്പരാഗത അറിവുകളുടെ സംരക്ഷണം.

ഗ്രാമപഞ്ചായത്തുതലത്തിലുള്ള ജൈവവൈവിധ്യ പരിപാലന സമിതികൾ, തദ്ദേശ തലത്തിലുള്ള വികസനാസൂത്രണ പ്രക്രിയയിൽ, ജൈവവൈവിധ്യ സംരക്ഷണ പ്രശ്നങ്ങൾക്ക് മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് യത്നിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്ത് / മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻതല ജൈവവൈവിധ്യ പരിപാലന സമിതികൾ, ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് ബോർഡുമായി കൂടിയാലോചിച്ച്, ഒരു ജൈവവൈവിധ്യ പരിപാലന പ്ലാൻ തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പ്ലാൻ നടപ്പാക്കുന്നതിനുള്ള / അതിൽ പങ്കാളിത്തം വഹിക്കുന്നതിനുള്ള ഉത്തരവാദിത്വവും സമിതിക്ക് ഉണ്ടായിരിക്കും.

**ജൈവവൈവിധ്യ രജിസ്റ്ററും ബി.എം.സി. കളുടെ ഉത്തരവാദിത്വങ്ങളും**

ജൈവവൈവിധ്യ ആക്ട് 2002, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ അനുശാസിക്കുന്ന പ്രകാരം ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുക എന്നത് അതാത് ബി.എം.സി.കളുടെ ഉത്തരവാദിത്വമാണ്. പ്രാദേശിക ജൈവവിഭവങ്ങളെ (സസ്യങ്ങളും, ജന്തുക്കളും) സംബന്ധിച്ച അറിവ്, അവയുടെ ലഭ്യത, ഔഷധമൂല്യം, മറ്റ് ഉപയോഗങ്ങൾ, ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററാണ് പി.ബി.ആർ. നിലവിൽ പി.ബി.ആർ. തയ്യാറാക്കുന്നത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ ബോർഡും ചേർന്ന് തയ്യാറാക്കിയിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലാണ്. വിദ്യാർത്ഥികൾ, ഗവേഷകർ, ബന്ധപ്പെട്ട മേഖലയിൽ അറിവുള്ള വ്യക്തികൾ തുടങ്ങിയവരുടെ സഹായത്തോടെ പി.ബി.ആർ. തയ്യാറാക്കേണ്ടത് ബി.എം.സി. യാണ്. രജിസ്റ്റർ തയ്യാറാക്കിയ ശേഷം അതാത് ജില്ലയിലെ ടി.എസ്.ജി. യുടെയും ബോർഡിന്റെയും സഹായത്തോടെ അത് വിലയിരുത്തേണ്ടതാണ്. പി.ബി.ആർ. എന്നത് നിയമപരമായ ലിഖിതമാണ്. അതിൽ നിന്നാണ് ആക്ടിൽ പ്രതിപാദിക്കുന്നതു പോലെ ജൈവ വിഭവങ്ങളെ എപ്രകാരം ഉപയോഗിക്കണമെന്നും അവയുടെ നേട്ടങ്ങളുടെ പങ്കുവയ്ക്കലും ഉരുത്തിരിയുന്നത്. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിപാലിക്കുന്നതും കാലാനുസൃതം പരിഷ്ക്കരിക്കുന്നതും ജൈവവൈവിധ്യ പരിപാലന സമിതിയുടെ ചുമതലയായിരിക്കും. ആയതിനാൽ ജൈവവൈവിധ്യ രജിസ്റ്ററിന്റെ സൂക്ഷിപ്പ് പൂർണ്ണമായും ബി.എം.സി. യിൽ നിക്ഷിപ്തമാണ്.

പിണറായി ഗ്രാമപഞ്ചായത്ത് പി.ബി.ആർ. ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു



# ബി.എം.സി. രൂപീകരണം – പൂർവ്വചരിത്രം



## ബി.എം.സി. രൂപീകരണം

ജൈവവൈവിധ്യ നിയമം എന്താണെന്നും, അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിക്കണമെന്നും, ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിക്കുന്നതിന് അതാതിടങ്ങളിലെ ഭരണാധികാരികളെ ബോധവൽക്കരിക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ എന്നുമുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് തുടക്കം മുതലുള്ള ബോർഡിന്റെ പ്രവർത്തനങ്ങൾ. 2005 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിലവിൽ വന്ന് ആദ്യ മീറ്റിംഗിൽ തന്നെ ഇത്തരത്തിലൊരു പ്രാഥമിക ധാരണ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും നൽകുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. 2008-09 സാമ്പത്തികവർഷത്തിൽ, 05-03-2009 തീയതിയിലെ 14843/DA1/09/LSGD നമ്പർ സർക്കാർ കത്ത്, 2008 ലെ മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവ് (G.O. (MS) 86/08/LSGD dt.18.03.2008) (അനുബന്ധം 1), എന്നിവ മുഖേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബി.എം.സി. രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകി. എന്നാൽ പ്രതീക്ഷിച്ചത്ര പ്രതികരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുണ്ടായില്ല. സർക്കാരിന്റെ ഭാഗത്തുനിന്നും വളരെയധികം പിന്തുണ ലഭിച്ചിട്ടും തുടക്കത്തിൽ ബി.എം.സി. രൂപീകരണം അത്ര സുഗമമായിരുന്നില്ല.

1. 2005-06 കാലയളവിൽ തൃശ്ശൂർ ആസ്ഥാനമായുള്ള കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (KILA) സഹകരണത്തോടെ, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

2. ജൈവവൈവിധ്യ സാങ്കേതിക നടപടി ഏകോപനത്തിനായുള്ള സൗകര്യങ്ങൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (കെ.എഫ്.ആർ.ഐ.), ഡയറക്ടറുടെ അധ്യക്ഷതയിൽ ഒരുക്കിയിരുന്നു. ബി.എം.സികൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖകളും (ഇംഗ്ലീഷിലും, മലയാളത്തിലും) പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള പദ്ധതിശാസ്ത്രവും നിർമ്മിച്ചത് സാങ്കേതിക സമിതിയാണ്. ബി.എം.സി.കൾക്ക് ജൈവവൈവിധ്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സാങ്കേതിക അവബോധം വരുത്തുന്നതിനായി കേരളത്തിലെ വിദഗ്ധ ടാക്സോണമിസ്റ്റ്കളുടെയും ശാസ്ത്രജ്ഞന്മാരുടെയും ഒരു പട്ടിക സാങ്കേതിക സിമിതി തയ്യാറാക്കി. ബി.എം.സി.കൾക്കുള്ള ജൈവവൈവിധ്യ ശിൽപശാലകളിൽ ഉൾപ്പെടുത്തേണ്ട വിഷയത്തെക്കുറിച്ചും റിസോഴ്സ് പേഴ്സണെക്കുറിച്ചും (വിദഗ്ധൻ) സമിതി മനസ്സിലാക്കി. ഒരുകൂട്ടം വിദഗ്ധരെ തിരിച്ചറിയുകയും, കിലയുടെ ഫാക്കൽറ്റി അവർക്ക് പരിശീലനം (പരിശീലകർക്കുള്ള പരിശീലനം) നൽകുകയും ചെയ്തു, ബി.എം.സി. അംഗങ്ങൾക്കുള്ള അവതരണ പരിപാടികൾ തീരുമാനിച്ചു. സസ്യശാസ്ത്രജ്ഞനും ജന്തുശാസ്ത്രജ്ഞനും അതാത് മേഖലകളിൽ ക്ലാസ്സെടുക്കുന്നതിനുള്ള (പരിശീലനം നൽകി) ക്രമീകരണങ്ങൾ നടത്തി. കില, കെ.എഫ്.ആർ.ഐ., കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു വിദഗ്ധർ (റിസോഴ്സ് പേഴ്സൺസ്). 2005-2006 കാലയളവിൽ കിലയുടെ സഹകരണത്തോടെ റിസോഴ്സ് മെറ്റീരിയൽ തീരുമാനിക്കുന്നതിനായി രണ്ട് ഏകദിന

ശിൽപശാലകളും റിസോഴ്സ് പേഴ്സൺസിനുള്ള (വിദഗ്ധർക്കുള്ള), പരിശീലകർക്കുള്ള പരിശീലനം നൽകുന്നതിനായി ഒരു ഏകദിന ശിൽപശാലയും നടത്തി. ജൈവവൈവിധ്യം എന്ന കൈപ്പുസ്തകം മലയാളത്തിൽ പുറത്തിറക്കി.

3. 2006 ൽ പഞ്ചായത്ത് പ്രസിഡന്റുമാർക്കു വേണ്ടി 40 പേരടങ്ങുന്ന രണ്ട് ബാച്ചുകളായി അവബോധ ശിൽപശാലകൾ നടത്തി. ജൈവവൈവിധ്യ നിയമം 2002, ജൈവവൈവിധ്യ ചട്ടങ്ങൾ 2004 എന്നിവയെക്കുറിച്ചും; ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം, അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജൈവവൈവിധ്യ സംരക്ഷണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്, ബി.എം.സി. യും അവയുടെ ചുമതലകളും തുടങ്ങിയവയെപ്പറ്റി ഏകദേശ ധാരണ ലഭിക്കുന്നതിന് ഒരു കൈപ്പുസ്തകവും നൽകി.

4. ജില്ലാതലത്തിൽ ലഭ്യമായ അറിവിന്റെ അടിസ്ഥാനത്തിൽ 2006ൽ തൃശ്ശൂർ ജില്ലയിലെ ജൈവവൈവിധ്യ ഡോക്യുമെന്റേഷൻ (വനത്തിലെ സസ്യങ്ങളുടെ ജൈവവൈവിധ്യം, ജന്തുക്കളുടെ ജൈവവൈവിധ്യം, ജലജൈവവൈവിധ്യം മുതലായവ) തുടങ്ങി.

5. 2006-2007 കാലയളവിൽ 753 പഞ്ചായത്ത് പ്രസിഡന്റുമാർക്കായി 30-50 പേരടങ്ങുന്ന ബാച്ചുകളായി 29 ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിദഗ്ധർക്കായി 67 സ്ലൈഡുകളടങ്ങുന്ന മലയാളം പവർപോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി. സ്ലൈഡുകൾ ദൃഷ്ടാന്തത്തോടു കൂടി വിശദീകരിച്ചിരുന്നതിനാൽ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

6. 2008-2009 കാലയളവിൽ കേരളത്തിൽ 24 ബി.എം.സി.കൾ രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചു. അതനുസരിച്ച് കൊല്ലത്തെ മയ്യനാട്, പത്തനംതിട്ടയിലെ കുളനട, എറണാകുളത്തെ ഏലൂർ, പാലക്കാട്ടെ മലമ്പുഴ, തൃശ്ശൂരിലെ കൊരട്ടി, കണ്ണൂരിലെ ചെറുകുന്ന്, കാസർഗോട്ടെ നീലേശ്വരം തുടങ്ങിയ 7 പഞ്ചായത്തുകളിൽ ബി.എം.സി.കൾ രൂപീകരിച്ചു. ജില്ലാ കോർഡിനേറ്റർമാർക്ക് പി.ബി.ആർ. തയ്യാറാക്കുന്നതിനും പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനുമായി ഫീൽഡ്തല സന്ദർശനം നടത്തുന്നതിനായുള്ള പരിശീലനം നിലമ്പൂരിൽ സംഘടിപ്പിച്ചു. ഇതുവഴി ബി.എം.സി. അംഗങ്ങൾക്ക് പി.ബി.ആർ. തയ്യാറാക്കുന്ന പ്രക്രിയ ലഘൂകരിക്കാൻ സാധിച്ചു. 2009 ൽ ഇത് നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു സാങ്കേതിക സഹായ വിഭാഗം (Technical Support Group) രൂപീകരിച്ചു.

7. ആദ്യ സാങ്കേതിക സഹായ വിഭാഗം രൂപീകരിക്കപ്പെട്ടത് കോട്ടയത്തെ മണർകാട്, എറണാകുളത്തെ ഏലൂർ എന്നീ പഞ്ചായത്തുകളിലാണ്.

8. 2010 മാർച്ചോടുകൂടി 200 ബി.എം.സികൾ രൂപീകരിക്കപ്പെട്ടു. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 39 പഞ്ചായത്തുകളിൽ ശിൽപശാലകൾ സംഘടിപ്പിച്ചു. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും ജൈവവൈവിധ്യ പരിപാലന സമിതിയുടെ രൂപീകരണത്തിനുമുള്ള അവബോധം വളർത്തുന്നതിനായി 2009-2010 കാലയളവിൽ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി 14 ജില്ലാതല ശിൽപശാലകൾ സംഘടിപ്പിച്ചു. ഈ സമയത്ത് 15 പഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിക്കഴിഞ്ഞു.

9. ഫീൽഡ്തലത്തിൽ വിവരശേഖരണത്തിന് ആവശ്യമായ പ്രോജക്ട് ഉദ്യോഗസ്ഥരുടെ അപര്യാപ്തത മൂലമാണ് പി.ബി.ആർ തയ്യാറാക്കുന്നതിൽ പുരോഗതി ഉണ്ടാകാത്തത് എന്ന് പി.ബി.ആറിന്റെ അവലോകന യോഗത്തിൽ ബോധ്യപ്പെട്ടു. അത്കൊണ്ട് ജനകീയ

ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും ജൈവവൈവിധ്യ പരിപാലന സമിതിയുടെ രൂപീകരണത്തിനും ഫീൽഡ് തലത്തിൽ സഹായിക്കുന്നതിനായി ജൂനിയർ റിസർച്ച് ഫെല്ലോയെ (JRF) നിയമിച്ചു. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നത് വിലയിരുത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയമിച്ചു. എല്ലാ ജില്ലകളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് അവരെ വേണ്ടവിധം ബോധവാന്മാരാക്കി ബി.എം.സി. രൂപീകരിക്കുന്നതിന് ഓരോ ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാർ, പ്രോജക്ട് ഫെല്ലോമാർ എന്നിവരെ സർക്കാരിന്റെ അനുമതിയോടെ ബോർഡ് നിയമിച്ചു. 2010 ൽ 72 പ്രോജക്ട് ഫെല്ലോമാരെ വിവിധ ജില്ലകളിലായി നിയമിച്ചു. ജൈവവൈവിധ്യ ആക്ടിലെ വ്യവസ്ഥകളെക്കുറിച്ചും, ബി.എം.സി. യുടെ പ്രാധാന്യത്തെക്കുറിച്ചും, പ്രാദേശികതലത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമായ പരിശീലനം കോർഡിനേറ്റർമാർക്കും പ്രോജക്ട് ഫെല്ലോമാർക്കും നൽകുകയുണ്ടായി. ആദ്യഘട്ടത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബി.എം.സി. രൂപീകരിക്കുന്നതിനാണ് കൂടുതൽ ശ്രദ്ധിച്ചത്. പരിശീലനം ലഭിച്ച പ്രോജക്ട് ഫെല്ലോമാർ ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലേയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനേയും സെക്രട്ടറിയേയും കാര്യങ്ങൾ ധരിപ്പിക്കുകയും, അവരുടെ അനുവാദത്തോടെ ഭരണസമിതി അംഗങ്ങൾക്ക് ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ചും, പ്രാദേശികതലത്തിൽ ബി.എം.സി. യുടെ പ്രാധാന്യത്തെക്കുറിച്ചും, അതിന്റെ ഘടനയെക്കുറിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി.

10. 2010-11 കാലയളവ് ബി.എം.സി. രൂപീകരണത്തിലെ നിർണ്ണായകഘട്ടമായിരുന്നു. 2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതികൾ അധികാരമേറ്റപ്പോൾ കാര്യങ്ങൾക്ക് കുറച്ചുകൂടി വേഗത കൂടി. എല്ലാ പഞ്ചായത്തുകളിലും ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി. ബോർഡിന്റെ നിർദ്ദേശാനുസരണം പ്രോജക്ട് ഫെല്ലോമാർ ഗ്രാമപഞ്ചായത്തുകളുമായി നിരന്തരം ബന്ധപ്പെട്ട് ബി.എം.സി. യെക്കുറിച്ച് ഭരണസമിതിയംഗങ്ങൾക്കിടയിൽ ഒരവബോധം ഉണ്ടാക്കിയെടുത്തു. അതിന്റെ ഫലമെന്നോണം ആകെ 978 ഗ്രാമപഞ്ചായത്തുകളിൽ 939 എണ്ണത്തിൽ ബി.എം.സി. രൂപീകരിച്ചു. ഇതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിൽ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ബി.എം.സി. രൂപീകരിക്കുവാൻ സാധിച്ചു. ബി.എം.സി രൂപീകരണം പൂർത്തിയായ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പി.ബി.ആർ തയ്യാറാക്കാനുള്ള നിർദ്ദേശം നൽകി. പൊതുമേഖല വികസന ഫണ്ടിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70,000 രൂപ പി.ബി.ആറിന്റെ ചിലവുകൾക്കായി അനുവദിച്ചു. അതനുസരിച്ച് 2010-2011ൽ 290 ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ പൂർത്തിയായി. അതേസമയം പി.ബി.ആർ സുഗമമായി തയ്യാറാക്കുന്നതിനു വേണ്ടി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സസ്യജന്തുജാലങ്ങളെയും പക്ഷിമൃഗാദികളെയും കുറിച്ച് ഒരു കൈപ്പുസ്തകം പുറത്തിറക്കി.

11. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിലും ബി.എം.സി. രൂപീകരിക്കുവാൻ സാധിച്ചത് എടുത്തുപറയത്തക്ക ഒരു നേട്ടമായിരുന്നു. ഗ്രാമപഞ്ചായത്തുകളിലെ ബി.എം.സി. രൂപീകരണം പൂർത്തിയായപ്പോൾ, അതിൽ നിന്നുള്ള പ്രചോദനമുൾക്കൊണ്ട് സംസ്ഥാനത്തെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ബി.എം.സി. രൂപീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അധികം വൈകാതെ

തന്നെ, ജൈവവൈവിധ്യ നിയമം അനുശാസിക്കും വിധം സംസ്ഥാനത്തെ 1043 (978 ഗ്രാമപഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിച്ച പ്രഥമ സംസ്ഥാനമായി കേരളം മാറി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2011-2012 കാലയളവിൽ ബി.എം.സി രൂപീകരണം പൂർത്തീകരിച്ച് കൊണ്ട് ചരിത്ര വിജയം കൈവരിച്ചു. ഈ കാലയളവിൽ 412 ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ പൂർത്തിയായി.

12. 2012-2013ൽ കേരളത്തിലെ 978 പഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 കേർപ്പറേഷനുകളിലുമായി ബി.എം.സി ശൃംഖല വ്യാപിച്ചു. 2012 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. കൾ നിലവിൽ വന്നതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ഉണ്ടായിരുന്നതുകൊണ്ടുമാത്രമാണ് ബോർഡിന് ഇത്തരത്തിലൊരു നേട്ടം കൈവരിക്കാൻ സാധിച്ചത്.

13. 2012 ൽ ജൈവവൈവിധ്യ ചട്ടത്തിലെ 32-ാം സെക്ഷൻ പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് (നോൺ ലാപ്സബിൾ) രൂപീകരിച്ചു.

COP11 ന്റെ സമ്മേളനത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാനായിരുന്ന ഡോ.ബാലകൃഷ്ണ പിസുപതി, കേരളത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരണം പൂർത്തിയായ ആദ്യ സംസ്ഥാനമായി പ്രഖ്യാപിച്ചു.





ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ : വിവരശേഖരണം



# ബി.എം.സി. ബോധവൽക്കരണവും ശാക്തീകരണവും

ബോർഡിന്റെ പ്രധാനപ്പെട്ട ചുമതലകളിലൊന്നാണ് ജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തിയെടുക്കുക എന്നത്. അതിനുവേണ്ടി വിദ്യാർത്ഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ, എൻ.ജി.ഒ. കൾ, മാധ്യമങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിൽപ്പെട്ടവർക്ക് പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിക്കുന്നതിനോടൊപ്പം, അവരുടെ പ്രഥമ ദൗത്യമായ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കുന്നതിന് അവരെ ബോധവൽക്കരിക്കുകയും, സാങ്കേതിക സഹായം നൽകുകയും, ആവശ്യമായ ഫണ്ട് വിനിയോഗം ചെയ്യുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും ചെയ്തു (24-02-2010 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 618/2010 ത.സ്വ.ഭ.വ.)(അനുബന്ധം 2). ഇത്തരത്തിൽ ബി.എം.സി. രൂപീകരണത്തോടൊപ്പം പി.ബി.ആർ. തയ്യാറാക്കുന്നതിനുകൂടി മുൻകൈ എടുത്തതുകൊണ്ടാണ് ബി.എം.സി. രൂപീകരണം പൂർത്തിയായ 2012-13 സാമ്പത്തിക വർഷത്തിൽ ഏകദേശം 504 (48%) ഗ്രാമപഞ്ചായത്തുകളിൽ പി.ബി.ആർ. തയ്യാറാക്കുവാൻ സാധിച്ചത്.

- 2008 ൽ കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി ജില്ലാതല സെമിനാറുകൾ നടത്തി.
- 2008 മുതൽ 2011 വരെയുള്ള മൂന്നു വർഷങ്ങളിൽ മാധ്യമങ്ങൾക്ക് ജില്ലാതല ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചു.
- സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥർക്ക് തലസ്ഥാന ജില്ലയിൽ വച്ച് 2008 ൽ പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ ക്ലാസ്സ് സംഘടിപ്പിച്ചു.
- 2008, 2009 വർഷങ്ങളിൽ എൻ.ജി.ഒ. കൾക്ക് ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശിൽപശാല നടത്തുകയുണ്ടായി.



മേൽപ്പറഞ്ഞ എല്ലാ ബോധവൽക്കരണ പരിപാടികളിലും ബി.എം.സി. എന്താണെന്നും, ജൈവവൈവിധ്യ സംരക്ഷണത്തിൽ അവയുടെ പ്രാധാന്യമെന്തെന്നും ചർച്ച ചെയ്യപ്പെട്ടു. ഒരർത്ഥത്തിൽ, പ്രാദേശികതലത്തിൽ ബി.എം.സി. കൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എല്ലാവിധ സഹകരണവും സമൂഹത്തിന്റെ നാനാതലങ്ങളിൽ നിന്നും ഉറപ്പാക്കുന്നതിനുകൂടി ഇത്തരം പരിപാടികൾ സഹായകമായി.



തനതു കന്നുകാലിയിനങ്ങളുടെ സംരക്ഷണം: ഏലപ്പുള്ളി പശുക്കളുടെ ഫാം സന്ദർശനം

2013-14 ൽ എല്ലാ ജില്ലകളിലേയും ബി.എം.സി. പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് അതാത് ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ ശാക്തീകരണ യോഗങ്ങൾ സംഘടിപ്പിച്ചു.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, ബോധവൽക്കരണത്തോടൊപ്പം അവർക്കുവേണ്ട പിന്തുണ കൂടി നൽകി അവരെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പിന്നീട് നടത്തിയത്.

- 2011-12 സാമ്പത്തിക വർഷത്തിൽ, ബി.എം.സി. കളുടെ ശാക്തീകരണത്തിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ ജില്ലാതലത്തിലും ബ്ലോക്കുതലങ്ങളിലും നടത്തുകയുണ്ടായി.

- ജൈവവൈവിധ്യ നിയമം അനുശാസിക്കുന്ന ചുമതലകൾ കൂടാതെ, കേരളത്തിലെ ബി.എം.സി. കൾ പ്രാദേശിക "പരിസ്ഥിതി കാവൽസംഘ"ങ്ങളായി പ്രവർത്തിക്കണമെന്ന അധിക ചുമതല കൂടി കേരള സർക്കാർ നൽകിയ (13-05-2013 തീയതിയിലെ ഉത്തരവ് (അച്ചടി) നം. 04/13/പരി.) (അനുബന്ധം 7) സാഹചര്യത്തിലാണ് ഇത്തരത്തിൽ ജില്ലാതല യോഗങ്ങൾ നടത്തിയത്. പ്രാദേശിക "പരിസ്ഥിതി കാവൽസംഘ"ങ്ങളായി ബി.എം.സി. കളുടെ പ്രവർത്തനങ്ങൾ എപ്രകാരമായിരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ പ്രസ്തുത യോഗങ്ങളിലൂടെ നൽകുകയുണ്ടായി.

## "പരിസ്ഥിതി കാവൽസംഘം" എന്ന നിലയിൽ ബി.എം.സി.കൾ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്

1. അതാത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ കൃത്യസമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ കൈക്കൊള്ളുക.

2. പ്രാദേശികമായി ഏറ്റവും താഴ്ന്ന തലത്തിൽ പ്രാഥമിക പരിസ്ഥിതി പരിപാലനം ജനകീയമായി നടപ്പിലാക്കുക.

3. പരിസ്ഥിതി നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ ഇവയുടെ ലംഘനം, പാരിസ്ഥിതിക ശോഷണം, മനുഷ്യ ജീവനും ആരോഗ്യത്തിനും ഭീഷണിയാകുന്നതോ/ആകാവുന്നതോ ആയ സ്ഥിതിവിശേഷം ഇവ ഉണ്ടാകുന്ന പക്ഷം നിയമാനുസൃതമായി മേൽനടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികളെ വിവരം അറിയിക്കുക.

4. പരിസ്ഥിതി പരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റി മുഖേന നടപ്പിലാക്കുക, പാരിസ്ഥിതിക അനുമതി വ്യവസ്ഥകൾ (ഉദാ: പാറമട, മണൽ ഖനനം, മുൻകൂർ പരിസ്ഥിതി അനുമതി നൽകപ്പെട്ടിട്ടുള്ള വികസന പദ്ധതികൾ) ലംഘിക്കപ്പെടുന്ന സന്ദർഭങ്ങളിൽ നിയമാനുസൃത അധികാരസ്ഥാനങ്ങളെ യഥാസമയം അറിയിക്കുക.

5. ആരോഗ്യകരമായ പരിസ്ഥിതിസംരക്ഷണവും ശുചിത്വവും ഉറപ്പാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുക.

6. ജലസ്രോതസ്സുകളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പാക്കുകയും പാരിസ്ഥിതിക ശോഷണം സംഭവിച്ചവയുടെ പുനരുജ്ജീവനത്തിനും സുസ്ഥിര സംരക്ഷണത്തിനും സാധ്യമായ ജനകീയ പദ്ധതികൾക്ക് മുൻകൈ എടുക്കുക.

7. പ്രാദേശിക തലത്തിൽ പരിസ്ഥിതി സംരക്ഷണ /ശുചീകരണ നടപടികൾക്ക് നേതൃത്വം നൽകുക.

8. പ്രാദേശികമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പരിസ്ഥിതി സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന് അവിടുത്തെ പരിസ്ഥിതി വിഷയങ്ങളെപ്പറ്റി ചർച്ചകൾ, സെമിനാറുകൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

9. പ്രദേശത്തെ പാരിസ്ഥിതിക അവസ്ഥ, പ്രകൃതി വിഭവങ്ങളുടെ അനധികൃത ചൂഷണം, ആവാസവ്യവസ്ഥകളുടെ തൽസ്ഥിതി മുതലായ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി ബന്ധപ്പെട്ടവരെ അറിയിക്കുക.

10. പ്രാഥമിക പരിസ്ഥിതി സംരക്ഷണ നടപടികൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് തദ്ദേശസ്ഥാപനത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

11. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ (ഉദാ: ജൈവകൃഷി, നാടൻ സസ്യ-ജന്തുവർഗ്ഗ സംരക്ഷണം, ബയോഗ്യാസ് ഉൽപ്പാദിപ്പിക്കൽ, മഴവെള്ളസംഭരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, സൗരോർജ്ജം മുതലായവ) നടപ്പിൽ വരുത്തുക.

2013–2014 ൽ കേരളത്തിലെ മലപ്പുറം, കോഴിക്കോട്, എറണാകുളം, കോട്ടയം, ഇടുക്കി, കാസർഗോഡ് തുടങ്ങി 7 ജില്ലകളിലായി 21 കാര്യക്ഷമതപരിപോഷണ പരിപാടികൾ സംഘടിപ്പിച്ചു. ജൈവവൈവിധ്യ പരിപാലന സമിതിയുടെ യോഗങ്ങളിൽ ഏകദേശം 110 ഓളം ബി.എം.സി അംഗങ്ങൾ പങ്കെടുക്കുകയും അവരുടെ അനുഭവങ്ങളും വിജയഗാഥകളും പങ്കുവയ്ക്കുകയും ചെയ്തു. മികച്ച ജൈവവൈവിധ്യ പരിപാലന സമിതിക്കുള്ള അവാർഡ് നേടിയ ബി.എം.സികളുടെ പ്രതിനിധികൾ ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ചുള്ള അവരുടെ അനുഭവങ്ങൾ യോഗത്തിൽ പങ്ക്വച്ചു.

## ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടി.എസ്.ജി.) രൂപീകരണം

ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ജൈവവൈവിധ്യരംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി, 2012-13 കാലയളവിൽ എല്ലാ ജില്ലകളിലും സാങ്കേതിക സഹായ സംഘം (TSG-Technical Support Group) രൂപീകരിച്ചു. അഞ്ചുപേരാണ് ഓരോ ജില്ലയിലേയും ടി.എസ്.ജി. യിൽ ഉൾപ്പെട്ടിട്ടുള്ളത്. വനം, കൃഷി, തോട്ടകൃഷി, മൃഗപരിപാലനം, മത്സ്യം തുടങ്ങിയ വകുപ്പുകൾ, വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ, സ്വയം ഭരണാധികാരമുള്ള ജില്ലാതല കൗൺസിലുകൾ, സർക്കാർ ഇതര സംഘടനകൾ (NGO), നാട്ടുവൈദ്യന്മാർ തുടങ്ങിയ മേഖലയിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതലത്തിലാണ് ടി.എസ്.ജി.കൾ പ്രവർത്തിക്കുന്നത്. ഫീസ് ശേഖരിക്കുക, നേട്ടങ്ങളുടെ പങ്കുവയ്ക്കൽ, പൈതൃക കേന്ദ്രങ്ങൾ, കാവുകൾ, ജലാശയങ്ങൾ എന്നിവയുടെ പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ടി.എസ്.ജി.യുടെ സഹായം ബി.എം.സി. യ്ക്ക് ലഭ്യമാകുന്നതാണ്. പി.ബി.ആറിൽ രേഖപ്പെടുത്തിയിട്ടുള്ള സസ്യങ്ങളെയും ജന്തുക്കളെയും ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയും അവയുടെ പ്രാദേശിക നാമത്തിൽ തരംതിരിച്ച് ആധികാരികമായി വിലയിരുത്തുന്നതിന് ടി.എസ്.ജി. സഹായിക്കുന്നതാണ്. ജൈവവൈവിധ്യ സംരക്ഷണത്തിനും പരിപാലനത്തിനും പ്രാദേശിക തലത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളെ പി.ബി.ആറിൽ ഉൾപ്പെടുത്തുന്നതിന് ടി.എസ്.ജി. യുടെ സഹായം ലഭിക്കുന്നതാണ്.



പി.ബി.ആർ. തയ്യാറാക്കൽ : ക്രോഡീകരണ ശിൽപശാല

“പരിസ്ഥിതി കാവൽസംഘം” എന്ന നിലയിൽ ബി.എം.സി. കൾക്കു ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സഹായ വിഭാഗങ്ങൾ (TSG-Technical Support Group) മുഖേന ലഭ്യമാകുന്നതാണ്.

- ടി.എസ്.ജി. രൂപീകരിച്ച അതേ കാലയളവിൽ തന്നെ ടി.എസ്.ജി. അംഗങ്ങൾ, ജില്ലാ കോർഡിനേറ്റർമാർ, പ്രോജക്ട് ഫെല്ലോമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു. സാങ്കേതിക സഹായ വിഭാഗങ്ങളുടെ (ടി.എസ്.ജി.) പ്രാദേശിക യോഗങ്ങൾ, ദക്ഷിണ മേഖല (4 ജില്ലകൾ), കേന്ദ്രമേഖല (5 ജില്ലകൾ), ഉത്തരമേഖല (5 ജില്ലകൾ) എന്നിങ്ങനെ മേഖലകൾ വേർതിരിച്ച് നടപ്പിലാക്കി.

# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ



ജൈവവൈവിധ്യത്തിന്റെയും സാംസ്കാരിക വൈവിവിധ്യത്തിന്റെയും നാടാണ് ഇന്ത്യ. പ്രകൃതിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന നിരവധി ആദിവാസി സമൂഹങ്ങൾ ഇവിടെ നിലനിൽക്കുന്നു. ഇത് കൂടാതെ പരമ്പരാഗത അറിവുകൾ സൂക്ഷിക്കുന്ന ധാരാളം കൃഷിക്കാരും, മീൻപിടുത്തക്കാരും, നാടോടികളും നമ്മുടെ രാജ്യത്തുണ്ട്. ആധുനിക ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ വളർച്ച പൊതുവിലും, ബയോടെക്നോളജിയിലും, വിവര സാങ്കേതിക വിദ്യയിലും ഉണ്ടായ വളർച്ച പ്രത്യേകിച്ചും ജൈവവൈവിധ്യത്തിന്റെയും അതിനോടനുബന്ധിച്ച നാട്ടറിവുകളുടെയും പ്രാധാന്യം വളരെയേറെ വർദ്ധിപ്പിച്ചു. ജൈവവൈവിധ്യത്തിന്റെയും, ജൈവവിഭവങ്ങളുടെയും, ബന്ധപ്പെട്ട നാട്ടറിവുകളുടെയും പ്രാധാന്യം ഇന്ന് വ്യക്തമായി അറിവുള്ളതാണ്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും സുസ്ഥിര ഉപയോഗത്തിന്റെയും ആദ്യത്തെപടി ഓരോ സ്ഥലത്തേയും ജൈവവൈവിധ്യം രേഖപ്പെടുത്തി സൂക്ഷിക്കുക എന്നുള്ളതാണ്. ജൈവവൈവിധ്യവും ബന്ധപ്പെട്ട നാട്ടറിവുകളും വിവിധ ആവാസവ്യവസ്ഥകളിലായി വ്യാപിച്ചുകിടക്കുന്നതുകൊണ്ടും വ്യത്യസ്ത നിയമവാഴ്ചയിൻ കീഴിലായിരിക്കുന്നതുകൊണ്ടും വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയും ഫലങ്ങളും വ്യത്യസ്തമായിരിക്കും.

**വിവിധ ആവാസവ്യവസ്ഥകളും, നാട്ടിൻപുറങ്ങളും, നഗരങ്ങളും, സംരക്ഷിത പ്രദേശങ്ങളും കണക്കിലെടുത്തുകൊണ്ട് പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

- ➢ തദ്ദേശ സ്വയംഭരണ സ്ഥാപന അതിർത്തിക്കുള്ളിലുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട ഒരു പ്രവർത്തനമാണിത്.
- ➢ രജിസ്റ്റർ തയ്യാറാക്കുമ്പോൾ പുരുഷൻമാരുടെയും സ്ത്രീകളുടെയും അറിവുകളും കാഴ്ചപ്പാടുകളും തുല്യപ്രാധാന്യത്തോടെ രേഖപ്പെടുത്തണം.
- ➢ ജനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക സഹായവിഭാഗത്തിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ഒത്തുനോക്കുകയും, വിശകലനം ചെയ്യുകയും, സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യണം.
- ➢ മുൻ അറിവുകൾ അത് പങ്കെടുത്ത വ്യക്തിയുടെ/സമൂഹത്തിന്റെ അറിവോടെയും അനുവാദത്തോടെയും മാത്രമാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്താവൂ.
- ➢ ഈ രേഖയ്ക്ക് ജൈവവൈവിധ്യ പരിപാലന സമിതി (BMC) അംഗീകാരം നൽകുകയും അതിനുശേഷം ഗ്രാമസഭ/ഗ്രാമപഞ്ചായത്ത്/പഞ്ചായത്ത് സമിതിയിൽ അറിയിക്കേണ്ടതാണ്. ഈ രജിസ്റ്റർ ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗത്തിനും, പരിപാലനത്തിനും വളരെയേറെ സഹായകമാകുന്നതാണ്. കൂടാതെ സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയ്ക്ക് പരിസ്ഥിതി ശാസ്ത്ര പഠനത്തിന് ഉപയോഗിക്കാവുന്ന ഒരു റഫറൻസ് പുസ്തകം കൂടിയാണിത്.
- ➢ പുതിയതായും, അധികമായും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ രേഖ പുതുക്കേണ്ടതാണ്.

### ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പങ്ക്

ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രധാന കർത്തവ്യം 2004 ലെ ജൈവവൈവിധ്യ ചട്ടങ്ങളിൽ ഇങ്ങനെ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്.

- ബി.എം.സി. യുടെ പരമപ്രധാനമായ ഉത്തരവാദിത്വം ജനങ്ങളുമായി ആശയവിനിമയം നടത്തി ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക എന്നതാണ്. പ്രദേശത്തെ ജൈവ സമ്പത്തിനെക്കുറിച്ച് വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം ഈ രജിസ്റ്റർ. ഔഷധമൂല്യങ്ങളുൾപ്പെടെ ജീവജാലങ്ങളെക്കൊണ്ടുള്ള മറ്റ് പ്രയോജനങ്ങളും ഉപയോഗ ങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- ജൈവവൈവിധ്യ ശേഖരണം, ഉപയോഗം തുടങ്ങിയവ സംബന്ധിച്ച് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സൂചിപ്പിക്കുന്ന കാര്യങ്ങളിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുക, നാട്ടിലെ ജൈവവിഭവങ്ങൾ പ്രയോജനപ്പെടുത്തുന്ന നാട്ടുവൈദ്യൻ മാർ, മറ്റ് വ്യക്തികൾ തുടങ്ങിയവരെക്കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുക തുടങ്ങിയവയാണ് ബി.എം.സി. യുടെ മറ്റു ചുമതലകളിൽപ്പെടുന്നത്.
- ജൈവവൈവിധ്യ വിവരശേഖരണത്തിൽ പങ്കാളികളാവുന്ന എല്ലാവരുടേയും വിശദ വിവര ങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

### ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ – നടപടിക്രമങ്ങൾ

ഇതിലേക്കുള്ള ഒന്നാമത്തെ ചുവട് വയ്പ് ഗ്രാമസഭകൾ വിളിച്ചുചേർത്ത് അതിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുക എന്നതാണ്. വിവരശേഖരണത്തിന് സഹായകമാകുന്ന ഗ്രാമത്തി ലുള്ള വിവിധ ജനവിഭാഗങ്ങളെ അവിടെവച്ച് തിരിച്ചറിയുക. ഒരു നഗരപ്രദേശത്തെ ജൈവവൈവിധ്യ മാണ് രേഖപ്പെടുത്തുന്നതെങ്കിൽ ജൈവവൈവിധ്യത്തിനു പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെ ത്തി വിവരശേഖരണം നടത്താവുന്നതാണ്. വിശദമായ ചോദ്യാവലിയിലൂടെയും, ചർച്ചകളി ലൂടെയും, അഭിമുഖത്തിലൂടെയുമൊക്കെ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. പുസ്തകങ്ങൾ, താളിയോലകൾ തുടങ്ങിയ സെക്കന്ററി റഫറൻസുകൾ അത്തരം വിവരങ്ങളുടെ മാറ്റുകൂട്ടുന്നു.

### 1. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട നാട്ടറിവ് രേഖപ്പെടുത്തൽ

ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വ്യക്തികളുടെ പക്കലുള്ള നാട്ടറിവ് രേഖപ്പെടുത്തുന്നത് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണ പ്രക്രിയയിലെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. പ്രാദേശിക ജൈവവൈവിധ്യത്തെ സംബന്ധിച്ചുള്ള നാട്ടറിവ് സൂക്ഷിപ്പുകാരിൽ നിന്നും അവർ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്ന വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. അതിനായി, അവരിൽ നിന്നും ഒരു സമ്മതപത്രം വാങ്ങേണ്ടതാണ്. മുൻപ് ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാ ത്തതുമായ ജൈവവൈവിധ്യത്തെക്കുറിച്ച് അറിവ് നൽകാൻ പ്രാപ്തരായ പ്രായമായ ആൾക്കാ രിൽ നിന്നും വിവരങ്ങൾ ശേഖരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചില സന്ദർഭങ്ങളിൽ പ്രത്യേക ജനവിഭാഗങ്ങളുടേയും, ഉപയോക്താക്കളുടേയും ചർച്ചതന്നെ വിവരശേഖരണത്തിന് വേണ്ടി വരും.

ജനങ്ങളുമായി ഉർജ്ജിതമായും സമഗ്രമായും കൂടിയാലോചിച്ച് ജനപങ്കാളിത്തത്തോടെ തയ്യാറാ ക്കേണ്ട ഒന്നാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ആ തദ്ദേശസ്വയം

ഭരണ പ്രദേശത്തിനുള്ളിലുള്ള എല്ലാവിഭാഗം ജനങ്ങളെയും, ഭരണസമിതി അംഗങ്ങളെയും, ബി.എം.സി.യേയും, കുട്ടികളെയും, അറിവുള്ള ആൾക്കാരേയും, ഈ പ്രവർത്തനവുമായി താൽപര്യമുള്ള മറ്റെല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗത്തിൽ വിശദീകരിക്കേണ്ടതുണ്ട്. രജിസ്റ്ററിൽ ഫോട്ടോഗ്രാഫുകൾ, ചിത്രങ്ങൾ, ദൃശ്യ-ശ്രവ്യ സാമഗ്രികൾ, മറ്റ് അച്ചടിച്ച രേഖകൾ എന്നിവയൊക്കെ ഉൾക്കൊള്ളിക്കാവുന്നതാണ്.

**2. വാർഡുതല വിവരശേഖരണത്തിനുള്ള വോളന്റിയേഴ്സ് ഗ്രൂപ്പുകൾ**
(Data Collection Volunteers–DCVs)

വാർഡ് മെമ്പർ ചെയർമാനായി, എല്ലാ വാർഡുകളിൽ നിന്നും 5 പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനെ തെരഞ്ഞെടുക്കുന്നു. വാർഡുമെമ്പറും, കൺവീനറും അതാത് വാർഡുകളിൽ നിന്നുള്ള വിവരശേഖരണ പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്നു.

**3. പഞ്ചായത്ത്തല റിസോഴ്സ് ഗ്രൂപ്പ് (RG)**

പഞ്ചായത്തിലെ താമസക്കാരായ മുതിർന്ന കർഷകർ, മീൻപിടുത്തക്കാർ, നാട്ടുവൈദ്യൻമാർ, പച്ചമരുന്നുകൾ ശേഖരിക്കുന്നവർ, മൃഗപരിപാലകർ, പക്ഷി വളർത്തുകാർ, മത്സ്യകർഷകർ, തടിയേതര വനവിഭവ ശേഖരണക്കാർ, ജൈവവൈവിധ്യമേഖലയിൽ അറിവും പരിചയവുമുള്ള മറ്റു വിദഗ്ദ്ധർ, അദ്ധ്യാപകർ, ഗവേഷകർ, തൊഴിലാളികൾ, സാമൂഹ്യപ്രവർത്തകർ, ഗ്രാമനേതാക്കൾ തുടങ്ങിയ വിഭാഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത്തല റിസോഴ്സ് ഗ്രൂപ്പ് രൂപികരിക്കുന്നു. ഈ ഗ്രൂപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ടവരിൽ നിന്നും അവരുടെ വസതികൾ സന്ദർശിച്ചുമാണ് വാർഡുതല വിവരശേഖരണം പ്രധാനമായും നടത്തേണ്ടത്. പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുമായി കൂടിയാലോചിച്ചാണ് ബി.എം.സി. ഈ ഗ്രൂപ്പ് രൂപീകരിക്കേണ്ടത്.

**4. പി.ബി.ആർ. കോർഡിനേറ്റർ നിയമനം**

ബോർഡിന്റെയും സാങ്കേതിക സഹായ ഗ്രൂപ്പിന്റെയും നിർദ്ദേശാനുസരണം ബി.എം.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ജൈവവൈവിധ്യ രജിസ്റ്റർ പൂർണ്ണമായും തയ്യാറാക്കപ്പെട്ട് കഴിയും വരെ ആ പ്രവർത്തനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നതിനുമായി ഒരു കോർഡിനേറ്ററെ, ജില്ലാ കോർഡിനേറ്ററുടെ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ട് ജൈവവൈവിധ്യപരിപാലന സമിതി നിയമിക്കേണ്ടതാണ്.

**5. പരിശീലന പരിപാടികൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയംഗങ്ങൾ, ബി.എം.സി., ടി.എസ്.ജി., ആർ.ജി. എന്നിവയിലെ അംഗങ്ങൾക്കായി ഒരു ഏകദിന പരിശീലന പരിപാടി (ഉദ്ദേശം 50 പേർ). ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ആയിരിക്കും പരിശീലനം നൽകുക.
- പി.ബി.ആർ. കോർഡിനേറ്റർ, വാർഡുതല വിവിരശേഖരണ വോളന്റിയർമാർ എന്നിവർക്കായി (ഒരു വാർഡിൽ നിന്നും 3-5 പേർ വീതം) ഏകദിന പരിശീലനം.

**6. വാർഡുതല വിവരശേഖരണം**

പരിശീലനം ലഭിച്ച വാർഡുതല വോളന്റിയേഴ്സ് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ അതാത് വാർഡുകളിൽ നിന്ന് അവിടെയുള്ള മുഴുവൻ ജൈവവൈവിധ്യവും അവയുമായി ബന്ധപ്പെട്ട

നാട്ടറിവുകളും ശേഖരിച്ച് നിശ്ചിത ഫോറങ്ങളിൽ രേഖപ്പെടുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാത്തരം ആവാസകേന്ദ്രങ്ങളിലുമുള്ള സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഇത്തരത്തിൽ രേഖപ്പെടുത്തുന്നു.

### 7. വിവരങ്ങളുടെ ക്രോഡീകരണം

വാർഡുകളിൽ നിന്നും ശേഖരിക്കപ്പെട്ട വിവരങ്ങൾ പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ തലത്തിൽ, അതിനായി പ്രത്യേകം തയ്യാറാക്കപ്പെട്ട ഫോറങ്ങളിലായി ക്രോഡീകരിക്കുന്നു. ഈ പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി, ബി.എം.സി. അംഗങ്ങളും വാർഡുതല വോളന്റിയർ ഗ്രൂപ്പ് കൺവീനർമാരും, ടി.എസ്.ജി. അംഗങ്ങളും പങ്കെടുക്കുന്ന ഒരു ക്രോഡീകരണ ശിൽപ്പശാല സംഘടിപ്പിക്കുന്നു. തുടർന്ന് ക്രോഡീകരണ പ്രക്രിയ പൂർത്തീകരിക്കുന്നു.

### 8. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ

നിശ്ചിത ഫോറങ്ങളിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങൾ, അനുബന്ധ ഫോട്ടോഗ്രാഫുകൾ, ഓഡിയോ-വീഡിയോ സിഡികൾ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജൈവ വൈവിധ്യ രജിസ്റ്ററായി തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. എല്ലാ സ്റ്റഡി ഗ്രൂപ്പുകളും ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കുമ്പോൾ, ആവർത്തനങ്ങൾ ഒഴി വാക്കി ഒരു സ്പീഷിസിന്/ ജൈവജാതിയിനത്തിന് ഒരു ഫോറം എന്ന തരത്തിൽ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നു.

ഓരോ സ്റ്റഡി ഗ്രൂപ്പും വിവരശേഖരണം നടത്തുമ്പോൾ, വിവിധ വിഭാഗങ്ങളിലുള്ള വിവരശേഖരണം വിവിധ അംഗങ്ങളുടെ ചുമതലയിൽ നടത്തുന്നതായിരിക്കും ഉചിതം. നേരിട്ട് വിവരം ശേഖരിക്കു മ്പോൾ അവ ഫോറത്തിൽ പൂരിപ്പിക്കേണ്ടതില്ല. മറിച്ച്, ഓരോ സ്റ്റഡി ഗ്രൂപ്പ് അംഗവും മുഴുവൻ വിവര ങ്ങളും ഒരു നോട്ടുബുക്കിൽ, ക്രമമായി എഴുതിയെടുക്കുകയാണ് വേണ്ടത്. വിവരശേഖരണ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ അംഗവും ശേഖരിച്ച വിവരങ്ങൾ ഫോറങ്ങളിൽ പൂരിപ്പിച്ച് ഗ്രൂപ്പ് ലീഡറെ ഏൽപ്പിക്കണം. എല്ലാ ഫോറങ്ങളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി യിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടത് ഗ്രൂപ്പ് ലീഡറാണ്. എല്ലാ വാർഡുകളിലെയും സ്റ്റഡിഗ്രൂപ്പ് ലീഡർമാർ ഈ ഫോറങ്ങൾ പി.ബി.ആർ. കോ-ഓർഡിനേറ്ററെ ഏൽപ്പിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സാങ്കേതിക സഹായ വിഭാഗ അംഗങ്ങളുടെ സഹായത്തോടെ മുഴുവൻ വിവരങ്ങളും, ആവർത്തനങ്ങൾ ഒഴിവാക്കി, ക്രോഡീകരിക്കപ്പെട്ട നിലയിൽ ഫോറങ്ങളിലാക്കി രജിസ്റ്റർ രൂപത്തിലാക്കുന്ന ചുമതല പി.ബി.ആർ. കോ-ഓർഡിനേറ്ററിൽ നിക്ഷിപ്തമാണ്. ജില്ല യിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ക്രോഡീകരിക്കപ്പെട്ട നിലയിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പൂർണ്ണ രൂപത്തിൽ തയ്യാറാക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതലയാണ്.

**ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ**



പൂവാർ ഗ്രാമപഞ്ചായത്ത്



വളാഞ്ചേരി ഗ്രാമപഞ്ചായത്ത്



# ബി.എം.സി. കളുടെ പ്രവർത്തനം – ഒരു അവലോകനം

2002 ലെ ജൈവവൈവിധ്യ ആക്ടനുസരിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ച ആദ്യഘട്ട ബി.എം.സി. കളുടെ കാലാവധി 2015 ൽ പൂർത്തിയായി. ബി.എം.സി. കൾക്ക് അവരുടെ പ്രവർത്തന മേഖലയെക്കുറിച്ചും, നിയമപരമായ ചുമതലകളെക്കുറിച്ചും തുടക്കം മുതൽ തന്നെ വിവിധ ബോധവൽക്കരണ ക്ലാസ്സുകളും ശാക്തീകരണ പ്രവർത്തനങ്ങളും ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 82 ശതമാനം ബി.എം.സി. കളും അവരുടെ അധികാരപരിധിയിലുൾപ്പെടുന്ന പ്രദേശത്തെ ജൈവവൈവിധ്യം തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും ബി.എം.സി. കളിൽ ബഹുഭൂരിപക്ഷവും അവരുടെ ചുമതലകൾ നിറവേറ്റുന്ന കാര്യത്തിൽ ശൈശവഘട്ടത്തിൽ തന്നെയാണ് ഇന്നും നിലകൊള്ളുന്നത്. സംസ്ഥാനത്തെ ആകെ 1043 ബി. എം.സി. കളുടെയും (ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു) മൊത്തത്തിലുള്ള പ്രവർത്തനം വിലയിരുത്തുന്നതിനു വേണ്ടി സമഗ്രമായ ഒരു പഠനം തന്നെ ബോർഡ് നടത്തുകയുണ്ടായി.

**പട്ടിക 1 – സംസ്ഥാനത്തെ ബി.എം.സി. കൾ ജില്ലാടിസ്ഥാനത്തിൽ**

| ക്രമ നം. | ജില്ല | ഗ്രാമപഞ്ചായത്ത് ബി.എം.സി. കളുടെ എണ്ണം | മുനിസിപ്പാലിറ്റി ബി.എം.സി. കളുടെ എണ്ണം | കോർപ്പറേഷൻ ബി.എം.സി. കളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 73 | 4 | 1 |
| 2 | കൊല്ലം | 70 | 3 | 1 |
| 3 | പത്തനംതിട്ട | 54 | 3 | – |
| 4 | ആലപ്പുഴ | 73 | 5 | – |
| 5 | കോട്ടയം | 73 | 4 | – |
| 6 | ഇടുക്കി | 53 | 1 | – |
| 7 | എറണാകുളം | 84 | 11 | 1 |
| 8 | തൃശ്ശൂർ | 88 | 6 | 1 |
| 9 | പാലക്കാട് | 91 | 4 | – |
| 10 | മലപ്പുറം | 100 | 7 | – |
| 11 | കോഴിക്കോട് | 75 | 2 | 1 |
| 12 | വയനാട് | 25 | 1 | – |
| 13 | കണ്ണൂർ | 81 | 6 | – |
| 14 | കാസർഗോഡ് | 38 | 3 | – |
| | ആകെ | 978 | 60 | 5 |

ബി.എം.സി. കളുടെ പ്രവർത്തനാവലോകനം നടത്തുന്നതിന് പ്രയോജനപ്രദമാകും വിധം ഒരു ചോദ്യാവലി തയ്യാറാക്കി ഓരോ ജില്ലകളിലെയും ബോർഡിന്റെ പ്രോജക്ട് ഫെല്ലോമാർ വഴി

ബി.എം.സി. കളിൽ നിന്നും അഭിപ്രായമെടുത്തു. ചോദ്യാവലിയിലെ (അനുബന്ധം 10) ഓരോ ചോദ്യവും ബി.എം.സി. യുടെ ഘടന, ചുമതലകൾ, ബോധവൽക്കരണത്തിന്റെ ആവശ്യകത എന്നിവയെപ്പറ്റി ബി.എം.സി. കൾക്കുള്ള ധാരണ എത്രമാത്രമാണെന്ന് മനസ്സിലാക്കുവാൻ തക്കവിധമാണ് തയ്യാറാക്കിയിരുന്നത്. ഓരോ ബി.എം.സി. യും ചോദ്യാവലിക്ക് നൽകിയ മറുപടി വിശകലനം ചെയ്യുകയും, അതിൻ പ്രകാരം അവരുടെ പ്രവർത്തനം എപ്രകാരമായിരുന്നെന്ന് വിലയിരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഭാവിയിൽ ബി.എം.സി. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അവരിൽ നിന്നുള്ള നിർദ്ദേശങ്ങളും ചോദ്യാവലിയിൽ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ബി.എം.സി. കൾക്ക് അവരുടെ പ്രവർത്തനകാലയളവിൽ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രശ്നങ്ങൾ, അവരുടെ അധികാരപരിധിയിൽ കൈകാര്യം ചെയ്തിട്ടുള്ള പാരിസ്ഥിതിക-ജൈവ വൈവിധ്യ പ്രശ്നങ്ങൾ, ബി.എം.സി. യുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ മറ്റു സഹായങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ബി.എം.സി. കളിൽ നിന്നും നേരിട്ട് പ്രതികരണം അറിയുന്നതിനുംഇത്തരമൊരു പഠനത്തിലൂടെ സാധിച്ചു. 2015 നവംബർ വരെയുള്ള കാലയളവിലുള്ള ബി.എം.സി. പ്രവർത്തനങ്ങളാണ് പ്രധാനമായും പഠനവിധേയമാക്കിയത്.

### പ്രവർത്തനാവലോകനം

കേരളത്തിലെ 1043 ബി.എം.സി. കളുടെയും കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനാവലോകനം നടത്തുന്നതിനു വേണ്ടിയുള്ള വിവരശേഖരണത്തിനാവശ്യമായ ചോദ്യാവലി എല്ലാ ജില്ലകളിലെയും ബി.എം.സി. ചെയർപേഴ്സൺ/സെക്രട്ടറിക്ക് നൽകുകയും, അതിലൂടെ ലഭ്യമായ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സമഗ്രമായ പഠനം നടത്തുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ 72 ശതമാനം ബി.എം.സി. കൾ ബോർഡു നടത്തിയ ഈ പഠനത്തോട് സഹകരിക്കുകയുണ്ടായി. ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ മാത്രമാണ് 60 ശതമാനത്തിൽ താഴെ ബി.എം.സി. കൾ വിവരശേഖരണത്തിൽ സഹകരിച്ചത്. ബോർഡിന്റെ ചോദ്യാവലിയോട് പ്രതികരിച്ച ബി.എം.സി. കളെപ്പറ്റിയുള്ള വിശദാംശങ്ങൾ ശതമാനക്കണക്കിൽ ജില്ലാടിസ്ഥാനത്തിൽ പട്ടിക 2 ൽ ചേർക്കുന്നു.




എടവക ഗ്രാമപഞ്ചായത്ത് ബി.എം.സി. യുടെ തനതുകിഴങ്ങിനങ്ങളുടെ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കുട്ടികൾ വിളവെടുപ്പ് നടത്തുന്നു

| പട്ടിക 2 – പ്രവർത്തനാവലോകനം സംബന്ധിച്ച ചോദ്യാവലിയിലൂടെ വിവരങ്ങൾ ലഭ്യമാക്കിയ ബി.എം.സി. കൾ ജില്ലാടിസ്ഥാനത്തിൽ | | | |
|---|---|---|---|
| ക്രമ നം. | ജില്ല | ആകെ ബി.എം.സി. കളുടെ എണ്ണം | ചോദ്യാവലിയിലൂടെ വിവരങ്ങൾ ലഭ്യമാക്കിയ ബി.എം.സി. കൾ |
| 1 | തിരുവനന്തപുരം | 78 | 95% |
| 2 | കൊല്ലം | 74 | 89% |
| 3 | പത്തനംതിട്ട | 57 | 75% |
| 4 | ആലപ്പുഴ | 78 | 40% |
| 5 | കോട്ടയം | 77 | 27% |
| 6 | ഇടുക്കി | 54 | 93% |
| 7 | എറണാകുളം | 96 | 68% |
| 8 | തൃശ്ശൂർ | 95 | 83% |
| 9 | പാലക്കാട് | 95 | 79% |
| 10 | മലപ്പുറം | 107 | 50% |
| 11 | കോഴിക്കോട് | 78 | 83% |
| 12 | വയനാട് | 26 | 100% |
| 13 | കണ്ണൂർ | 87 | 84% |
| 14 | കാസർഗോഡ് | 41 | 63% |
| | **ആകെ** | **1043** | **72%** |



**പി.ബി.ആർ. തയ്യാറാക്കൽ**

2002 ലെ ജൈവവൈവിധ്യ ആക്ടനുസരിച്ച് ബി.എം.സി. കളുടെ പരമപ്രധാനമായ കർത്തവ്യമാണ് പി.ബി.ആർ. തയ്യാറാക്കൽ. സംസ്ഥാനത്തെ 1043 ബി.എം.സി. കളിൽ, 811 ബി.എം.സി. കൾ, കഴിഞ്ഞ 5 വർഷക്കാലയളവിൽ അവരുടെ അധികാരപരിധിയിലുൾപ്പെടുന്ന പ്രദേശത്തെ ജൈവവൈവിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ പ്രഥമ ബി.എം.സി. കളുടെ നേതൃത്വത്തിൽ 78 ശതമാനം പി.ബി.ആറും തയ്യാറാക്കുവാൻ സാധിച്ചത് ഒരു പ്രധാന നേട്ടമായിട്ട് കണക്കാക്കാവുന്നതാണ്. പി.ബി.ആർ. തയ്യാറാക്കൽ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണെങ്കിൽ, എല്ലാ ജില്ലകളും മികച്ച പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് 95 ശതമാനവും, ആലപ്പുഴ ജില്ലയിൽ 90 ശതനമാനവും ബി.എം.സി. കൾ പഠന കാലയളവിൽ പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ഒഴികെ മറ്റു ജില്ലകളിലെല്ലാം 60 ശതമാനത്തിൽപ്പരം ബി.എം.സി. കൾ പി.ബി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പി.ബി.ആർ. തയ്യാറാക്കലിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ പട്ടിക 3 ൽ ചേർത്തിരിക്കുന്നു.

വയനാട് ജില്ലയിലെ എല്ലാ ബി.എം.സി. കളും 2014 ൽ തന്നെ പൂർണ്ണമായും പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞു.

**പട്ടിക 3 – 2009 മുതൽ 2015 വരെ പി.ബി.ആർ. പൂർത്തീകരിച്ച ബി.എം.സി. കൾ**

| ക്രമ നം. | ജില്ല | പി.ബി.ആർ. തയ്യാറാക്കിയ ബി.എം.സി. കളുടെ എണ്ണം | പി.ബി.ആർ. തയ്യാറാക്കിയ ബി.എം.സി.കൾ (%) |
|---|---|---|---|
| 1 | തിരുവനന്തപുരം | 74 | 95% |
| 2 | കൊല്ലം | 66 | 74% |
| 3 | പത്തനംതിട്ട | 51 | 89% |
| 4 | ആലപ്പുഴ | 70 | 90% |
| 5 | കോട്ടയം | 57 | 74% |
| 6 | ഇടുക്കി | 47 | 87% |
| 7 | എറണാകുളം | 63 | 66% |
| 8 | തൃശ്ശൂർ | 80 | 84% |
| 9 | പാലക്കാട് | 54 | 57% |
| 10 | മലപ്പുറം | 72 | 67% |
| 11 | കോഴിക്കോട് | 57 | 73% |
| 12 | വയനാട് | 26 | 100% |
| 13 | കണ്ണൂർ | 61 | 61% |
| 14 | കാസർഗോഡ് | 33 | 80% |
| | ആകെ | 811 | 78% |




ഓരോ ബി.എം.സി. കൾക്കും അവരുടെ അധികാര പരിധിയിലുൾപ്പെടുന്ന പ്രദേശത്തെ പി.ബി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ ഫണ്ട് പര്യാപ്തമാക്കുന്നതിന് ബോർഡിന്റെ അഭ്യർത്ഥനപ്രകാരം, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയതിന്റെ ഫലമായാണ് സംസ്ഥാനത്തെ 78% ബി.എം.സി. കളിലും പി.ബി.ആർ. തയ്യാറാക്കുവാൻ സാധിച്ചത്. തുടക്കത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 70,000/- രൂപാ വരെ പി.ബി.ആർ. തയ്യാറാക്കുന്നതിലേക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും (24-02-2010 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 618/2010 ത.സ്വ.ഭ.വ.(അനുബന്ധം 2) പിന്നീട്, ഈ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കി, 1.25 ലക്ഷം, 2.50 ലക്ഷം, 5 ലക്ഷം എന്നിങ്ങനെ വർദ്ധിപ്പിച്ച് യഥാക്രമം പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും പരാമവധി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു (30-11-2013 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം. 2945/2013/തസ്വഭവ)(അനുബന്ധം 8). ഇത്തരത്തിൽ സർക്കാർ അനുമതി ലഭ്യമായപ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പി.ബി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും, ഭരണാനുമതി നൽകി ബി.എം.സി. കളോട് സഹകരിക്കുകയും ചെയ്തതുകൊണ്ടാണ് ഇത്തരത്തിലൊരു നേട്ടം സാധ്യമായത്. പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും എല്ലാവിധ സാങ്കേതിക പിന്തുണയും നൽകിക്കൊണ്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബി.എം.സി. കളോടൊപ്പം ഉണ്ടായിരുന്നു.

ഗ്രാമപഞ്ചായത്ത് ബി.എം.സി. കളിൽ 82 ശതമാനവും, മുനിസിപ്പൽ, കോർപ്പറേഷൻ ബി.എം.സി. കളിൽ 20 ശതമാനം വീതവും പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

| പട്ടിക 4 – 2009 മുതൽ 2015 വരെ പി.ബി.ആർ. പൂർത്തീകരിച്ച ബി.എം.സി. കൾ (വിവിധതലങ്ങളിൽ) | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | പി.ബി.ആർ. തയ്യാറാക്കിയഗ്രാമപഞ്ചായത്ത് ബി.എം.സി. കൾ | പി.ബി.ആർ. തയ്യാറാക്കിയമുനിസിപ്പൽ ബി.എം.സി. കൾ | പി.ബി.ആർ. തയ്യാറാക്കിയകോർപ്പറേഷൻ ബി.എം.സി. കൾ |
| 1 | തിരുവനന്തപുരം | 99% | 50% | – |
| 2 | കൊല്ലം | 93% | – | 100% |
| 3 | പത്തനംതിട്ട | 93% | 33% | ഇല്ല |
| 4 | ആലപ്പുഴ | 95% | 20% | ഇല്ല |
| 5 | കോട്ടയം | 78% | – | ഇല്ല |
| 6 | ഇടുക്കി | 87% | 100% | ഇല്ല |
| 7 | എറണാകുളം | 73% | 18% | – |
| 8 | തൃശ്ശൂർ | 91% | – | – |
| 9 | പാലക്കാട് | 59% | – | ഇല്ല |
| 10 | മലപ്പുറം | 71% | 14% | ഇല്ല |
| 11 | കോഴിക്കോട് | 76% | 50% | – |
| 12 | വയനാട് | 100% | 100% | ഇല്ല |
| 13 | കണ്ണൂർ | 74% | 17% | ഇല്ല |
| 14 | കാസർഗോഡ് | 84% | 33% | ഇല്ല |
| | ആകെ | 82% | 20% | 20% |



| പട്ടിക 5 – പി.ബി.ആർ. പൂർത്തീകരിച്ച ബി.എം.സി. കൾ (വിവിധതലത്തിൽ) 2017 | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | പി.ബി.ആർ. തയ്യാറാക്കിയഗ്രാമപഞ്ചായത്ത് ബി.എം.സി. കൾ | പി.ബി.ആർ. തയ്യാറാക്കിയ മുനിസിപ്പൽ ബി.എം.സി. കൾ | പി.ബി.ആർ. തയ്യാറാക്കിയകോർപ്പറേഷൻ ബി.എം.സി. കൾ |
| 1 | തിരുവനന്തപുരം | 72 | 4 | 1 |
| 2 | കൊല്ലം | 64 | 3 | 1 |
| 3 | പത്തനംതിട്ട | 49 | 3 | – |
| 4 | ആലപ്പുഴ | 70 | 2 | – |
| 5 | കോട്ടയം | 60 | 2 | – |
| 6 | ഇടുക്കി | 46 | 2 | – |
| 7 | എറണാകുളം | 64 | 5 | – |
| 8 | തൃശ്ശൂർ | 80 | 1 | – |
| 9 | പാലക്കാട് | 55 | 1 | – |
| 10 | മലപ്പുറം | 73 | 5 | – |
| 11 | കോഴിക്കോട് | 62 | 4 | – |
| 12 | വയനാട് | 23 | 3 | – |
| 13 | കണ്ണൂർ | 60 | 2 | – |
| 14 | കാസർഗോഡ് | 33 | 1 | – |
| | ആകെ | 811 | 38 | 2 |

**പി.ബി.ആർ. തയ്യാറാക്കാൻ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ**

2015 നവംബർ വരെയുള്ള കണക്കനുസരിച്ച്, കേരളത്തിലെ 1043 ബി.എം.സി. കളിൽ 811 ബി.എം.സി. കൾ പി.ബി.ആർ. തയ്യാറാക്കി ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. 102 ബി.എം.സി. കളിൽ പി.ബി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ശേഷിക്കുന്ന 130 ബി.എം.സി. കൾ പി.ബി.ആർ. തയ്യാറാക്കി തുടങ്ങിയിട്ടില്ല. പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള ഭരണാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാതിരിക്കുക, ഫണ്ടിന്റെ അപര്യാപ്തത, പി.ബി.ആറിന്റെ ആവശ്യകതയെക്കുറിച്ച് അറിവില്ലായ്മ തുടങ്ങിയവയാണ് പി.ബി.ആർ. തയ്യാറാക്കാത്തതിനുള്ള പ്രധാന കാരണങ്ങളായി ഇത്തരം ബി.എം.സി. കൾ പറയുന്നത്.

**പി.ബി.ആർ. സൂക്ഷിപ്പ്, പി.ബി.ആർ. പുതുക്കൽ**

കേന്ദ്ര ജൈവവൈവിധ്യ ആക്ട്, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ എന്നിവ പ്രകാരം പി.ബി.ആർ. തയ്യാറാക്കുന്നതോടൊപ്പം അതിൽ രേഖപ്പെടുത്തിയുട്ടുള്ള വിവരങ്ങൾ പുറമെയുള്ള ഏജൻസികൾക്കോ വ്യക്തികൾക്കോ പ്രാപ്യമാകാതെ സംരക്ഷിക്കേണ്ട ചുമതല അതാത് ബി.എം.സി. കൾക്കാണ്. ബി.എം.സി. കൾക്കിടയിൽ നടത്തിയ പ്രവർത്തനാവലോകന പഠനത്തിൽ നിന്നും ഇതുവരെ തയ്യാറാക്കിയ പി.ബി.ആറുകൾ അതാതിടങ്ങളിലെ ബി.എം.സി. കളുടെ മേൽനോട്ടത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്.

ബി.എം.സി. കളുടെ മേൽനോട്ടത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക പിന്തുണയോടുകൂടി, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നിർദ്ദിഷ്ട ഫോറങ്ങളിലാണ്

സംസ്ഥാനത്ത് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഒരു പ്രദേശത്തെ ജൈവ വൈവിധ്യവും ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും, ജൈവവിഭവങ്ങളുടെ ഉപയോഗങ്ങളും, ഉപയോഗരീതിയും മറ്റുമാണ് ഓരോ പി.ബി.ആറിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം രജിസ്റ്ററുകൾ പ്രാദേശികമായി തയ്യാറാക്കപ്പെടുന്നതിനാൽ അവിടുത്തെ ജനങ്ങളുടെ സഹകരണത്തോടെയാണ് ബി.എം.സി. കൾ ഇവ തയ്യാറാക്കുന്നത്. അതുകൊണ്ടാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ എന്നപേരിൽ ഇവ അറിയപ്പെടുന്നത്. ബി.എം.സി. കൾക്കിടയിലെ അവലോകന സർവ്വേയിൽ 50 ശതമാനത്തിൽപ്പരം ബി.എം.സി. കളും നിലവിലെ പി.ബി.ആർ. ശാസ്ത്രീയപരമായി പുതുക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ 80 ശതമാനത്തിൽപ്പരം ബി.എം.സി. കളും നിലവിലെ പി.ബി.ആർ. മാതൃകയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കണമെന്ന് അഭിപ്രായപ്പെടുന്നു. കാവുകൾ, കണ്ടൽക്കാടുകൾ, എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തണമെന്നും, പി.ബി.ആർ. വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിക്കത്തക്കവിധത്തിലാവണം അവ പുതുക്കേണ്ടതെന്നും ഭൂരിപക്ഷം ബി.എം.സി. കളും ആവശ്യപ്പെടുന്നുണ്ട്.

സംസ്ഥാനത്ത് 78% പി.ബി.ആറും പൂർത്തീകരിച്ച സാഹചര്യത്തിൽ അവയെ പ്രാദേശിക ജൈവ വൈവിധ്യത്തെ സംബന്ധിച്ച പ്രഥമ റിക്കോർഡായി കണക്കാക്കി, ശാസ്ത്രീയ വിശകലനം നടത്തി പുതുക്കുന്നതിനുള്ള നടപടികൾ വരുംവർഷങ്ങളിൽ കൈക്കൊള്ളുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ബി.എം.സി. കൾക്ക് അവരുടെ അധികാരപരിധിയിൽ വരുന്ന ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളിലെ കോർഡിനേറ്റർമാർ, ബി.എം.സി. തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് എന്നിവരെ ഉൾപ്പെടുത്തി പി.ബി.ആർ. പുതുക്കൽ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർ, പ്രോജക്ട് ഫെല്ലോമാർ എന്നിവരുടെ സഹകരണത്തോടെ, അതാത് ജില്ലകളിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ സഹായവും ഇതിനായി വിനിയോഗിക്കുന്നതാണ്.

### പി.ബി.ആറിലെ വിവരങ്ങളുടെ സൂക്ഷിപ്പ്

ജൈവവൈവിധ്യ രജിസ്റ്ററിന്റെ സൂക്ഷിപ്പുകാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കളാണ്. രജിസ്റ്ററിലെ ജൈവവൈവിധ്യത്തെയും ജൈവവിഭവങ്ങളെയും സംബന്ധിച്ച വിവരങ്ങളും പരമ്പരാഗത വിജ്ഞാനവും പുറമെയുള്ള വ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്യമാകാതെ സംരക്ഷിക്കേണ്ട ചുമതലയും ഇവരിൽ നിക്ഷിപ്തമാണ്. പി.ബി.ആർ. പരിപാലനത്തിൽ ജൈവവൈവിധ്യ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പരിപാലിക്കുകയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡോ സംസ്ഥാന സർക്കാരോ അതാത് വിഷയങ്ങളിൽ ബാധകമാകുന്ന രീതിയിൽ അനുവദിച്ച പ്രകാരം മാത്രമേ പി.ബി.ആറിലെ വിവരങ്ങൾ പുറമേയുള്ള വ്യക്തികൾക്കോ ഏജൻസികൾക്കോ പ്രാപ്യമാക്കാൻ പാടുള്ളൂ (07/02/2013 ലെ പരിസ്ഥിതി വകുപ്പ് സർക്കുലർ നം.3784/A2/12) (അനുബന്ധം 6). ജൈവവിഭവങ്ങൾ വാണിജ്യപരമായ ഉപയോഗത്തിനോ, ജൈവവ്യാപ്തി നിർണ്ണയത്തിനോ, ജൈവഉപയോഗത്തിനോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മുൻകൂർ അനുമതി ലഭ്യമാകാതെ കൈവശപ്പെടുത്തരുത് (ജൈവവൈവിധ്യ ആക്ട് വകുപ്പ് (7)).എന്നാൽ തദ്ദേശവാസികൾ, നാട്ടുവൈദ്യന്മാർ, ഹക്കിമുകൾ എന്നിവർക്ക് ഈ നിയമം ഇളവ് ചെയ്തിട്ടുണ്ട്.

പി.ബി.ആറിലെ ജൈവവിഭവങ്ങളെക്കുറിച്ചുള്ള അറിവും വിശദാംശങ്ങളും ആർക്കൊക്കെ പ്രാപ്യമാക്കി എന്നുള്ളത്, ശേഖരണഫീസ് ചുമത്തൽ, നേട്ടങ്ങളും അവയുടെ പങ്കുവയ്ക്കലും തുടങ്ങിയ

വിവരങ്ങളുടെ ഒരു രജിസ്റ്റർ ബി.എം.സി. സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ ബി.എം.സി. ചെയർമാനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരു വ്യക്തിയോ സൂക്ഷിക്കേണ്ടതാണ്. മറ്റൊരു വ്യക്തിയിൽ സൂക്ഷിപ്പ് നിക്ഷിപ്തമാകുമ്പോൾ ജൈവവൈവിധ്യ ആക്ട് 2002, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ അനുസരിക്കാൻ ആ വ്യക്തി ബാധ്യസ്ഥനാണ്.

### ബി.എം.സി. യോഗം ചേരലും വാർഷിക റിപ്പോർട്ട് സമർപ്പിക്കലും

മൂന്നു മാസത്തലൊരിക്കൽ ഒരെണ്ണം എന്ന നിലയിൽ കുറഞ്ഞത് നാല് ബി.എം.സി. യോഗങ്ങളെങ്കിലും ഒരു വർഷത്തിൽ കൂടണമെന്നാണ് ജൈവവൈവിധ്യ ആക്ട് നിഷ്കർഷിക്കുന്നത്. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വേണം. എന്നാൽ ബി.എം.സി. കളുടെ പ്രവർത്തനാവലോകനം നടത്തിയതിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ബഹുഭൂരിപക്ഷം ബി.എം.സി. കളും പി.ബി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടാണ് യോഗം ചേർന്നിട്ടുള്ളത്.

ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിൽ മാത്രമാണ് താരതമ്യേന കൂടുതൽ (33 ശതമാനത്തോളം) ബി.എം.സി. കൾ യോഗം ചേർന്നിട്ടുള്ളത്. മറ്റു ജില്ലകളിലെല്ലാം 20 ശതമാനത്തിൽ താഴെ ബി.എം.സി. കൾ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ബി.എം.സി. കളുടെ ചുമതലകളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതാണ് യോഗം ചേരുന്നതിനുള്ള തടസ്സമായി മിക്ക ബി.എം.സി. കളും പറയുന്നത്.

കൂടാതെ, യോഗ നടപടികൾ കൈക്കൊള്ളുന്നതിന് ബോർഡിന്റെ ഭാഗത്തു നിന്നും അതാത് സമയങ്ങളിൽ നിർദ്ദേശം ലഭിക്കണമെന്നും ബി.എം.സി. കൾ അഭിപ്രായപ്പെടുന്നു. ആയതിനാൽ, 2016 ൽ ബി.എം.സികൾ പുനർരൂപീകരിച്ചതിനു ശേഷം ഓരോ ജില്ലയിലെയും ബോർഡിന്റെ ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ബി.എം.സി. ശാക്തീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രോജക്ട് ഫെല്ലോമാർക്കും ബി.എം.സി. കളുടെ പ്രവർത്തന മേൽനോട്ടം നൽകി, ശാക്തീകരണ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ത്വരിതപ്പെടുത്തുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ഓരോ ബി.എം.സി. യും അവരുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമർപ്പിക്കണം എന്നുള്ളത് അവരുടെ നിയമപരമായ ദൗത്യമാണ്. എന്നാൽ കേരളത്തിലെ ഒന്നാംഘട്ട ബി.എം.സി. കളിൽ ബഹിഭൂരിപക്ഷവും അവരുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 2013-14 കാലയളവിൽ ബോർഡ് നേരിട്ട് റിപ്പോർട്ട് ബി.എം.സി. കളോട് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ ഫലമായി സംസ്ഥാനമൊട്ടാകെ 25% ബി.എം.സി. കൾ അവരുടെ പ്രവർത്തന റിപ്പോർട്ട് ബോർഡിന് അയച്ചു തന്നിട്ടുണ്ടായിരുന്നു. ജില്ലാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ, ആലപ്പുഴ ജില്ലയിൽ നിന്നുമാണ് മികച്ച പ്രതികരണം ഉണ്ടായത്. അവിടുത്തെ 87% ബി.എം.സി. കളും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള എല്ലാ ബി.എം.സി. കളുടെയും എടുത്തുപറയത്തക്ക പ്രവർത്തനം പി.ബി.ആർ. തയ്യാറാക്കൽ മാത്രമായിരുന്നു. വരും വർഷങ്ങളിൽ ഓരോ ബി.എം.സി. യും കേന്ദ്രീകരിച്ച് കൂടുതൽ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. അതിലൂടെ ബി.എം.സി. കളെ അവരുടെ കർത്തവ്യങ്ങളെക്കുറിച്ച് കൂടുതൽ ബോധവാൻമാരാക്കുന്നതിനും, പ്രവർത്തനക്ഷമമാക്കുന്നതിനും സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഒരു തവണയെങ്കിലും ബോർഡിൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചി

ട്ടുള്ള ബി.എം.സി. കളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ പട്ടിക 6 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 6 – വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ**

| ക്രമ നം. | ജില്ല | വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണം (ശതമാനത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 22% |
| 2 | കൊല്ലം | 12% |
| 3 | പത്തനംതിട്ട | 46% |
| 4 | ആലപ്പുഴ | 87% |
| 5 | കോട്ടയം | 16% |
| 6 | ഇടുക്കി | 24% |
| 7 | എറണാകുളം | 44% |
| 8 | തൃശ്ശൂർ | 29% |
| 9 | പാലക്കാട് | 14% |
| 10 | മലപ്പുറം | 13% |
| 11 | കോഴിക്കോട് | 15% |
| 12 | വയനാട് | 4% |
| 13 | കണ്ണൂർ | 4% |
| 14 | കാസർഗോഡ് | 15% |
| | ആകെ | 25% |




**തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് (ലോക്കൽ ബയോഡൈവേഴ്സിറ്റി ഫണ്ട്)**

ജൈവവൈവിധ്യ ആക്ട് 2002 വകുപ്പ് 43(1), എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാര പരിധിയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്ന

തിനുമായി തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് രൂപീകരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഈ ഫണ്ടിന്റെ പരിപാലന രീതി സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിക്കുന്നതാണ്. ഒരു തദ്ദേശസ്ഥാപനത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ജൈവവൈവിധ്യം കാത്തുസൂക്ഷിച്ച ജനസമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടി ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

**എൽ.ബി.എഫ്. – പരിപാലനവും നിരീക്ഷണവും**

ആരാണോ എൽ.ബി.എഫ്. കൈകാര്യം ചെയ്യുന്നത്, ആ വ്യക്തി എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം ആ വർഷം എൽ.ബി.എഫ്. അക്കൗണ്ടിൽ ചെയ്ത പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കണം. അതേ വ്യക്തി എൽ.ബി.എഫിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കുകയും സംസ്ഥാനത്തെ അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് അവ ഓഡിറ്റിന് വിധേയമാക്കുകയും വേണം. അതിനു ശേഷം വാർഷിക റിപ്പോർട്ടിന്റെ കോപ്പി, ഓഡിറ്റ് ചെയ്ത അക്കൗണ്ട് എന്നിവ ഓഡിറ്ററുടെ റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് സമർപ്പിക്കണം. തദ്ദേശ സ്ഥാപനം അവരുടെ അധികാര പരിധിയിൽ വരുന്ന ജില്ലാ മജിസ്ട്രേറ്റിന് പ്രസ്തുത വിവരങ്ങൾ കൈമാറേണ്ടതാണ്. കേരളത്തിലെ ഒന്നാംഘട്ട ബി.എം.സി. കൾ തദ്ദേശ ജൈവവൈവിധ്യ ഫണ്ട് രൂപീകരിക്കുന്നതിൽ വളരെ പിന്നിലായിരുന്നുവെന്നാണ് പഠനം വെളിപ്പെടുത്തുന്നത്. എന്നാൽ ബോർഡിന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ വിവിധ ബി.എം.സി. കളിൽ നടപ്പിലാക്കിയ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ തുക ലഭ്യമാക്കിയത് ബന്ധപ്പെട്ട ബി.എം.സി. കളുടെ തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്കാണ്. അതുപോലെ, കൊല്ലം കോർപ്പറേഷൻ ബി.എം.സി. യുടെ പി.ബി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ട് ലഭ്യമാക്കിയതും അവിടുത്തെ തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലൂടെയാണ്. തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണം ജില്ലാതലത്തിൽ പട്ടിക 7 ൽ ചേർത്തിരിക്കുന്നു.



കണ്ണൂരിലെ കരിമ്പം ജൈവവൈവിധ്യ കേന്ദ്രം സന്ദർശനം

| പട്ടിക 7- തദ്ദേശ ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ 2012-15 | | |
|---|---|---|
| ക്രമ നം. | ജില്ല | തദ്ദേശ ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണം |
| 1 | തിരുവനന്തപുരം | - |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | - |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | - |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 1 |
| 8 | തൃശ്ശൂർ | - |
| 9 | പാലക്കാട് | - |
| 10 | മലപ്പുറം | - |
| 11 | കോഴിക്കോട് | - |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | - |
| | ആകെ | 11 |




2016 ൽ നിലവിൽ വന്ന രണ്ടാംഘട്ട ബി.എം.സി. കളെ ശാക്തീകരിക്കുന്നതിനോടൊപ്പം ആക്ടനുസ രിച്ചുള്ള ചുമതലകൾ നിർവ്വഹിക്കാൻ അവരെ പ്രാപ്തരാക്കുക എന്നുള്ളതാണ് ബോർഡിന്റെ മുഖ്യ

അജണ്ട. ബി.എം.സി.കൾ രൂപീകരിച്ച ആദ്യ വർഷത്തിൽ തന്നെ ബി.എം.സി.കളിൽ നിന്ന് പദ്ധതി രൂപരേഖ സമർപ്പിക്കാൻ ബോർഡ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 1 |
| തൃശ്ശൂർ | 3 |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർകോട് | 2 |
| **ആകെ** | **14** |



2017 ലെ ബി.എം.സി. സംഗമം പരിപാടിയിൽ ഡോ.വി.എസ്.വിജയൻ ക്ലാസെടുക്കുന്നു


'ശാന്തിസ്ഥല്'ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനം



# ബി.എം.സി. കർമ്മ പദ്ധതി (ആക്ഷൻ പ്ലാൻ)

ഓരോ ബി.എം.സി. യും അവരുടെ അധികാര പരിധിയിലുൾപ്പെടുന്ന പ്രദേശത്തെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് ആ പ്രദേശത്തെ പരിസ്ഥിതി, ആവാസവ്യവസ്ഥ, ജൈവവിഭവങ്ങളുടെ ലഭ്യത, അവയുടെ ഉപയോഗം എന്നിവയ്ക്കനുസരിച്ച് ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. ബി.എം.സി. കൾക്ക് അവർ തയ്യാറാക്കുന്ന പി.ബി.ആറിനെ ആസ്പദമാക്കി കർമ്മപദ്ധതി തയ്യാറാക്കാവുന്നതാണ്. ബി.എം.സി. കളുടെ പ്രവർത്തനാവലോകന ചോദ്യാവലിയിലൂടെ ലഭ്യമായ വിവരമനുസരിച്ച്, ബഹുഭൂരിപക്ഷം ബി.എം.സി. കളും കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വ്യക്തമായ ധാരണയില്ലാത്തതാണ് ഇതിനുള്ള കാരണമായി അവർ പറയുന്നത്. എന്നാൽ, ഭാവിയിൽ കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതികവും, സാമ്പത്തികവും, ഭരണപരവുമായ സഹായം ബോർഡിൽ നിന്നും ലഭ്യമാക്കണമെന്ന് ബി.എം.സി. കൾ അഭിപ്രായപ്പെടുന്നുണ്ട്.

വളരെ നാമമാത്രമായ ബി.എം.സി. കൾ ബോർഡിന്റെ സഹായത്തോടും, അല്ലാതെയും പ്രാദേശിക ജൈവവൈവിധ്യത്തിന്റെ സംരക്ഷണാർത്ഥം വിവിധ പദ്ധതികൾ അവരുടെ കർമ്മ പദ്ധതിയിലുൾപ്പെടുത്തി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തോടും ഭരണാനുമതിയോടും കൂടിയാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്. അത്തരത്തിലുള്ള ചില പദ്ധതികൾ ചുവടെ ചേർക്കുന്നു:

- മണ്ണിടിച്ചിൽ, കരയിടിച്ചിൽ എന്നിവ തടയുന്നതിന് കല്ലടയാറിന്റെ തീരങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്ത് ബി.എം.സി. നടപ്പിലാക്കി. കൂടാതെ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ഈറ, മുള എന്നിവ നട്ടുപിടിപ്പിച്ചു.

- പ്രദേശത്തെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്ത് ബി.എം.സി. നടപ്പിലാക്കി.

- പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി., പ്രദേശത്ത് മാലിന്യ നിർമ്മാർജ്ജനം, വനവൽക്കരണം തുടങ്ങിയ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും, അവിടുത്തെ പ്രധാന ജലസ്രോതസ്സായ വരട്ടാറിന്റെ പാരിസ്ഥിതിക പുനരുദ്ധാരണം നടത്തുകയും ചെയ്തു. അവരുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2013 ലെ മികച്ച ബി.എം.സി. യ്ക്കുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പുരസ്ക്കാരം നൽകുകയുണ്ടായി.

- കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്ത് ബി.എം.സി., പി.ബി.ആർ. പുതുക്കൽ അവരുടെ കർമ്മ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വീട്ടുവളപ്പിലെ ഭക്ഷ്യയോഗ്യമായ കളകളെ തിരിച്ചറിഞ്ഞ് ആഹാരത്തിലുൾപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിനുവേണ്ടി കളച്ചെടികളുടെ പോഷകമൂല്യം ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന് ജൈവവൈവിധ്യ ബോർഡിന്റെ സഹായവും ബി.എം.സി. ആവശ്യപ്പെട്ടിട്ടുണ്ട്.

- കാവുകളുടെയും പാറമടകളുടെയും സംരക്ഷണം കർമ്മപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ബി.എം.സി. യാണ് ഇടുക്കി ജില്ലയിലെ പുരപ്പുഴ ഗ്രാമപഞ്ചായത്ത് ബി.എം.സി.

- തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി., അവിടുത്തെ തനത് ചെടിയായ കണ്ണാന്തളിയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിലെ എല്ലാ കാവുകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി ബി.എം.സി. യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

- തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. യുടെ നേതൃത്വത്തിൽ പ്രദേശത്തെ കോൾനിലങ്ങളും, പുഞ്ചപ്പാടങ്ങളും സംരക്ഷിച്ചു വരുന്നു.

- പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി., അവിടുത്തെ തരിശു ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചു; നദീതീര സംരക്ഷണത്തിന്റെ ഭാഗമായി നദീതീരത്ത് മുളകൾ വച്ചു പിടിപ്പിച്ചു. 2012 മുതൽ എല്ലാ വർഷവും പഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടി 3 ലക്ഷം രൂപാവീതം ചെലവഴിച്ചുവരുന്നു.

- പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്ത് ബി.എം.സി., സർക്കാരിൽ നിന്നും പഞ്ചായത്ത് പാട്ടത്തിനെടുത്ത വനഭൂമിയിൽ വനവൽക്കരണം പുരോഗമിക്കുന്നു. ബി.എം.സി. യുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2014 ലെ മികച്ച ബി.എം.സി. യ്ക്കുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പുരസ്ക്കാരം നൽകുകയുണ്ടായി. അംഗീകാരമായി ലഭിച്ച 1 ലക്ഷം രൂപ പ്രസ്തുത സ്ഥലത്ത് മരങ്ങൾ നട്ടുവളർത്തുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ തടയുവാനും, നാട്ടിൽ വംശനാശം നേരിട്ട മുളകളെ പ്രത്യുല്പാദിപ്പിക്കുന്നതിനും, പക്ഷികൾക്ക് ചേക്കേറാനും ഉപയുക്തമാവുന്നതിനുവേണ്ടി; ഭാരതപ്പുഴയോരത്ത് ധാരാളം മുളങ്കാടുകൾ ബി.എം.സി. വെച്ചുപിടിപ്പിച്ചിട്ടുണ്ട്. ബി.എം.സിയുടെ നേതൃത്വത്തിൽ മങ്കരയിലെ വഴിയോരങ്ങൾ, കനാൽ ഓരങ്ങൾ, പൊതുസ്ഥലങ്ങൾ - ഇവിടെയെല്ലാം വിവിധ ഇനം വൃക്ഷത്തൈകൾ നട്ടിട്ടുണ്ട്. പരിസ്ഥിതി ബോധം കുട്ടികളിൽ വളർത്തുന്നതിന് മങ്കരയിലെ എല്ലാ വിദ്യാലയങ്ങളിലും ജൈവ ക്ലബ്ബ് രൂപീകരിച്ചു. സ്കൂളുകളിൽ ഔഷധസസ്യത്തോട്ടം വെച്ചു പിടിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ബി.എം.സി. യുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അന്താരാഷ്ട്ര ജലവർഷം, പരിസ്ഥിതി ദിനം എന്നിവ വിപുലമായി സംഘടിപ്പിക്കുന്നു. ജൈവവൈവിധ്യ ഡോക്യൂമെന്ററി - മങ്കരയിൽ ഇന്നു കാണുന്ന സസ്യങ്ങൾ, വൃക്ഷങ്ങൾ, ജന്തു ജീവികൾ, കൃഷിസ്ഥലങ്ങൾ, എന്നിവയെ ദൃശ്യമാധ്യമത്തിലൂടെ ഇന്നത്തെ തലമുറയ്ക്ക് പരിചയപ്പെടുത്താൻ 50 മിനിട്ട് ദൈർഘ്യമുള്ള "ഗ്രാമജീവൻ" എന്ന പേരിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കിയിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡ് ചെയർമാനാണ് പ്രസ്തുത സി.ഡി.യുടെ പ്രകാശനം നിർവ്വഹിച്ചത്.

- മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് ബി.എം.സി., "ഒരു വീട്ടിൽ ഒരു മാവ്" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായ പാരിസ്ഥിതിക പുനരുദ്ധാരണത്തിനും ജല നയരൂപീകരണത്തിനും വേണ്ടി കർമ്മപദ്ധതി ബി.എം.സി. തയ്യാറാക്കി വരുന്നു.

- മലപ്പുറം ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്ത് ബി.എം.സി., അവിടുത്തെ പരമ്പരാഗത വൈദ്യന്മാരുടെയും ബി.എം.സി. യുടെയും സംഘടന രൂപീകരിച്ചിട്ടുണ്ട്.

- കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി., അവരുടെ പ്രധാന പുഴയായ

ചൊവ്വാപുഴയുടെ കയ്യേറ്റം തടഞ്ഞ് സംരക്ഷണം നടപ്പിലാക്കിവരുന്നു. കൂടാതെ വീടുകളിൽ നിന്നും മാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും പരിസ്ഥിതി എക്സിബിഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബി.എം.സി. കൾക്ക് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം ഇല്ലെന്നാണ് അവർ അഭിപ്രായപ്പെടുന്നത്. പാരിസ്ഥിതിക വിഷയങ്ങളിൽ ഇടപെടുമ്പോൾ നിയമപരമായ പരിരക്ഷ ലഭിക്കുന്നില്ലെന്നും; ബി.എം.സി. യ്ക്ക് കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നതായും ഇവർ അഭിപ്രായപ്പെടുന്നു.

- സംസ്ഥാനത്തെ ആദ്യത്തെ പി.ബി.ആർ. തയ്യാറാക്കിയ വയനാട് ജില്ലയിലെ എടവക ഗ്രാമ പഞ്ചായത്ത് ബി.എം.സി., നിരവധി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പുഴയോരങ്ങളിലും, തണ്ണീർത്തടയോരങ്ങളിലും മുളയും, മരങ്ങളും നട്ടു പരിപാലിക്കൽ, പാരമ്പര്യനാട്ടറിവുകളുടെ സംരക്ഷണം, സ്കൂളുകളിൽ പച്ചക്കറിത്തോട്ട നിർമ്മാണം, ജൈവ കൃഷി - പ്രകൃതി കൃഷി പ്രോത്സാഹനം, നാടൻ പശു സംരക്ഷണം എന്നിവയാണ് അവരുടെ പ്രധാന പ്രവർത്തന മേഖലകൾ. ഹൈദരാബാദിൽ വച്ചു നടന്ന CoP 11 ൽ എടവക ബി.എം.സി. അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. 2013 ലെ മികച്ച ബി.എം.സി. യ്ക്കുള്ള ജൈവ വൈവിധ്യ പുരസ്ക്കാരം പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. യോടൊപ്പം എടവക ബി.എം.സി.യും പങ്കിട്ടിട്ടുണ്ട്.

- വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത് ബി.എം.സി. യുടെ നേതൃത്വത്തിൽ ബ്രഹ്മഗിരി കുന്നുകളിലെ മാലിന്യനിക്ഷേപം തടയുകയും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കർശനമായി നിരോധിക്കുകയും ചെയ്തു. മാലിന്യം വീടുകളിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് ബി.എം.സി. വളരെ മാതൃകാപരമായ പ്രവർത്തനം കർമ്മപദ്ധതിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നദീതീരത്തെ മണ്ണിടിച്ചിൽ തടയുന്നതിന് തീരത്ത് ചെടികൾ വച്ചുപിടിപ്പിച്ചു; മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു; പഞ്ചായത്തിലെ നീർത്തടങ്ങളുടെ പുനരുദ്ധാരണം നടത്തി; ബി.എം.സി. യുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു; പഞ്ചായത്തിൽ ജൈവവൈവിധ്യ ആർട്ട് ഗ്യാലറി നിർമ്മിച്ചു. ഇവരുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ബോർഡ് 2015 ലെ മികച്ച ബി.എം.സി. യ്ക്കുള്ള ജൈവ വൈവിധ്യ അവാർഡ് നൽകി ആദരിച്ചു. ഭാവിയിൽ പി.ബി.ആർ. നവീകരിക്കുന്നതിനും ഇവർ തീരുമാനിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് ബി.എം.സി. (നിലവിൽ മുനിസിപ്പാലിറ്റി), പ്രദേശത്തെ 4 ഏക്കറോളം വരുന്ന സ്ഥലത്ത് ചെടികൾ നട്ടു പിടിപ്പിച്ച് ജൈവവൈവിധ്യ പാർക്കായി സംരക്ഷിച്ചിട്ടുണ്ട്. ജൈവവൈവിധ്യ പാർക്കിന്റെ സംരക്ഷണത്തിന് പഞ്ചായത്ത് 6.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭാവിയിൽ പി.ബി.ആർ. നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

- കാസർഗോഡ് ജില്ലയിലെ ഒരു തീരദേശ ഗ്രാമപഞ്ചായത്തായ അജാനൂർ പഞ്ചായത്തിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ചിത്താരി പുഴയോരത്തെ കണ്ടൽക്കാടുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അവിടെ കണ്ടൽ വച്ചു പിടിപ്പിക്കുന്ന ഒരു പദ്ധതി വനം വകുപ്പിന്റെ സഹായത്തോടെ ബി.എം.സി നടപ്പിലാക്കി വരുന്നു. ചിത്താരിപ്പുഴ സംരക്ഷണത്തിന്റെ

ഭാഗമായി ബി.എം.സി. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടത്തിയ പഠനത്തിൽ പുഴയുടെ നാശം (മത്സ്യ സമ്പത്ത്) ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സംരക്ഷിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയായ മഞ്ഞംപതികുന്നിനെ ജൈവസമ്പന്നമാക്കാനുള്ള നടപടിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയായ കാസർഗോഡ്-കാഞ്ഞങ്ങാട് പാതയുടെ ഭാഗമായി അജാനൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന പാതയോരത്ത് തണൽമരങ്ങൾ വച്ചുപിടിപ്പിക്കുവാൻ തൊഴിലുറപ്പ് ദിനങ്ങൾ കൂടി ഉൾപ്പെടുത്തിയ ഒരു പദ്ധതി ഗ്രാമപഞ്ചായത്തിന് ബി.എം.സി. സമർപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയ ബി.എം.സി. കൾ

സംസ്ഥാനത്തുടനീളം വിവിധതരം ജൈവവൈവിധ്യ- പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആദ്യഘട്ട ബി.എം.സി. കൾക്ക് ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ, അത് നടപ്പിൽ വരുത്തിയ വർഷം, ലഭ്യമാക്കിയ തുക ഇവ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 8 ൽ ചേർത്തിരിക്കുന്നു.

പട്ടിക 8 - സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ ബി.എം.സി. കൾ നടപ്പിലാക്കിയ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ

| ക്രമ നം. | ബി.എം.സി. യുടെ പേര്, ജില്ല | പദ്ധതിയ്ക്കു വേണ്ടി ബോർഡ് നൽകിയ തുക (രൂപയിൽ) | പദ്ധതി നടപ്പിലാക്കിയ വർഷം | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | അത്തോളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | 2,95,000/- | 2011-12 | പ്രദേശത്തെ കണ്ടൽ സംരക്ഷണം |
| 2 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | 15,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി - പഞ്ചായത്തിന്റെ പൊതുസ്ഥലത്തോ റവന്യൂ ഭൂമിയിലോ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച്, സംരക്ഷിച്ച്, ഭാവിയിൽ ഒരു വനഭൂമിയാക്കി മാറ്റുന്ന ബോർഡിന്റെ പദ്ധതി. (സെന്റിന് ആയിരം രൂപാ നിരക്കിലാണ് തുക അനുവദിക്കുന്നത്. കുറഞ്ഞത് 10 സെന്റ് ഭൂമിയെങ്കിലും ഉണ്ടാകണം. ബി.എം.സി. കളെ കൂടാതെ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവവൈവിധ്യ ക്ലബ്ബുകളിലും ഈ പദ്ധതി നിബന്ധനകളനുസരിച്ച് നടപ്പിലാക്കി വരുന്നു). |
| 3 | ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |
| 4 | ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |
| 5 | മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |
| 6 | മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |
| 7 | തഴക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |

| | | | | |
|---|---|---|---|---|
| 8 | മാവേലിക്കര മുനിസിപ്പാലിറ്റി, ആലപ്പുഴ | 14,503/- | 2014-15 | തനതു കിഴങ്ങുവർഗ്ഗ വിളകളുടെ സംരക്ഷണം |
| 9 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 35,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 10 | വട്ടവട ഗ്രാമപഞ്ചായത്ത്, ഇടുക്കി | 3,00,000/- | 2013-14 | ഉഴവുമാടുകളുടെ സംരക്ഷണം |
| 11 | തൃക്കാക്കര മുനിസിപ്പാലിറ്റി, എറണാകുളം | 5,00,000/- | 2013-14 | അമ്പലപ്പാറ ക്വാറിയുടെ പാരിസ്ഥിതിക പുനരുദ്ധാരണം |
| 12 | പോർക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | 50,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 13 | എലപ്പുള്ളി ഗ്രാമപഞ്ചായത്ത്, പാലക്കാട് | 3,00,000/- | 2012-13 | നാടൻ കന്നുകാലികളുടെ സംരക്ഷണം |
| 14 | മങ്കര ഗ്രാമപഞ്ചായത്ത്, പാലക്കാട് | 50,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 15 | മാവൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | 50,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 16 | എടവക ഗ്രാമപഞ്ചായത്ത്, വയനാട് | 2,50,000/-<br>2,50,000/- | 2013-14<br>2014-15 | കിഴങ്ങുവിള വൈവിധ്യസംരക്ഷണ പദ്ധതി - കിഴങ്ങുവിളകളുടെ ഗുണങ്ങൾ, സാധ്യതകൾ, വൈവിധ്യങ്ങൾ എന്നിവ അറിയാനും പകരാനും സംരക്ഷിക്കുന്നതിനും വേണ്ടി, എടവക ഗ്രാമപഞ്ചായത്തിൽ നാശോന്മുഖമായികൊണ്ടിരിക്കുന്നതും, ഔഷധ മൂല്യമുള്ളതുമായ 54 ഇനം കിഴങ്ങുവർഗ്ഗങ്ങളെ നട്ടുസംരക്ഷിക്കുന്ന പദ്ധതി. കിഴങ്ങുവിളകളുടെ പ്രാധാന്യവും പോഷാകാഹാരക്കുറവ് നികത്തുന്നതിന്റെ ആവശ്യവും കൃഷിക്കാരിൽ എത്തിക്കുവാനും, കൂടുതൽ കർഷകരെകൊണ്ട് കൃഷിചെയ്യിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം. ഇതിന്റെ ഭാഗമായി എടവക ഗ്രാമപ |
| | | | | ഞ്ചായത്തിലെ ഒരപ്പിൽ ഒരു ഏക്കർ സ്ഥലത്ത് ജനതിക സംഭരണി തയ്യാറാക്കി വിവിധ വിത്തിനങ്ങൾ സംരക്ഷിക്കുന്നു. |
| 17 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്, വയനാട് | 48,000/- | 2012-13 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 18 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ | 80,000/- | 2012-13 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 19 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ | 80,000/- | 2012-13 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 20 | പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ | 50,000/- | 2013-14 | ശാന്തിസ്ഥൽ /ഗ്രാമവനം പദ്ധതി |
| 21 | കോയിപ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട & മാന്നാർ & പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 1,01,793/- | 2013-14 | പമ്പയാറിലെ തനതു മത്സ്യങ്ങളുടെ സംരക്ഷണം. മത്സ്യങ്ങളുടെ പ്രജനനകാലത്തെ (ഊത്തക്കാലം) മീൻപിടുത്തം ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്കിടയിൽ നടത്തുകയും, ഊത്തയിളക്ക സമയത്ത് പരിഞ്ഞിലോടുകൂടിയ തനതു മത്സ്യങ്ങളെ പിടിച്ച് സമീപത്തെ കുളങ്ങളിൽ നിക്ഷേപിച്ച്, സംരക്ഷിച്ച്, മത്സ്യക്കുഞ്ഞുങ്ങളെ തിരികെ പമ്പയാറിൽ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| 22 | കോയിപ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട & മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 48,402/- | 2014-15 | നദീജല തനതു മത്സ്യങ്ങളുടെ സംരക്ഷണം (ഊത്തസംരക്ഷണ പദ്ധതി). |
| 23 | പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 27,954/- | 2014-15 | നദീജല തനതു മത്സ്യങ്ങളുടെ സംരക്ഷണം (ഊത്തസംരക്ഷണ പദ്ധതി). |
| 24 | കാണക്കാരി ഗ്രാമപഞ്ചായത്ത്, കോട്ടയം | 25,300/- | 2014-15 | നദീജല തനതു മത്സ്യങ്ങളുടെ സംരക്ഷണം (ഊത്തസംരക്ഷണ പദ്ധതി). |
| 25 | രാമമംഗലം & വാളകം ഗ്രാമപഞ്ചായത്ത്, എറണാകുളം | 17,275/- | 2014-15 | നദീജല തനതു മത്സ്യങ്ങളുടെ സംരക്ഷണം (ഊത്തസംരക്ഷണ പദ്ധതി). |
| 26 | അന്നമനട ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | 30,520/- | 2014-15 | നദീജല തനതു മത്സ്യങ്ങളുടെ സംരക്ഷണം (ഊത്തസംരക്ഷണ പദ്ധതി). |

| 2016 – 17 കാലയളവിൽ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന ബി.എം.സി. – ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ | | | |
|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത്/ബി.എം.സി. യുടെ പേര് | നിർദ്ദേശങ്ങൾ | അനുവദിച്ച തുക |
| 1. | തിരുവനന്തപുരം പൂവാർ ഗ്രാമപഞ്ചായത്ത് | കണ്ടൽ വിഭാഗത്തിലുള്ള കോവളം പൂവ്/ സമുദ്രക്കായ് സംരക്ഷണം | 1,00,000/- |
| 2. | തിരുവനന്തപുരം പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | മുള, കൈത എന്നിവയുടെ പുന: സ്ഥാപനം നെയ്യാർനദിയുടെ പോഷക നദിയായ ചിറ്റാറിലെ മണ്ണൊലിപ്പ് തടയൽ | 1,50,000/- |
| 3. | തിരുവനന്തപുരം ഇടവ ഗ്രാമപഞ്ചായത്ത് | നാടൻ ഇനമായ ഇടവ തെങ്ങിന്റെ സംരക്ഷണം | 1,00,000/- |
| 4. | തിരുവനന്തപുരം വർക്കല മുനിസിപ്പലിറ്റി | മണ്ണൊലിപ്പ് പ്രതിരോധിക്കുക, ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുക – എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ | 1,50,000/- |
| 5. | തൃശ്ശൂർ എറിയാട് ഗ്രാമപഞ്ചായത്ത് | കണ്ടൽകാടുകളുടെ സംരക്ഷണം | 2,00,000/- |
| 6. | തൃശ്ശൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | കാവുകളുടെ ജൈവവൈവിധ്യ സംരക്ഷണം | 1,33,000/- |
| 7. | തൃശ്ശൂർ അന്നമനട ഗ്രാമപഞ്ചായത്ത് | ഉൾനാടൻ മത്സ്യ സംരക്ഷണം | 2,00,000/- |
| 8. | വയനാട് ഇടവക ഗ്രാമപഞ്ചായത്ത് | പരമ്പരാഗത നെല്ലിനങ്ങളുടെ സംരക്ഷണം | 1,17,000/- |
| 9. | കണ്ണൂർ കോളച്ചേരി ഗ്രാമപഞ്ചായത്ത് | പാമ്പുരുത്തിയിലെ ബംഗ്ലാദേശ് ദ്വീപിന്റെ ജൈവവൈവിധ്യ സംരക്ഷണം | 2,00,000/- |
| 10. | കാസർകോട് പീലികോട് ഗ്രാമപഞ്ചായത്ത് | നാടൻ മാവിനങ്ങളുടെ സംരക്ഷണം | 2,00,000/- |
| 11. | കാസർകോട് പള്ളിക്കര ഗ്രാമപഞ്ചായത്ത് | കാനം വയലിന്റെ ജൈവവൈവിധ്യ സംരക്ഷണം | 2,00,000/- |
| | | ആകെ | 17,50,000/- |

'ജൈവവൈവിധ്യ സംരക്ഷണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും' – ശിൽപശാലയിൽ നിന്ന്





# സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശിക ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് ബി.എം.സി. കൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഒന്നിൽ കൂടുതൽ ബി.എം.സി. കളിലായി വ്യാപിച്ചു കിടക്കുന്ന ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിന് ആവാസ വ്യവസ്ഥ ഉൾക്കൊള്ളുന്ന പ്രദേശത്തെ ബി.എം.സി. കളുടെ സംയുക്തമായ സഹകരണവും പ്രവർത്തനവും അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു ആശയത്തിന്റെ അടിസ്ഥാനത്തിലാണ് സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നിലവിൽ രണ്ട് സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ പ്രവർത്തിച്ചു വരുന്നു.

- ശാസ്താംകോട്ട സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി:- കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും, അവയുടെ മേൽനോട്ടം വഹിക്കുന്നതിനുമാണ് 09-06-2014 തീയതിയിൽ ശാസ്താംകോട്ട സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിച്ചത്. ശാസ്താംകോട്ട, മൈനാഗപ്പള്ളി, പടിഞ്ഞാറെ കല്ലട എന്നീ മൂന്നു ഗ്രാമപഞ്ചായത്ത് ബി.എം.സി. കളാണ് ഈ സംയുക്ത ബി.എം.സി. യിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ മൂന്നു ഗ്രാമ പഞ്ചായത്തുകൾ ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടതിനാൽ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയുടെ അധ്യക്ഷനും, മേൽപ്പറഞ്ഞ ബി.എം.സി. അധ്യക്ഷന്മാർ വൈസ് ചെയർമാൻമാരും, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സംയുക്ത സമിതിയുടെ സെക്രട്ടറിയുമാണ്. ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്തുകളിലെ അംഗങ്ങൾ, ബി.എം.സി. അംഗങ്ങൾ എന്നിവർ സംയുക്ത സമിതിയിലെ അംഗങ്ങളാണ്. കൂടാതെ, ഈ പ്രദേശത്തെ എം.പി. മാർ, എം.എൽ.എ. മാർ, ജില്ലാ കളക്ടർ, ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി എന്നിവർ പ്രത്യേക ക്ഷണിതാക്കളാണ്.


ശാസ്താംകോട്ട തടാകം

- ശാസ്താംകോട്ട തടാകത്തിന്റെ ജൈവവൈവിധ്യ പോഷണവും, സംരക്ഷണവും മുൻ നിർത്തിയുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുക, അനുബന്ധ വകുപ്പുകളുടെ പങ്കാളിത്ത ത്തോടും, ഏകോപനത്തോടും കൂടി, ലഭ്യമാകുന്ന ഫണ്ടുപയോഗിച്ച് പദ്ധതി നടപ്പിലാക്കുക, തടാകസംരക്ഷണാർത്ഥം വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കാര്യങ്ങൾ നിരീക്ഷിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുക, പോരായ്മകൾ കണ്ടെത്തി പരിഹരിക്കുക എന്നിവ യാണ് ഈ സംയുക്ത സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ. തടാകത്തിന്റെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ബോർഡിന്റെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ സംയുക്ത സമിതി നടപ്പിലാക്കി വരുന്നു.

- 06.01.2015ലെ (സാധാ).01/2015/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കായലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഹരിതവത്കരണത്തിനുമായി 10.35 ലക്ഷം രൂപ 2014-15 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിക്ക് നൽകി. ഈ ഫണ്ട് ഉപയോഗിച്ച് കായലിനോട് ചേർന്ന സ്ഥലത്ത് ജൈവവേലി നിർമ്മാണം, ഫലവൃക്ഷങ്ങളും മറ്റ് തനത് വൃക്ഷങ്ങളും നട്ടുപിടിപ്പിക്കൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നിവ നടപ്പിലാക്കി. പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനം, അവലോകനം എന്നിവ സംയുക്ത ജൈവവൈവിധ്യപരിപാലന സമിതിയുടെ നേതൃത്വത്തിൽ നടത്തുന്നു. കായൽത്തീരത്ത് മുന്നറിയിപ്പുബോർഡുകൾ സ്ഥാപിച്ചു. ഈ കായൽ പ്രദേശത്തുള്ള ജൈവ വൈവിധ്യത്തിന്റെ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി. തടാകത്തിന്റെ ജന്തുസസ്യ സമ്പത്തിന്റെയും ആവാസവ്യവസ്ഥയേയും സംബന്ധിച്ച വിശദമായ പഠനവും, തടാകത്തിലെ ജലത്തിന്റെ പരിശുദ്ധി സംബന്ധിച്ച പഠനവും ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്.



വെള്ളായണികായൽ ഗ്രീൻബെൽറ്റ് പദ്ധതിയുടെ ഭാഗമായുള്ള വൃക്ഷത്തൈ നടീൽ

- പമ്പാനദീതട സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി: - കേരളത്തിലെ പുണ്യപുരാതന നദിയായ പമ്പയുടെ പാരിസ്ഥിതിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിനു വേണ്ടി, പമ്പാനദി കടന്നുപോകുന്ന പത്തനംതിട്ട ജില്ലയിലെ 22 ഗ്രാമപഞ്ചായത്തുകൾ (വെച്ചൂച്ചിറ, ചിറ്റാർ, സീതത്തോട്, നാറാണമൂഴി, വടശ്ശേരിക്കര, റാന്നി, റാന്നി-പഴവങ്ങാടി,

റാന്നി-അങ്ങാടി, റാന്നി-പെരുനാട്, അയിരൂർ, ചെറുകോൽ, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, തോട്ടപ്പുഴശ്ശേരി, കോയിപ്രം, നിരണം, നെടുമ്പ്രം, ആറന്മുള, ഇരവിപേരൂർ, കുറ്റൂർ, പെരിങ്ങര, കടപ്ര), ആലപ്പുഴ ജില്ലയിലെ 3 ഗ്രാമപഞ്ചായത്തുകൾ (പാണ്ടനാട്, തിരുവൻവണ്ടൂർ, മാന്നാർ), ഒരു മുനിസിപ്പാലിറ്റി (ചെങ്ങന്നൂർ) എന്നിവിടങ്ങളിലെ ബി.എം.സി. അംഗങ്ങളെയും, ജില്ലാ പഞ്ചായത്ത് പ്രതിനിധികളെയും, ജനപ്രതിനിധികളെയും ഉൾപ്പെടുത്തിയാണ് പമ്പാനദീതട സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിച്ചിട്ടുള്ളത്. 21-08-2015 തീയതിയിലാണ് പ്രസ്തുത സമിതി നിലവിൽ വന്നത്.

- പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റും, സെക്രട്ടറിയുമാണ് യഥാക്രമം പമ്പാസംയുക്ത സമിതിയുടെ ചെയർമാനും സെക്രട്ടറിയും. പമ്പാനദീതീര പഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും (പത്തനംതിട്ട ജില്ലയിലെ റാന്നി, കോന്നി, കോയിപ്രം, ഇലന്തൂർ, പുലിക്കീഴ് ബ്ലോക്ക് പഞ്ചായത്തുകൾ, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തുകൾ) മേൽസൂചിപ്പിച്ച 26 ബി.എം.സി. കളിലെ അധ്യക്ഷന്മാരും ഈ സംയുക്ത സമിതിയിൽ അംഗങ്ങളാണ്. പമ്പാനദി ഉൾപ്പെടുന്ന ആവാസവ്യവസ്ഥാ മേഖലയെ പ്രതിനിധീകരിക്കുന്ന എം.പി.മാർ, എം.എൽ.എ.മാർ, ഉദ്യോഗസ്ഥ പ്രതിനിധികൾ, ജൈവവൈവിധ്യ ബോർഡ് പ്രതിനിധികൾ എന്നിവർ പ്രത്യേക ക്ഷണിതാക്കളാണ്.

- പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ഒരു ഭരണനിർവ്വഹണ കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഈ സംയുക്ത സമിതിയുടെ പ്രധാന കർത്തവ്യം. പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയിലെ അംഗങ്ങളായിട്ടുള്ള ബി.എം.സി. യുടെ നേതൃത്വത്തിൽ വാർഡുതല സമിതികളെ നിയോഗിച്ച് അതാത് മേഖലകളിലെ മലിനീകരണം, ജൈവവൈവിധ്യ ശോഷണം, അനധികൃത കടന്നുകയറ്റം തുടങ്ങിയ പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ കണ്ടെത്തി പഞ്ചായത്തിന്റെ അധികാര പരിധിയിൽ തന്നെ പ്രശ്ന പരിഹാരം കണ്ടെത്തുക എന്നുള്ളതാണ് കർമ്മപദ്ധതിയുടെ അടിസ്ഥാനം.

- പമ്പാനദിയും ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.പി.മാർ, എം.എൽ.എ.മാർ, ഈ മേഖലയിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, സംസ്ഥാന ജൈവൈവിധ്യ ബോർഡ് പ്രതിനിധികൾ എന്നിവർ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയോഗങ്ങളിലെ പ്രത്യേക ക്ഷണിതാക്കളാണ്.

- ഇത്തരത്തിൽ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയിലൂടെ എല്ലാ പഞ്ചായത്തിലും പമ്പാനദിയുടെ പുനരുജ്ജീവനത്തിനുവേണ്ട പ്രവർത്തനങ്ങൾ വികേന്ദ്രീകൃത - ജനകീയ മാതൃകയിൽ നടപ്പിൽ വരുത്തുവാനാണ് ശ്രമിക്കുന്നത്.

- ജൈവവൈവിധ്യ പരിപാലന സമിതികളുടെയും സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികളുടെയും പ്രവർത്തന ഏകോപനത്തിനായി ജില്ലാടിസ്ഥാനത്തിൽ ബി.എം.സി. കൾ വരും വർഷങ്ങളിൽ രൂപീകരിക്കുന്നതാണ്.



പാതിരാമണൽ ദ്വീപ്

# ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Biodiversity Heritage Sites - BHS)



ജൈവവൈവിധ്യ ആക്ട് വകുപ്പ് 37 പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (BHS) രൂപീകരിക്കേണ്ടതുണ്ട്. പ്രാദേശിക ജൈവവിഭവങ്ങൾ കൂടുതലുള്ളതും, വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുള്ളതും ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനാധാരമായ ജൈവ ജാതികളുള്ളതും, പരിണാമ പ്രാധാന്യമുള്ള ജീവജാലങ്ങൾ നിലനിൽക്കുന്നതും, പരിസ്ഥിതി ലോല ആവാസ കേന്ദ്രങ്ങൾ നിലനിൽക്കുന്നതും, വളർത്തുന്നതും കൃഷി ചെയ്യുന്നതുമായ ജീവജാലങ്ങളുടെ പൂർവ്വിക ഗണത്തിൽപ്പെട്ടതും വന്യബന്ധുക്കളുമായ ജീവജാലങ്ങൾ നിലനിൽക്കുന്നതുമായ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശമാണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ. സാംസ്ക്കാരികവും ബൗദ്ധികവുമായ മൂല്യങ്ങളുള്ളതും മനുഷ്യ ചരിത്രവുമായി ബന്ധമുള്ളതോ അല്ലാത്തതോ ആയ സാംസ്ക്കാരിക വൈവിധ്യം നിലനിർത്തുന്ന ഫോസിൽ തട്ടുകളുള്ള പ്രദേശങ്ങളും ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ ആയി പരിഗണിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന് തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഇത്തരം പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ ആയി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്. കേരളത്തിൽ ആശ്രാമം കണ്ടൽക്കാടുകളും, പാതിരാമണൽ ദ്വീപും ജൈവവൈവിധ്യ പൈതൃക പ്രദേശങ്ങളായി ബി.എം.സി.കൾ നിർദ്ദേശിച്ചിരുന്നു. കൊല്ലം നഗരസഭ അതിർത്തിയിൽ ടി.എസ്. കനാലിന്റെതീരത്തായി, 2-3 കിലോമീറ്റർ ചുറ്റളവിലും 30-50 മീറ്റർ വീതിയിലും ഇടതൂർന്ന് കാണപ്പെടുന്ന കണ്ടൽക്കാടുകളാണ് ആശ്രാമം കണ്ടൽക്കാടുകൾ. ഏകദേശം 110 ഇനം സസ്യങ്ങളും, 6 ഇനം ദേശാടനപ്പക്ഷികളുമുൾപ്പെടെ 62 തരം പക്ഷികളും ഈ പ്രദേശത്ത് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ സസ്തനികളും, ഉരഗങ്ങളും, ചിത്രശലഭങ്ങളും ഈ പ്രദേശത്ത് അധിവസിക്കുന്നു. ആലപ്പുഴ ജില്ലയിലെ വേമ്പനാട്ടു കായലിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ദ്വീപായ പാതിരാമണൽ നൂറുകണക്കിന് അപൂർവ്വയിനം പക്ഷികളുടെ വാസസ്ഥലം കൂടിയാണ്. വേമ്പനാട് കായലിനാൽ ചുറ്റപ്പെട്ട്, ആലപ്പുഴയിൽ നിന്നും കൊച്ചി, കായംകുളം തടാകം വരെ നീണ്ടു കിടക്കുന്ന പാതിരാമണൽ ദ്വീപിൽ ബോട്ട് യാത്രയിലൂടെ മാത്രമേ പ്രവേശിക്കാനാകൂ. പാതിരാമണൽ ദ്വീപിനെ ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി (Biodiversity Heritage Site) പ്രഖ്യാപിക്കാൻ ബി.എം.സി. അഭ്യർത്ഥിച്ചിട്ടുണ്ട്.




കലശമല നിർദ്ദിഷ്ട ജൈവവൈവിധ്യ പൈതൃകകേന്ദ്രത്തിന്റെ ആലോചനായോഗം



# ബി.എം.സി. യും ജൈവവൈവിധ്യ ക്ലബ്ബുകളും

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെയും അധ്യാപകരെയും ഒരു പോലെ പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്കൂളുകളിലും, കോളേജുകളിലും ബോർഡിന്റെ നേതൃത്വത്തിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു തുടങ്ങിയത്. സംസ്ഥാന ത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കുന്ന ജൈവവൈവിധ്യ ക്ലബ്ബുകളെ, പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ബി.എം.സി. യുമായി ഏകോപിപ്പി ക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ജനകീയ ജൈവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ, പി.ബി.ആർ. പുതുക്കൽ, പരിസ്ഥിതി-ജൈവവൈവിധ്യ ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങളിൽ ബി.എം.സി. കൾക്ക് ക്ലബ്ബുകളെയും പങ്കെടുപ്പിക്കാവുന്നതാണ്. കൂടാതെ, പ്രാദേശിക "പരിസ്ഥിതി കാവൽസംഘ" മായി വർത്തിക്കുന്നതിനും ബി.എം.സി. കൾക്ക് ക്ലബ്ബു കളുടെ സഹായം തേടാവുന്നതാണ്. 2014-15 കാലയളവിലാണ് ജൈവവൈവിധ്യ ക്ലബ്ബുകളുടെ രൂപീകരണം കൂടുതൽ സജീവമായത്. ആയതിനാൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തന ങ്ങളിൽ ബി.എം.സി. - ജൈവവൈവിധ്യ ക്ലബ്ബുകളുടെ ഏകോപനം വരും വർഷങ്ങളിൽ യാഥാർത്ഥ്യമാകുമെന്ന് പ്രത്യാശിക്കുന്നു. വളരെ കുറഞ്ഞ കാലയളവിനുള്ളിൽ സംസ്ഥാനത്തി ലാകമാനം ആകെ 1136 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുവാൻ സാധിച്ചത് എടുത്തു പറയത്തക്ക നേട്ടമാണ്. ഒരു ബി.എം.സി. യിൽ കുറഞ്ഞപക്ഷം ഒരു ക്ലബ്ബ് എന്ന കണക്കിൽ നോക്കുകയാണെങ്കിൽ 42 ശതമാനത്തോളം ബി.എം.സി. കളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ എല്ലാ ബി.എം.സി. കളിലും ജൈവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു കഴിഞ്ഞു. ജില്ലാടിസ്ഥാനത്തിലുള്ള ക്ലബ്ബുകളുടെ എണ്ണവും, ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ള ബി.എം.സി. കളുടെ എണ്ണവും (ശതമാനത്തിൽ) പട്ടിക 9 ൽ ചേർത്തി രിക്കുന്നു.



ജൈവവൈവിധ്യ ക്ലബ്ബുകൾ : 'ശാന്തിസ്ഥൽ' പരിപാലനം




ജൈവവൈവിധ്യ ക്ലബ്ബുകൾ : 'ശാന്തിസ്ഥൽ' പരിപാലനം





| പട്ടിക 9:– ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ | | | |
|---|---|---|---|
| ക്രമ നം. | ജില്ല | ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണം | ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ള ബി.എം.സി. കൾ |
| 1 | തിരുവനന്തപുരം | 106 | 46% |
| 2 | കൊല്ലം | 59 | 42% |
| 3 | പത്തനംതിട്ട | 68 | 49% |
| 4 | ആലപ്പുഴ | 161 | 83% |
| 5 | കോട്ടയം | 29 | 14% |
| 6 | ഇടുക്കി | 161 | 100% |
| 7 | എറണാകുളം | 104 | 52% |
| 8 | തൃശ്ശൂർ | 69 | 40% |
| 9 | പാലക്കാട് | 55 | 22% |
| 10 | മലപ്പുറം | 73 | 37% |
| 11 | കോഴിക്കോട് | 121 | 39% |
| 12 | വയനാട് | 54 | 46% |
| 13 | കണ്ണൂർ | 61 | 28% |
| 14 | കാസർഗോഡ് | 15 | 24% |
| | **ആകെ** | **1136** | **42 %** |



## "പഞ്ചായത്ത് – ക്ലാസ്സ്മുറിയും പി.ബി.ആർ പാഠപുസ്തകവും" വിദ്യാലയങ്ങളിലെ പദ്ധതി

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ പിന്തുണയോടെ അഞ്ച് ജില്ലകളിൽ പഞ്ചായത്തുകളെ ക്ലാസ്സ് മുറിയായും പി.ബി.ആറിനെ പാഠപുസ്തകമായും കണക്കാക്കികൊണ്ടുള്ള പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബി.എം.സി. കളുടെയും ജൈവവൈവിധ്യ ക്ലബ്ബുകളുടെയും സഹകരണത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി. ഒരു പഞ്ചായത്തിൽ നിന്നും 200ഓളം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലകളിൽനിന്നും 5 ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്തു. സംസ്ഥാനത്തെ 25 ഗ്രാമപഞ്ചായത്തുകളിലും 28 വിദ്യാലയങ്ങളിലുമായി നടപ്പിലാക്കിയ പദ്ധതിയിൽ ആകെ 5000 വിദ്യാർത്ഥികൾ ഉൾപ്പെട്ടിരുന്നു. 25 പഞ്ചായത്തുകളിലെ ഈ നൈപുണ്യ വികസന പരിപാടിയുടെ ഭാഗമായി, 5 ജില്ലകളിൽ അധ്യാപക കോർഡിനേറ്റർമാരുടെ ജില്ലാതല യോഗവും, 28 വിദ്യാലയങ്ങളിൽ പി.ബി.ആർ വിവരശേഖരണത്തിന് സന്നദ്ധരായ വിദ്യാർത്ഥികൾക്കായുള്ള പരിശീലനവുംനൽകി. 28 വിദ്യാലയങ്ങളിലായി ആകെ 173 ജൈവവൈവിധ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ബന്ധപ്പെട്ട ബി.എം.സികളുടെ നേതൃത്വത്തിൽ 25 ഗ്രാമപഞ്ചായത്തുകളിൽഏകദിന നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തിലെ ബി.എം.സി.അംഗങ്ങൾ, വാർഡ് മെമ്പർമാർ, കൃഷി ഓഫീസർ, സന്നദ്ധരായ വിദ്യാർഥികളുടെപ്രതിനിധികൾ (20 പേർ), അധ്യാപക കോർഡിനേറ്റർമാർ, അധ്യാപക രക്ഷാകർത്തൃ സംഘടനാപ്രതിനിധികൾ, എൻ.ജി.ഒ. പ്രിതിനിധികൾ, പ്രഥമാധ്യാപകർ, ജില്ലാ കോർഡിനേറ്റർമാർ, പ്രോജക്ട് ഫെല്ലോമാർ എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു. ഇതിനായി ലളിതമായ പി.ബി.ആർ. രൂപഘടന തയ്യാറാക്കി വിതരണം ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ ഉചിതമായ സമയങ്ങളിൽ നിരവധി പ്രഭാഷണ പരമ്പരകൾ നടത്തി. ഓരോ ജൈവവൈവിധ്യ ക്ലാസ്സുകളിലും 150 മുതൽ 200 വരെ വിദ്യാർത്ഥികൾ പങ്കെടുത്തു.

ഭാവിയിൽ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ വളരെ ക്രിയാത്മകമായി ജനങ്ങളിലെത്തിക്കുന്നതിന് ബി.എം.സി. – ജൈവവൈവിധ്യ ക്ലബ്ബുകളുടെ ഏകോപനത്തിലൂടെ സാധിക്കുന്നതാണ്.



സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പി.ബി.ആർ. ലൈബ്രറി

# ബി.എം.സി. സംഗമം

സംസ്ഥാനത്തെ എല്ലാ ബി.എം.സി.കളും ഒരുമിച്ചു ഒത്തുചേർന്ന് അവരുടെ പ്രവർത്തനാനുഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനും, മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ ചർച്ചയിലൂടെ ഉൾക്കൊണ്ടുകൊണ്ട് പ്രാവർത്തികമാക്കുന്നതിനു വേണ്ട സാഹചര്യമൊരുക്കുന്നതിനുള്ള വേദിയായിരുന്നു ബി.എം.സി. സംഗമങ്ങൾ. 2012, 2014, 2015, 2017 എന്നീ വർഷങ്ങളിലായി നാലുതവണ ബി.എം.സി. സംഗമം നടത്തിയിട്ടുണ്ട്. ഓരോ ജില്ലയിലേയും മികച്ച ബി.എം.സി. കൾ അവരുടെ പ്രവർത്തനങ്ങൾ ഈ വേദിയിൽ പങ്കുവയ്ക്കുന്നതിലൂടെ മറ്റു ബി.എം.സി. കൾക്ക് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള പ്രചോദനം നൽകുന്നതിനും ബി.എം.സി. സംഗമം സഹായകമായിട്ടുണ്ട്.

**ബി.എം.സി. യോഗത്തിലെ ചില ശുപാർശകൾ**

- ജൈവവൈവിധ്യ നിയമത്തെ സംബന്ധിച്ച ബോധവൽക്കരണം പ്രാദേശിക സമൂഹത്തിന്റ കർത്തവ്യങ്ങളും, ഉത്തരവാദിത്തങ്ങളും, പി.ബി.ആർ. തയ്യാറാക്കുന്നതിനും സാധൂകരിക്കുന്നതിനുമുള്ള ചുമതല എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും/ബി.എം.സി. കൾക്കും നൽകണം.
- പദ്ധതി നടത്തിപ്പ്, മേൽനോട്ടം, നടപ്പാക്കൽ എന്നീ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.
- പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം, ഡാറ്റ എൻട്രി, പി.ബി.ആർ. ഫോറം പൂരിപ്പിക്കാനുള്ള പരിശീലനം, ലഘുഗ്രന്ഥങ്ങളുടെ രചന, ഡാറ്റാബേസ് വികസനം, നെറ്റ്‌വർക്കിംഗ് എന്നിവയുടെ വികസനം, ഡാറ്റ അപ്‌ലോഡ് ചെയ്യുക, പി.ബി.ആർ. രൂപകൽപന, സംസ്ഥാന, ജില്ല, ഗ്രാമീണ തലങ്ങളിൽ നൈപുണ്യവികസനത്തിനായി പ്രത്യേക പരിപാടികൾ, എന്നിവ ബി.എം.സി. കൾക്ക് ആവശ്യമാണ്.
- പി.ബി.ആറിനെ തദ്ദേശവാസികളുടെ പദ്ധതികളുമായി ബന്ധപ്പെടുത്തുന്നത് നല്ല പ്രാദേശിക ഭരണത്തിന് ആവശ്യമാണ്.
- പദ്ധതിയുടെ എല്ലാ തലങ്ങളിലും ആസൂത്രണം, നിർവ്വഹണം, പദ്ധതിയുടെ ഘട്ടം ഘട്ടമായുള്ള നിരീക്ഷണം എന്നിവയിൽ വിവിധ ഉപയോക്തൃ വിഭാഗങ്ങളിൽ നിന്നും പൊതുപങ്കാളിത്തം ഉറപ്പാക്കാൻ ബി.എം.സി./ഗ്രാമപഞ്ചയത്തുകളെ ചുമതലപ്പെടുത്തണം.
- സാങ്കേതിക പിന്തുണ വിഭാഗത്തിന്റെ (ടി.എസ്.ജി.) മാർഗ്ഗനിർദ്ദേശത്തോടുകൂടി ജനകിയ ജൈവവൈവിധ്യ രജിസ്റ്ററിൽ സാധുവായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു പ്രവർത്തന പദ്ധതി ബി.എം.സി.ക്ക് തയ്യാറാക്കാം.

പഞ്ചായത്ത് തലത്തിൽ പ്രാദേശിക പദ്ധതിയുടെ വികസനവും, ജില്ലാതലത്തിൽ മാക്രോപ്ലാൻ (macroplan) സംരക്ഷണ പദ്ധതിയുടെ വികസനവുമാണ് ആവശ്യമുള്ളത്. പ്രദേശത്തെ പരിരക്ഷയും, സുസ്ഥിര വിഭവങ്ങളുടെ ഉപയോഗവും വഴി ജൈവവൈവിധ്യത്തെ സുസ്ഥിരമായി സംരക്ഷിക്കുന്നതിന് പ്രാദേശിക ഉപയോക്തൃ ഗ്രൂപ്പുകൾക്ക് (user groups) പ്രോത്സാഹനമേകാൻ സാധിക്കും. പഞ്ചായത്ത് തലത്തിലുള്ള സംരക്ഷണ പദ്ധതി സംയോജിച്ച് ജില്ലയിൽ ഒരു മാസ്റ്റർ പ്ലാൻ ബി.എം.സിക്ക് തയ്യാറാക്കാം. ഈ നിർദ്ദേശം കണക്കിലെടുത്ത് കെ.എസ്.ബി.ബി.യുടെ പ്രത്യേക പരിഗണനയോടെ ശാസ്താംകോട്ടയും പമ്പയും സംയുക്ത ബി.എം.സി.കൾ രൂപീകരിച്ചിട്ടുണ്ട്.



# അംഗീകാരങ്ങൾ/അവാർഡുകൾ

ബി.എം.സി. യുടെ ചുമതലകളെപ്പറ്റി വ്യക്തമായ ധാരണയോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മികച്ച ബി.എം.സി. കൾക്ക് ബോർഡ് അംഗീകാരം ഏർപ്പെടുത്തിയിട്ടുണ്ട്. 2013 മുതൽ മികച്ച ബി.എം.സി. കൾക്കുള്ള അവാർഡുകൾ നൽകി വരുന്നു. ആദ്യ വർഷത്തെ മികച്ച ബി.എം.സി. ക്കുള്ള അവാർഡ് പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്ത് എന്നീ ബി.എം.സി. കൾക്കും, 2014 ൽ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്ത് ബി.എം.സി.ക്കും, 2015 ൽ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ബി.എം.സി.ക്കും ലഭിച്ചു. ജൈവവൈവിധ്യ ആക്ടിൽ പറഞ്ഞിട്ടുള്ള ചുമതലകൾക്കനുസൃതമായാണോ ബി.എം.സി. യുടെ പ്രവർത്തനം, പ്രസ്തുത ബി.എം.സി. അവരുടെ പ്രദേശത്തെ പി.ബി.ആർ. തയ്യാറാക്കിയിട്ടുണ്ടോ, കേരള സർക്കാർ നൽകിയിട്ടുള്ള അധിക ചുമതലയായ പ്രാദേശിക ''പരിസ്ഥിതി കാവൽസംഘ'' മായി വർത്തിക്കുന്നുണ്ടോ, ബി.എം.സി. കളുടെ പ്രവർത്തന രീതി, പ്രാധാന പ്രവർത്തനങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് അവാർഡ് നൽകുന്നത്. ബി.എം.സി. കൾ കൂടുതൽ ശാക്തീകരിക്കപ്പെടുന്നതിനനുസരിച്ച് വരും വർഷങ്ങളിൽ ജില്ലാടിസ്ഥാനത്തിലും മികച്ച ബി.എം.സി. കൾക്കുള്ള അവാർഡുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

### വകുപ്പുകളെ ഏകോപിപ്പിച്ചുള്ള ജൈവവൈവിധ്യ സംരക്ഷണം

പദ്ധതികൾ വ്യവസ്ഥ അനുസരിച്ച് നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ പഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി എല്ലാ മേഖലയുടെയും വകുപ്പുകളെ ഏകോപിപ്പിച്ചു ജൈവവൈവിധ്യ സംരക്ഷണം പങ്കാളിത്തതോടെ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഫാം ഇൻഫർമേഷൻ സെന്ററിന്റെ സഹായത്തോടെ പുരയിടങ്ങളിലെ പച്ചക്കറി, വാഴ ടെറസ്സിലെ കൃഷി എന്നിവയ്ക്ക് ആധുനിക സാങ്കേതിക രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. തെരഞ്ഞെടുത്ത കർഷകർക്ക് പോളി ഹൗസ് സാങ്കേതിക വിദ്യയിൽ പരിശീലനം കൊടുക്കാനും ഉൽപന്നങ്ങളുടെ വിപണി വകസിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പരിപാടികൾ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുകയും 20 ഏക്കർ അധികമായി വാഴകൃഷിക്ക് വേണ്ടി ഉപയോഗിക്കാനും തീരുമാനിച്ചു. പഞ്ചായത്തിനെ ഒരു മോഡൽ ഹരിത ഗ്രാമം (ഗ്രീൻ വില്ലേജ്) ആയി തെരഞ്ഞെടുത്തു. കുടുംബശ്രീയുടെ സഹായത്തോടു കൂടി 18 ഏക്കറിൽ നെൽകൃഷി ചെയ്യുന്നു. പഞ്ചായത്തിൽ ലഭ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഉപേക്ഷിക്കപ്പെട്ട 60 ഏക്കർ നെൽപ്പാടങ്ങൾ വീണ്ടെടുത്തു.

മത്സ്യസംഭരണം വർദ്ധിപ്പിക്കാനായി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ 50,000 മത്സ്യ കുഞ്ഞുങ്ങളെ തോടുകളിലും പുഴകളിലും നിക്ഷേപിച്ചു. പൊതുമേഖലകളിൽ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ കാലിത്തീറ്റ വിളകൾ നട്ടുപിടിപ്പിച്ചു. തോട്ടം കോർപ്പറേഷൻ സഹകരണത്തോടെ റോഡരുകിലും ഹൈവേയിലും ഇരുനൂറോളം തണൽ മരങ്ങൾ നട്ടുപിടിപ്പിച്ചു. ഇക്കോ ക്ലബ്ബുകൾ പഞ്ചായത്തുകളിൽ രൂപീകരിക്കുകയും ഇതിന്റെ ഭാഗമായി ജൈവപച്ചക്കറി കൃഷി, നെൽകൃഷി എന്നിവയ്ക്ക് വേണ്ടി പരിശീലനം നൽകുകയും ചെയ്തു. 8000 ലേറെ വൃക്ഷതൈകൾ

കുട്ടികൾക്ക് വിതരണം ചെയ്തു. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സർക്കാർ സ്കൂളുകളിൽ ഔഷധ തോട്ടങ്ങൾ ഉണ്ടാക്കി. പൂർവ പമ്പാനദിയും അതിന്റെ പോഷക നദിയായ വരട്ടാർ-പൂർവ പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ കൈയ്യേറ്റം തടയൽ പ്രോത്സാഹിപ്പിച്ചും, ഗ്രാമസഭ വഴി അവബോധം വർദ്ധിപ്പിച്ചും, സെമിനാറുകൾ സംഘടിപ്പിച്ചും വരട്ടാർ-പൂർവ പമ്പാനദിയുടെ പുനരുജ്ജീവന പരിപാടികൾ നടത്തി വരുന്നു. വരട്ടാർ പുനർജ്ജനി എന്ന ഫേസ്ബുക്ക് അക്കൗണ്ട്, ചർച്ചകൾക്കായി ഒരു വേദി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഉണ്ടാക്കി. പരിസ്ഥിതി നിരീക്ഷണ സംഘം എന്ന നിലയ്ക്ക് ബി.എം.സി.കൾ പൊതുസ്ഥലങ്ങളിൽ മരങ്ങൾ മുറിക്കുന്നതും പരിസ്ഥിതി മലിനീകരണങ്ങൾക്കും എതിരെ പ്രവർത്തിക്കുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി പഞ്ചായത്ത് അധികൃതർ മുൻകൈ എടുത്ത് ജലസേചനത്തിനും കുടിവെള്ളത്തിനും വേണ്ടി കുളങ്ങളും കനാലുകളും വൃത്തിയാക്കി. പഞ്ചായത്തിൽ 1,00,000 മഴവെള്ള സംഭരണികൾ സ്ഥാപിക്കാൻ പദ്ധതിയിട്ടു. പാരിസ്ഥിതിക ഗ്രാമസഭയുടെ താൽപര്യ പ്രകാരം 35,000 (1,580,581 മീറ്റർ) മഴവെള്ള സംഭരണ കുഴികൾ സ്ഥാപിച്ചു. സ്കൂളുകളിലും അംഗൻവാടികളിലും ഹരിത പ്ലാസ്റ്റിക് ശേഖരണ യൂണിറ്റുകൾ Rs. 10/kg എന്ന നിരക്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അത് റോഡ് ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്യുന്നു. ശുചിത്വമിഷൻ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ബയോഗ്യാസ് പ്ലാന്റുകളും (183 ബയോഗ്യാസ് പ്ലാന്റുകൾ) 58 കമ്പോസ്റ്റ് കുഴികളും സജ്ജമാക്കിയിട്ടുണ്ട്. മുഖ്യധാരയിലെ ജൈവവൈവിധ്യ പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്തും, പഞ്ചായത്തിലെ പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾക്കുമാണ് ഇരവിപേരൂർ പഞ്ചായത്തിന് 2013-14 ലെ മികച്ച ബി.എം.സി. ക്കുള്ള അവാർഡ് നേടി കൊടുത്തത്. സംസ്ഥാന ശുചിത്വ മിഷൻ പഞ്ചായത്തിന് ശുചിത്വ അവാർഡ് നൽകി ആദരിക്കുകയും ചെയ്തു. ഹരിതവൽക്കരണ സംരംഭങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾക്കാണ് ഹോർട്ടികൾച്ചർ വകുപ്പ് ഇരവിപേരൂർ പഞ്ചായത്തിനെ ഒരു മോഡൽ ഹൈടെക് ഗ്രീൻ വില്ലേജായി തെരഞ്ഞെടുത്തത്. കൂടാതെ പൊതുഭരണത്തിനുള്ള ദേശീയ അവാർഡും ലഭിച്ചു.

**ഭക്ഷ്യ സുരക്ഷക്കായി പ്രാദേശിക ഭൂമി സംരക്ഷണം**

ഔഷധസസ്യങ്ങളുടെയും പരമ്പരാഗത വൈദ്യന്മാരുടെയും ഒരു പ്രധാന കേന്ദ്രമായിരുന്നു വയനാട് ജില്ലയിലെ ഇടവക പഞ്ചായത്ത്. വിദ്യാർത്ഥികൾ, പരിസ്ഥിതി സംരക്ഷകർ, കർഷകർ, പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ കേരളത്തിൽ ആദ്യമായി ഇടവക ഗ്രാമപഞ്ചായത്താണ് പി.ബി.ആർ പൂർത്തീകരിച്ചത്. ഇത് ഇടവക ഗ്രാമപഞ്ചായത്തിന് അഭിമാനകരമായ ഒരു നേട്ടമാണ്. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഒരു മാതൃകാ പഞ്ചായത്തായി മാറാൻ ഇടവക പഞ്ചായത്തിന് സാധിച്ചു.

ഇടവക ഗ്രാമപഞ്ചായത്തിനെ മികച്ച ജൈവവൈവിധ്യ പരിപാലന സമിതിക്കുള്ള (ബി.എം.സി.) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അവാർഡിനായി 2013 ൽ തെരഞ്ഞെടുക്കപ്പെട്ടു. എല്ലാ മേഖലയിലെയും മികച്ച പ്രകടത്തിന് Academy of Grassroots Studies and Research of India (AGRASRI) – സംഘടിപ്പിച്ചിട്ടുള്ള Bharat Ratna Rajeev Gandhi Award-2013 ഇടവക ഗ്രാമപഞ്ചായത്ത് നേടി. കൂടാതെ സംസ്ഥാനത്തെ മാതൃകാപരമായ പ്രവർത്തനത്തിന് മഹാത്മാ പുരസ്ക്കാരം (2011-2012, 2012-2013), സ്വരാജ് ട്രോഫി 2010, നിർമ്മൽ പുരസ്ക്കാരം 2008 എന്നിവ ലഭിച്ചു. മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം 'തണൽ' എന്ന പദ്ധതി നടപ്പിലാക്കുകയും അതു വഴി 600 മുതിർന്ന വ്യക്തികൾ, 250 ആദിവാസി പുരുഷൻമാർ,

10 ശാരീരിക വൈകല്യമുള്ള വ്യക്തികൾ എന്നിവർക്ക് തൊഴിൽ ലഭിച്ചു. ഏകദേശം 25,000 ത്തോളം അടക്ക, കോഫി, കുരുമുളക്, ഫലവൃക്ഷങ്ങൾ എന്നിവയ്ക്കു പുറമേ 3 ഇനം മുളകളുടേയും തൈകൾ നട്ടുപിടിപ്പിച്ചു. മഹാത്മഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സഹകരണത്തോടെ പഞ്ചായത്തിലുള്ള കുന്നിൻ ചെരിവിലെ 1.73 ഏക്കറിൽ കിഴങ്ങുകളുടെ ജൈവകൃഷി നടത്തിവരുന്നു. ഒരു വൻ അവബോധ ക്യാമ്പയിൻ 'മാറ്റൊലി' എന്നപ്രാദേശിക റേഡിയോയുടെയും'നാട്ടുവെട്ടം' എന്ന ഒരു പ്രാദേശിക പത്രത്തിന്റെയും സഹായത്തോടെ ഉദ്ഘാടനം ചെയ്തു. പ്രചരണത്തിന് വിദ്യാർത്ഥികൾക്ക് വേണ്ടിയും സ്കൂൾ തലത്തിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ 1,50,000 വൃക്ഷത്തൈകൾ നടുകയും, 1,00,000 മത്സ്യക്കുഞ്ഞുങ്ങളെ കബനി നദയിൽ നിക്ഷേപിക്കുകയും ചെയ്തു. വയൽ വീണ്ടെടുക്കൽ, മണൽ ഖനനം, കാവുകളുടെ സംരക്ഷണം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. ഔഷധസസ്യം, തേക്ക്, മഹാഗണി തുടങ്ങിയവയുടെ തൈകൾ വിതരണം നടത്തി വനവൽക്കരണത്തിന് തുടക്കം കുറിക്കുകയും ജൈവകൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു.സ്കൂളുകളിലും കോളേജുകളിലും ജൈവവൈവിധ്യ പരിപാലന സമിതി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുകയും കാവുകൾ സന്ദർശിക്കുകയും ചെയ്തു. വയനാട്ടിലെ നാടൻ കിഴങ്ങുവർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി 'വയനാട്ടിലെ മാനന്തവാടി മുനിസിപ്പാലിറ്റി കിഴങ്ങുവർഗ്ഗവിള വൈവിധ്യസംരക്ഷണവും പദ്ധതിയുടെ അവബോധവും ഗ്രാമീണരിൽ ജനകീയമാക്കുക' എന്ന പദ്ധതി ജൈവവൈവിധ്യ പരിപാലന സമിതി ഇടവക ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി. ജേം പ്ലാസം (germ plasm) സംരക്ഷണം കൊണ്ട് അവഗണിക്കപ്പെട്ട കിഴങ്ങുവർഗ്ഗ വിളകളുടെ ജനിതക വൈവിധ്യം സംരക്ഷിക്കാനാണ് ലക്ഷ്യമിടുന്നത്.

**പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ**

- ഇടവക ഗ്രാമപഞ്ചായത്തിൽ പ്രദേശിക തലത്തിൽ ജേം പ്ലാസം (germ plasm) സെന്റർ തുടങ്ങി.
- 52 ഇനം കിഴങ്ങു വർഗ്ഗങ്ങളും വേരുകളും ശേഖരിക്കുകയും ഇതിൽ 7 എണ്ണം ആദിവാസികളുടെ സഹായത്താൽ സംഭരിക്കുകയും ചെയ്തു.
- ഇടവക ഗ്രാമപഞ്ചായത്തിലെ രണ്ട് സ്കൂളുകളിലും മാനന്തവാടി മുനിസിപ്പാലിറ്റി, വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ ഒരോ സ്കൂളിലും ജേം പ്ലാസം (germ plasm) സെന്ററുകൾ സ്ഥാപിച്ചു.
- 13 ഇനം വലിയ ചേന, 11 ഇനം മരിച്ചീനി, 5 ഇനം മധുര കിഴങ്ങ്, 3 ഇനം കൂവകിഴങ്ങ്, ആന ചേന, 7 ഇനം വന്യകിഴങ്ങ്, 11 ഇനം ചേമ്പ് എന്നിവ സംരക്ഷിക്കുന്നു.

**ഉപേക്ഷിക്കപ്പെട്ട പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുദ്ധാരണം**

എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന അമ്പലപ്പാറ ക്വാറി, ഇടപ്പള്ളി കനാലിന് സമീപത്ത് 300 ലേറെ അടി ആഴത്തിൽ 12 ലധികം ഹെക്ടർ പ്രദേശത്തായി വ്യാപിച്ചു കിടക്കുന്നു. ക്വാറി ഖനനം ഉപേക്ഷിക്കപ്പെടുകയും, ഏകദേശം 300 അടി ആഴത്തിൽ വറ്റാത്ത വെള്ളത്തിന്റെ ഉറവിടവുമുണ്ട് ഇവിടെ. മനുഷ്യന് ഉപയോഗിക്കാൻ പറ്റാത്ത തരത്തിൽ



അമ്പലപ്പാറ ക്വാറി പുനരുദ്ധാരണം

ഇ.കോളി അടങ്ങിയ ദുർഗന്ധമുള്ള കലക്ക വെള്ളമാണെന്നാണ് ക്വാറിയുടെ വെള്ളത്തിന്റെ വിശകലനത്തിൽ നിന്നും മനസ്സിലാക്കിയത്. പ്രദേശത്തെ നഗരവൽക്കരണം കാരണം പരിശോധന നടത്താതെ മലിനീകരണത്തിനു വിധേയമാക്കുകയും ജലാശയങ്ങൾ കുളവാഴക ളാലും കളകളാലും മൂടപ്പെട്ട നിലയിലുമായിരുന്നു. ഉപേക്ഷിക്കപ്പെട്ട ക്വാറി അപകട സാധ്യത യുള്ള പ്രദേശമായിരുന്നു. കൂടാതെ ഒഴുക്കില്ലാത്ത വെള്ളം കാരണം പല ആരോഗ്യ അപകടാ വസ്ഥയും സൃഷ്ടിച്ചിട്ടുണ്ട്. ഖനന പ്രവർത്തനം കൊണ്ടുള്ള പരിസ്ഥിതി ആഘാതം മനുഷ്യൻ മണ്ണിന്റെ ഘടനയ്ക്കും സാന്ദ്രതയ്ക്കും ഏൽപ്പിക്കുന്ന ആഘാതത്തേക്കാൾ കൂടുതലാണ്. ഈ പ്രവൃത്തി പ്രകൃതിയിൽ വൻ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതോടൊപ്പം ആവാസവ്യവസ്ഥയിൽ വിള്ള ലുണ്ടാക്കുകയും ചെയ്തു. തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ ജൈവവൈവിധ്യ പരിപാലന സമിതി പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് വിനിയോഗിച്ച് പരിസ്ഥിതി പുന:സ്ഥാപിക്കുകയും പ്രകൃതിവിഭവങ്ങളുടെ ഉപയോഗം കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കലി ലൂടെയും ഒരു നൂതന വികേന്ദ്രീകൃത ജൈവവൈവിധ്യ മാതൃകയാണ് നടപ്പിലാക്കിയത്. സംര ക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാദേശിക തലത്തിലെ പങ്കാളിത്തം അത്യാവശ്യമായ ഒന്നാണ്, ഒപ്പം ആസൂത്രണം മുതൽ നടപ്പിലാക്കൽ വരെയും, നിയന്ത്രണവും, നിരീക്ഷണവും തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും, പതിവ് യോഗങ്ങൾ നടത്തേണ്ടതും അത്യാവശ്യ മാണ്. പ്രകൃതി നൽകിയ ജൈവവ്യവസ്ഥ സേവനങ്ങളുടെ അവബോധം ശക്തമാക്കുന്നതിന് വേണ്ടി വ്യത്യസ്ത മേഖലകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി പൊതുജനങ്ങൾക്കായി ശിൽപശാലകൾ സംഘടിപ്പിച്ചു.

വള്ളം ഉപയോഗിച്ച് മലിനവെള്ളത്തിൽ നിന്നും പ്ലാസ്റ്റിക്കും മറ്റുള്ള മാലിന്യങ്ങളും നീക്കി വൃത്തി യാക്കി. ഉപയോഗശൂന്യമായ പ്രദേശത്തെ പുനരുജ്ജീവനം, ക്വാറി അതിർത്തിയിൽ രാമച്ചം നടുക, ഇടപ്പള്ളി കനാലിൽ പന്നൽ ചെടി പിടിപ്പിക്കുക, തുറസ്സായ സ്ഥലങ്ങളിൽ തണൽ വൃക്ഷ ങ്ങൾ നടുക, ഔഷധ ഉദ്യാനങ്ങളിൽ ഔഷധ സസ്യങ്ങൾ നടുക, ജന്മനക്ഷത്ര വൃക്ഷങ്ങൾ നക്ഷത്ര ഉദ്യാനത്തിൽ നടുക, ചിത്രശലഭ ഉദ്യാനങ്ങളിൽ ചിത്രശലഭങ്ങൾക്ക് അനുയോജ്യമായ സസ്യ ങ്ങൾ നടുക തുടങ്ങിയ സുസ്ഥിര പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങൾ നടത്തി. പുല്ലു കൾ, കുറ്റിച്ചെടികൾ, മരങ്ങൾ എന്നിവയുടെ ശുപാർശ ചെയ്യപ്പെട്ട നാടൻ ഇനങ്ങൾ നട്ടുപിടിപ്പിച്ച് പരിസ്ഥിതിയുടെ പുന:സ്ഥാപനം ആരംഭിച്ചു. ഏകദേശം 2000 രാമച്ച തൈകളും, 150 ഇനത്തിൽപ്പെട്ട 1000 വൃക്ഷത്തൈകളും പ്രദേശത്ത് നട്ടുപിടിപ്പിച്ചു. ക്വാറിയുടെ അതിർത്തിയിൽ രാമച്ചം നട്ട് പിടി പ്പിച്ച് മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്ന വിധത്തിൽ ഒരു സ്ഥിരമായ ബയോ-ഡാം നിർമ്മിച്ചു.

ഇടപ്പള്ളി കനാലിനു സമീപം നദീതീര കണ്ടൽ സസ്യങ്ങൾ നട്ട് ജൈവവേലി തന്നെ സൃഷ്ടിച്ചു. വനം വകുപ്പിൽ നിന്നും ശേഖരിച്ച വിവിധ സസ്യയിനങ്ങളുടെ 500 തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുമായി ചേർന്ന് ഒരു ജന്മ നക്ഷത്ര ഉദ്യാനം ആരംഭിച്ചു. കൊച്ചിൻ നാചറൽ സൊസൈറ്റിയുടെ സഹായത്തോടെ ഒരു പക്ഷി നിരീക്ഷണ സർവ്വേ നടത്തുകയും 30 വ്യത്യസ്ത തരം പക്ഷികളെ തിരിച്ചറിയുകയും ചെയ്തു. കിംഗ് ഫിഷർ പോലെയുള്ള ഉയർന്ന വേട്ടയാടൽ പക്ഷികളുടെ വെള്ളത്തിലെ സാന്നിധ്യം വെള്ളത്തിന്റെ നല്ല ആരോഗ്യത്തെ സൂചിപ്പിക്കുന്നു. Ixora, Chrysanthemum, Duranta, Cordia, Mussaenda, Zinnia എന്നീ ചിത്രശലഭങ്ങളെ ആകർഷിക്കുന്ന നിരവധി സസ്യങ്ങളുള്ള മനോഹര മായി രൂപകൽപ്പന ചെയ്ത ശലഭോദ്യാനം പദ്ധതിപ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ട്. പ്രകൃതി സംരക്ഷ ണത്തിന്റെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വിവിധ ബോർഡുകളും പോസ്റ്ററുകളും പ്രദേശങ്ങളിൽ സ്ഥാപിച്ചു. ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനം സമൂഹത്തിന് സ്പഷ്ടമായതും അപ്രവചനീയവുമായ ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്നു. തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പ്രദേശത്തെ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകി ക്വാറി വൃത്തിയാക്കി. ഈ പദ്ധതി ജലസേചനത്തെ പുനരുജ്ജീവിപ്പിക്കാൻ സഹായ മാകുകയും ഈ പ്രദേശത്തെ ജലനിരപ്പ് ഉയർത്തുകയും അതു വഴി പ്രദേശത്തെ സസ്യ ജാലങ്ങളിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുന്നു. നഗര പരിസ്ഥിതിയിൽ ഒരു ഗ്രീൻ സ്പേസ് ഉൾകൊള്ളിച്ച് മെച്ചപ്പെട്ട ഭൗതികമായ മാറ്റം വരുത്തിയത് അപ്രവചനീയ നേട്ടങ്ങളിൽ ഉൾപ്പെ ടുന്നു. ക്വാറിയുടെ പ്രവർത്തനങ്ങൾ കാരണം പ്രദേശവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടി വരികയും, പ്രദേശങ്ങളുടെ നവീകരണത്തിന്റെ ഫലമായി പാരിസ്ഥിതിക ഗുണങ്ങളുണ്ടാക്കി വായുവിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ജലാശയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. നിർദ്ദിഷ്ട ജൈവവൈവിധ്യ പരിപാലന മാതൃക ആവാസവ്യവസ്ഥയെ മെച്ചപ്പെടുത്തുകയും, ജലസ്രോതസ്സുകൾ, നിരവധി പക്ഷികൾ, ചിത്രശലഭങ്ങൾ എന്നിവയെ ആകർഷിക്കുകയും, വിവിധയിനം ഉഭയജീവികൾക്കും അക ശേരുകികൾക്കും വാസസ്ഥലം ഒരുക്കി കൊടുക്കുകയും ചെയ്യും. ഈ മാതൃക 2014 ൽ യു.എൻ.ഡി.പി. അവാർഡിന്റെ പ്രഥമ റൗണ്ടിൽ തെരഞ്ഞെടുക്കപ്പെട്ടു.

**ഗ്രാമവനം – ഒരു വനവൽക്കരണ പദ്ധതി.**

പാലക്കാട് ജില്ലയിലെ മങ്കരയിലെ ജൈവവൈവിധ്യ പരിപാലന സമിതി 2014-2015 ൽ മികച്ച ബി.എം.സി. അവാർഡിനായി തെരഞ്ഞെടുക്കപ്പെടുകയും, ആരോഗ്യ കേരളം അവാർഡ് ലഭിക്കു കയും ചെയ്തു.

1. മങ്കരയിലെ ജൈവവൈവിധ്യ പരിപാലന സമിതി ഗ്രാമവനം പദ്ധതിയിലൂടെ വനമേഖലകൾ, കനാലുകൾ, റോഡുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ മേഖലകളിൽ വനപരിപാലനം നടത്തി വരുന്നു. പരിസ്ഥിതി / ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടി വിവിധ പരിപാടികൾ ബി.എം.സി. ഫലപ്രദമായി നടപ്പാക്കി.
2. വനവൽക്കരണ പദ്ധതി:- സർക്കാരിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്ത് വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചു. വനമേഖലകൾ, കനാലുകൾ, റോഡുകൾ, പൊതുസ്ഥലങ്ങൾ, നദീതീരങ്ങൾ തുടങ്ങിയ മേഖലകളിൽ തൈകൾ നട്ടുപിടിപ്പിച്ചു.
3. ഭാരതപ്പുഴയുടെ സംരക്ഷണം:- നദീതീരത്തെ ഉരുൾപ്പൊട്ടൽ തടയാനും, ഈ പ്രദേശത്തെ വംശനാശ ഭീഷണി നേരിടുന്ന മുള ഉത്പന്നങ്ങളുടെ സംരക്ഷണത്തിനുമായി നദീതീരങ്ങളിൽ മുളകൾ നട്ടുപിടിപ്പിച്ചു.

4. കർഷകരുടെ സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾ:- കർഷക സമൂഹത്തിന്റെ സഹായത്തിനായി തദ്ദേശ സ്ഥാപനത്തോടൊപ്പം വിവിധ പദ്ധതികളും ബി.എം.സി. നടപ്പിലാക്കി. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും ജൈവവളങ്ങളുടെ ഉപയോഗം വ്യപകമാക്കുന്നതിനു വേണ്ടിയും ബി.എം.സി. പിന്തുണ നൽകി. കൂടാതെ ബഹുജന ബോധവൽക്കരണ പ്രചാരണം നടത്തുകയും ചെയ്തു. ജൈവവളങ്ങളുടെ ഉപയോഗം വ്യപകമാക്കുന്നതിനായി 1000 പൈപ്പ് കമ്പോസ്റ്റുകൾ വിതരണം ചെയ്തു.
5. ശുചീകരണ പ്രവർത്തനങ്ങൾ:- പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്തും, പൊതു കിണറുകൾ വൃത്തിയാക്കിയും, വെള്ളം കെട്ടി കിടക്കുന്നത് തടഞ്ഞും, ജലാശയങ്ങൾ വൃത്തയാക്കിയും ഗ്രാമത്തിൽ മുഴുവനും ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു.
6. സ്റ്റുഡൻസ് പ്രോഗ്രാമുകൾ:- കുട്ടികളിൽ പരിസ്ഥിതി/ജൈവവൈവിധ്യ ബോധവൽക്കരണം നടത്തുന്നതിനായി ബോർഡിന്റെ പിന്തുണയോടെ എല്ലാ സ്കൂളുകളിലും ജൈവവൈവിധ്യ ക്ലബുകൾ ആരംഭിച്ചു. വിവിധ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ ബി.എം.സി. വിദ്യാർത്ഥികളെ സഹായിക്കുകയും അവരെ സ്കൂളുകളിൽ ഔഷധസസ്യ ഉദ്യാനം വികസിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.
7. ജൈവവൈവിധ്യ ഡോക്യുമെന്ററി:- ജൈവവൈവിധ്യ നിയമ പ്രകാരമുള്ള ജൈവവൈവിധ്യ രജിസ്റ്റർ ഉണ്ടാക്കുന്നതിനു പുറമേ ജന്തുജാലങ്ങൾ, സസ്യങ്ങൾ, ഭൂപ്രകൃതി, വയലുകൾ, തുടങ്ങിയവയെക്കുറിച്ച് യുവതലമുറയെ പരിചയപ്പെടുത്തുന്നതിനായി 'ഗ്രാമജീവൻ' എന്ന പേരിൽ 50 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി ചിത്രവും നിർമ്മിച്ചു.
8. കാർഷിക വിഭാഗത്തിന്റെ ക്ഷേമത്തിനായി ഒരു Agricultural Task Force ന് രൂപം നൽകി. ഇതിന്റെ സേവനം ആവശ്യകത അനുസരിച്ച് വിനിയോഗിക്കുകയും ചെയ്യുന്നു.
9. ജനങ്ങൾക്കിടയിൽ അമിതമായ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം മൂലമുള്ള പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കി.

**പ്രധാനപ്പെട്ട പ്രാദേശിക പരിസ്ഥിതി – ജൈവവൈവിധ്യ പ്രശ്നങ്ങൾ**

ഒരു പ്രദേശത്തെ പാരിസ്ഥിതിക - ജൈവവൈവിധ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനോ, പരിഹരിക്കുന്നതിനോ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക എന്നത് ആ പ്രദേശത്തെ ബി.എം.സി. യുടെ സുപ്രധാന ദൗത്യമാണ്. ഇത്തരമൊരു ദൗത്യം പൂർണ്ണമായും ഏറ്റെടുക്കുന്നതിന് തുടക്കക്കാരെന്നനിലയിൽ നമ്മുടെ പ്രഥമഘട്ട ബി.എം.സി. കൾക്ക് സാധിച്ചിട്ടില്ല എന്നുള്ളത് ഒരു വാസ്തവമാണ്. എന്നാൽ പ്രാദേശികതലത്തിൽ നേരിടുന്ന പ്രധാന പാരിസ്ഥിതിക - ജൈവവൈവിധ്യ പ്രശ്നങ്ങളെ കണ്ടെത്തുന്നതിൽ ബി.എം.സി. കൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്.

കുന്നിടിക്കൽ, നിലംനികത്തൽ, നീർത്തടം നികത്തൽ, നീർത്തടങ്ങളുടെ ശോഷണം മൂലം ദേശാടന പക്ഷികളുടെ വരവിൽ വന്നിട്ടുള്ള മാറ്റങ്ങൾ, നദികളിൽ നിന്നുള്ള അനിയന്ത്രിത മണലൂറ്റ്, തന്മൂലം വേലിയേറ്റ സമയത്ത് നദികളിലേക്കുള്ള ഓരുജല കയറ്റം, കുടിവെള്ള ക്ഷാമം, അനധികൃതവും അശാസ്ത്രീയവുമായിട്ടുള്ള പാറഖനനം, ചെങ്കൽ ഖനനം, തീരദേശ മണൽ ഖനനം, കണ്ടൽക്കാടുകളുടെ നശീകരണം, കരയിടിച്ചിൽ, കായൽ-നദീതീര കയ്യേറ്റങ്ങൾ, മലിനീകരണം, കാവുകളുടെ നശീകരണം, ആറുകളുടെയും നദികളുടെയും ശോഷണം തുടങ്ങിയവയാണ് ബി.എം.സി. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില പ്രശ്നങ്ങൾ. ഇത്തരം പ്രശ്നങ്ങളിൽ പ്രാദേശിക ''പരിസ്ഥിതി കാവൽസംഘ''മെന്ന രീതിയിൽ ബി.എം.സി. ക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യം വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

# പരിസ്ഥിതി – ജൈവവൈവിധ്യ ശോഷണവും ബി.എം.സി. യുടെ ഇടപെടലുകളും



ബി.എം.സി. കളുടെ അഭിപ്രായത്തിൽ, കുന്നിടിക്കൽ, നെൽവയൽ നികത്തൽ, പാറഖനനം, ചെങ്കൽ ഖനനം, മലിനീകരണം, മണലൂറ്റ്, കായൽ കയ്യേറ്റം, കണ്ടൽക്കാടുകളുടെ നശീകരണം തുടങ്ങിയവയാണ് പരിസ്ഥിതി – ജൈവവൈവിധ്യ ശോഷണത്തിന് ഹേതുവാകുന്ന പ്രധാന ഘടകങ്ങൾ. ചില ബി.എം.സി. കൾ കേരള സർക്കാരിന്റെ ഉത്തരവനുസരിച്ച് (അനുബന്ധം 7) പ്രാദേശിക "പരിസ്ഥിതി കാവൽസംഘ" ങ്ങളായി പ്രവർത്തിക്കുന്നുണ്ട്. പാരിസ്ഥിതിക – ജൈവ വൈവിധ്യ പ്രശ്നങ്ങളിന്മേൽ ബി.എം.സി.-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ചില ഇടപെടലുകൾ ചുവടെ ചേർക്കുന്നു:

- തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്ത് ബി.എം.സി., നിലംനികത്തൽ തടയുന്നതിനും, തണ്ണീർത്തട സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ലോകായുക്തയിൽ നിലവിലുണ്ട്.
- കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് ബി.എം.സി. ക്ക് പ്രദേശത്തെ തനതിനമായ മഞ്ഞ കക്കയുടെ അമിത ചൂഷണം തടയുന്നതിന് സാധിച്ചു. മഞ്ഞ കക്കയ്ക്ക് മറൈൻ സ്റ്റ്യുവർഡ്ഷിപ്പ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.
- കൊല്ലത്തെ KMML (Kerala Minerals and Metals Ltd.) ഫാക്ടറിയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിന്മേൽ പന്മന ഗ്രാമപഞ്ചായത്ത് ഇടപെടുകയും, അതിന്മേൽ ദേശീയ ഹരിത ട്രൈബ്യൂണലിൽ ഒരു കേസും നിലവിലുണ്ട്.
- കൊല്ലം ജില്ലയിലെ പിറവന്തൂർ, വിളക്കുടി ഗ്രാമപഞ്ചായത്ത് ബി.എം.സി. കൾക്ക് പ്രദേശത്തെ നിലം നികത്തൽ പ്രവർത്തനങ്ങൾ തടയുന്നതിന് സാധിച്ചു.
- കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ബി.എം.സി., പുഴകളിലെയും കായലിലെയും മണൽ ഖനനം തടഞ്ഞു, കൂടാതെ പ്രദേശത്തെ ചെങ്കൽ ചൂളകളുടെ പ്രവർത്തനം നിർത്തലാക്കി.
- പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. അവരുടെ പരിധിയിലെ പ്രധാന ജലസ്രോതസ്സായ വരട്ടാറിന്റെ പാരിസ്ഥിതിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
- ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്ത് ബി.എം.സി., ജില്ലാ കളക്ട്രേറ്റിന്റെ സഹായത്തോടെ കൊടികുത്തി മേഖലയിലെ അനധികൃത ഭൂമി കയ്യേറ്റം തടഞ്ഞു.
- തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ബി.എം.സി. പ്രദേശത്തെ ചിറ്റചെറുചക്കി ചോലയുടെ സംരക്ഷണം ഏറ്റെടുത്തപ്പോൾ, കടവല്ലൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി., പ്രത്യേകതരം ചികിത്സാരീതിയ്ക്ക് പ്രശസ്തമായ നായാടി കോളനിയുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കാർഷിക മേഖലയിലെ ഉന്നമനത്തിനും, കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിനും വേണ്ടി, പുന്നയൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി.

അവരുടെ അധികാര പരിധിയിൽ വരുന്ന പ്രദേശത്തെ പുഞ്ചപ്പാടങ്ങളുടെയും, കോൾ പടവുകളുടെയും സംരക്ഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു.

- പാലക്കാട് ജില്ലയിലെ  നെല്ലായി ഗ്രാമപഞ്ചായത്ത് ബി.എം.സി. കുന്നിടിക്കൽ, അനധികൃത മണൽ ഖനനം, നിലം നികത്തൽ എന്നിവയ്ക്കെതിരെ പ്രാദേശിക തലത്തിൽ നടപടികൾ കൈക്കൊണ്ടപ്പോൾ, പട്ടിത്തറ ഗ്രാമപഞ്ചായത്ത് ബി.എം.സി. കോടതി മുഖാന്തിരം നിയമപരമായി അവരുടെ അധികാര പരിധിയിലെ അനധികൃത കുന്നിടിക്കലും മണൽ ഖനനവും നിർത്തലാക്കി.  തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് ബി.എം.സി. യും ഇത്തരത്തിൽ നിയമപരമായി കുന്നിടിക്കലിൽ നിന്നും അവരുടെ അധികാര പരിധിയിലെ ചരിത്ര പ്രാധാന്യമുള്ള രായിരനെല്ലൂർ കുന്നിനെ സംരക്ഷിച്ചു.

- കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്ത് ബി.എം.സി. പ്രദേശത്തെ കക്കാട്കുന്ന്, കരിയാത്തൻ മല, കാവുകൾ എന്നിവയുടെ സംരക്ഷണത്തിന് അക്ഷീണം പ്രയത്നിച്ചു വരുന്നു. ഇവയുമായി  ബന്ധപ്പെട്ട് നിലവിൽ ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസുകൾ നിലനിൽക്കുന്നുണ്ട്.  തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. നിലം നികത്തൽ, നീർത്തടം നികത്തൽ എന്നിവയ്ക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

- കുറ്റ്യാടിപ്പുഴയുടെ പോഷകനദികളിലൊന്നായ ചൊവ്വപ്പുഴ ഒഴുകുന്നത് കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്തിലൂടെയാണ്. ഇതിന്റെ തീരങ്ങളിൽ വയൽ നികത്തൽ മുഖേന വൻതോതിലുള്ള ഭൂമി പരിവർത്തനം സംഭവിച്ചതായി മണിയൂർ ഗ്രാമപഞ്ചായത്തിലെ ജൈവവൈവിധ്യ പരിപാലന സമിതി ചൂണ്ടിക്കാട്ടി. റീസർവ്വെ നടത്തിയതിനുശേഷം ബാക്കിയുള്ള പ്രദേശം നെൽവയലായി പുനരുദ്ധരിക്കാൻ പഞ്ചായത്ത് പരിശ്രമിച്ചു. രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാതെ നാലുഘട്ടമായുള്ള കൃഷി സമ്പ്രദായത്തിലൂടെ മണിയൂർ പഞ്ചായത്തിനെ ഒരു സമ്പൂർണ്ണ ജൈവകർഷക പഞ്ചായത്താക്കി (Green Farming Panchayat) മാറ്റാനുള്ള പദ്ധതി പഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്.

- വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത് ബി.എം.സി., പശ്ചിമഘട്ടത്തിന്റെ ഭാഗമായിട്ടുള്ള, ജൈവവൈവിധ്യ മേഖലയായ ബ്രഹ്മഗിരിയിൽ മാലിന്യം നിക്ഷേപം തടയുന്നതിനും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിനും മുഖ്യപങ്ക് വഹിച്ചു.

- കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ആദ്യ കാലത്ത് പഞ്ചായത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനെന്ന പേരിൽ റോഡുകളുടെ ഇരുകരകളിലുള്ള സസ്യാവരണങ്ങൾ നശിപ്പിച്ചപ്പോൾ ഇടുപെടുകയും അത്തരം നശീകരണ പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

- കുമ്പപ്പുഴയുടെ സംരക്ഷണത്തിനായി കൂട്ടായ്മ രൂപവത്കരിച്ച അഞ്ച് പഞ്ചായത്തുകളിൽ ഒന്നാണ് ചപ്പാരപ്പടവ് പഞ്ചായത്ത്. നദിയിലെ മണൽ നഷ്ടപ്പെടുത്തുന്നതും, ജൈവവൈവിധ്യം നശിപ്പിക്കുന്നതുമായ വിവേചനരഹിതമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനായി, ആ പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു "വീക്ഷണ സമിതി" (പുഴയോര ജാഗ്രതാ സദസ്സ്) രൂപീകരിച്ചു. ജനപങ്കാളിത്തത്തോടെ നദീതീരം വൃത്തിയാക്കി. ഫിഷറീസ് വകുപ്പുമായി ചേർന്ന് പഞ്ചായത്തിലെ കുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.



ക്വാറി പുനരുദ്ധാരണം

**വാണിമേൽ ഗ്രാമപഞ്ചായത്ത്**

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് "മുത്തശ്ശിയോട് ഒരു ചോദ്യം" എന്ന പരിപാടി നടത്തുകയും അതിൽ വിജയിച്ച കുട്ടികൾക്ക് സമ്മാനവും നൽകി. CWRDMന്റെ സഹായത്തോടെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ ജൈവ വൈവിധ്യ സംവിധാനത്തിന്റെ പ്രധാന സ്രോതസ്സായ വാണിമേൽ പുഴ സംരക്ഷിക്കുന്നതിനായി പുഴയോരസഭകൾ നടത്തി. പ്രകൃതിയ്ക്ക് വിനാശം വരുത്തുന്ന പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നതിന് പഞ്ചായത്തിൽ ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചു. ഈ യൂണിറ്റിൽ പൊടിച്ച 2000 കിലോ പ്ലാസ്റ്റിക്ക് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകി. ലോക പരിസ്ഥിതി ദിനത്തിൽ 2000 വൃക്ഷ തൈകൾ നട്ടു. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ യുണിറ്റ് മുഖേന എല്ലാ വീടുകളിലും തുണിസഞ്ചി വിതരണം ചെയ്തു. കുട്ടികളിൽ പ്രകൃതി സ്നേഹം ഉണ്ടാക്കുന്നതിനുവേണ്ടി കുട്ടികൾക്കായി കാട് സന്ദർശനവും, പ്രകൃതിയുമായി ബന്ധപ്പെട്ട ക്വിസ് പരിപാടികൾകളും സംഘടിപ്പിച്ചു.

എല്ലാവീടുകളിലും കറിവേപ്പില, ഔഷധച്ചെടി എന്നിവ വിതരണം നടത്തി. പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് 8 ലക്ഷം രൂപ ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ നേതൃത്വത്തിൽ കാർഷിക നഴ്സറി ആരംഭിച്ചു. വാണിമേൽ പഞ്ചായത്തിന്റെ ജൈവവൈവിധ്യം സംരക്ഷിച്ചു കൊണ്ട് ഗ്രാമീണ ടൂറിസം പദ്ധതിയ്ക്ക് രൂപരേഖ സമർപ്പിച്ചു.

**പെരുമണ്ണ ഗ്രാമപഞ്ചായത്ത്**

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറെ അതിരിലൂടെ കടന്നുപോകുന്ന മാമ്പു ഴയുടെ ശോച്യാവസ്ഥ തിരിച്ചറിയുന്നതിന് CWRDM പഠനം നടത്തി ജില്ലാഭരണകൂടത്തിന് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുകയും മാമ്പുഴയുടെ പ്രധാന കൈത്തോടായ വലിയപാടം, മുപാലം തോടിന്റെ കുറേ ഭാഗങ്ങൾ കയർമാറ്റ്, പുല്ല് എന്നിവ ഉപയോഗിച്ച് ജൈവ

രീതിയിൽ സംരക്ഷിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ "പരിസ്ഥിതി പുനരുദ്ധീപനം" എന്ന പേരിൽ കർമ്മ പദ്ധതി തയ്യാറാക്കി പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി. ഈ പദ്ധതിയിൽ തീരസംരക്ഷണം, ജലശുചീകരണം എന്നിവയ്ക്കാണ് പ്രത്യേക പ്രധാന്യം നൽകുന്നത്. കിണറുകൾ, കുളങ്ങൾ, മറ്റു ജലാശയ സ്രോതസ്സുകൾ എന്നിവയുടെ വിശദമായ സർവ്വേ നടത്തി പദ്ധതിയുടെ റിപ്പോർട്ട് ഔപചാരികമായി പഞ്ചായത്തിന് സമർപ്പിച്ചു.

പരിസ്ഥിതി സംരക്ഷണം പുതുതലമുറയ്ക്ക് പകർന്ന് നൽകുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിസ്ഥിതി ക്യാമ്പുകൾ രൂപീകരിച്ചു. അന്യം നിന്നുകൊണ്ടിരിക്കുന്ന കിഴങ്ങു വർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിന് വേണ്ടി വാർഡ്തല സമിതിക്ക് രൂപം നൽകി.

### മാവൂർ ഗ്രാമപഞ്ചായത്ത്

2012 ൽ മാവൂർ ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യപരിപാലന സമിതി രൂപികരിച്ചശേഷം, ജൈവവൈവിധ്യ പരിപാലനത്തിനും, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കലിനും വേണ്ടി ശിൽപശാലകൾ നടത്തി. 2013 ൽ മാവൂരിന്റെ തണ്ണീർത്തടങ്ങൾക്ക് അടുത്തുള്ള വിവിധ ഭാഗങ്ങളിലെ അനധികൃത എം-സാന്റ് യൂണിറ്റുകൾക്കെതിരെ പ്രവർത്തനങ്ങൾ നടത്തി. മാവൂർ ജി.എച്ച്. എസ്.എസി.ലെ വിദ്യാർത്ഥികളുടെ സഹായത്തോടെ ചെറുപുഴയുടെ ഓരങ്ങളിൽ മുളകൾ നട്ടുപിടിപ്പിച്ച് ജൈവവേലി കെട്ടി. വില്ലേരിതാഴത്തിലെ ഗ്രാമവനം പദ്ധതിയെ പരിപോഷിപ്പിച്ചു.

2014 ൽ മാവൂർ തണ്ണീർത്തടത്തിലെ മലിനീകരണത്തെ കുറിച്ച് പഠിച്ച് പരിസ്ഥിതി സംരക്ഷണത്തിന് സമയോചിതമായി ഇടപെടൽ നടത്തി. എൻ.എസ്.എസ്. കോഴിക്കോടിന്റെ സഹകരണത്തോടെ ഗ്രാമവനങ്ങളിൽ ജൈവവേലി കെട്ടി. 2015 ൽ കുടുംബശ്രീയുടെ സഹകരണത്തോടെ ഗ്രാമവനങ്ങളിൽ ജൈവവേലി കെട്ടി. 2016 ൽ എല്ലാ മരങ്ങൾക്കും അവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സൈൻബോർഡ് സ്ഥാപിച്ചു. ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ സാധ്യതാ പഠനം നടത്താൻ വേണ്ടി മാവൂർ റയോൺസ് സന്ദർശിച്ചു.

2017 ൽ രക്തശാലിയെന്ന അപൂർവ്വയിനം നെല്ല് സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതു വഴി "ജീവൻ നിലനിർത്താൻ ആരോഗ്യകരമായ ഭക്ഷണം" എന്ന സന്ദേശം പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. ജലസംരക്ഷണത്തിനായി "ജീവാമൃത്" ശില്പശാല നടത്തുക, മലിനീകരണത്തിനെതിരെയും മാലിന്യ നിർമ്മാർജ്ജനത്തിനുമുള്ള പരിശീലനം നടത്തുക, കുട്ടികൾക്ക് വേണ്ടി ജൈവവൈവിധ്യ ശിൽപശാല നടത്തുക, ജൈവവൈവിധ്യ മേള നടത്തുക എന്നീ പദ്ധതികളാണ് 2017 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

### കോളയാട് ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ മലയോര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമപഞ്ചായത്താണ് കോളയാട്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, ജൈവകൃഷി, വനവൽക്കരണം തുടങ്ങിയ ഒട്ടേറെ മാതൃകാ പദ്ധതികൾ ഈ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകളുടെ ഇരുവശവും 33.92 കി.മീ സ്ഥലത്ത് വേപ്പ്, പേര, മഹാഗണി, പുളി, മന്ദാരം, സീതാപ്പഴം, നെല്ലി, മണിമരുത് എന്നീ വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. എടയാർ പുഴയോരങ്ങളിൽ 4000 മുള തൈകൾ നട്ട് പിടിപ്പിച്ചു.

കോളയാട് ഗ്രാമപഞ്ചായത്തിലെ ജലസംരക്ഷണത്തിന്റെ ഭാഗമായി 365 ജൈവതടയണകൾ 12000 മഴക്കുഴികൾ, 186 ട്രഞ്ചുകൾ, 5000 മീറ്ററോളം കല്ല് കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾ മുഖാന്തിരം ജലസംരക്ഷണം സംബന്ധിച്ച ലഘുലേഖകൾ അച്ചടിച്ച് വീട് വീടാന്തിരം വിതരണം നടത്തൽ, പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ നിന്ന് മോട്ടോർ ഉപയോഗിച്ചുള്ള ജലസേചനം നിരോധിക്കൽ, കുഴൽകിണറുകളുടെ നിർമ്മാണവും അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തിയിട്ടുണ്ട്.

വനമേഖലകൾ ഉൾപ്പെടുന്ന കോളയാട് പഞ്ചായത്തിലെ ജൈവ-അജൈവ മാലിന്യങ്ങൾ റോഡ് സൈഡുകളിലും വനാന്തരങ്ങളിലും വലിച്ചെറിയപ്പെടുന്നു എന്ന തിരിച്ചറിവാണ് 'തെളിമ' എന്ന ശുചിത്വ പദ്ധതി ഏറ്റെടുത്ത് നടത്താൻ കാരണമായത്. പഞ്ചായത്ത് തലത്തിൽ വ്യാപാരവ്യവസായികൾ, വിവിധ മതസംഘടനകൾ, അവയുടെ ഭാരവാഹികൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്കൂൾ പി.ടി.എ. പ്രസിഡന്റ്, വിവിധ സംഘടനാ ഭാരവാഹികൾ, സി.ഡി.എസ്. പ്രവർത്തകർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് മാലിന്യ സംസ്കരണത്തെക്കുറിച്ച് ശിൽപശാല നടത്തുകയും ജനങ്ങളെ അവബോധമുള്ളവരാക്കുകയും ചെയ്തു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ കുടുംബശ്രീ വാളണ്ടിയർ മുഖാന്തിരം വീടു വീടാന്തിരം കയറി ശേഖരിച്ച് റീസൈക്ലിംഗ് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ചെയ്തു. എല്ലാവിധ പ്ലാസ്റ്റിക് ക്യാരി ബാഗുകളും നിരോധിച്ച ഒരു പഞ്ചായത്താണ് കോളയാട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ പൂർണ്ണ നിരോധനത്തിനു വേണ്ടി നിരന്തരമായി കടകളിൽ കയറിയിറങ്ങി, പരിശോധന നടത്തുകയും പിഴ ചുമത്തുകയും ചെയ്തു.

'മാലിന്യമില്ലാത്ത മാംഗല്യം' പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, വിവാഹച്ചടങ്ങുകളിൽ നിന്നും ഐസ്ക്രീം കപ്പ്, മിഠായി, ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ്, ഫ്ളക്സ് എന്നിവ ഒഴിവാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ ഈ പദ്ധതിയ്ക്ക് വൻജനപിന്തുണയുണ്ടായിരുന്നു. ഇതോടെ 100 ആളുകളിൽ കൂടുതൽ പങ്കെടുക്കുന്ന എല്ലാ പൊതു ചടങ്ങുകൾക്കും പഞ്ചായത്ത് അനുമതിയുണ്ടായിരിക്കണം എന്ന് പൊതുവിജ്ഞാപനം പുറപ്പെടുവിച്ചു. ഇത് അംഗീകരിക്കുന്നതിനായി ഗ്രാമസഭ 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പാക്കി. ആയതിനായി പഞ്ചായത്ത് പ്രത്യേകം അപേക്ഷാ ഫോറങ്ങളും അനുമതി പത്രവും അച്ചടിച്ചു. ഇതനുസരിച്ച് 100ൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചുള്ള 86 പൊതുചടങ്ങുകൾ നടന്നു കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഹരിത കർമ്മസേന രൂപീകരിച്ചു. എല്ലാ സ്കൂളുകളിലും കുട്ടികൾക്കും, അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും, ബോധവത്കരണം നടത്തുകയും പ്ലാസ്റ്റിക് പേന ഉപേക്ഷിച്ച് എല്ലാ കുട്ടികളും മഷിപേനയും, വാട്ടർബോട്ടിലുകൾ ഒഴിവാക്കി സ്റ്റീൽ ബോട്ടിലും ശീലമാക്കി. മത്സ്യ വാഹനങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി പഞ്ചായത്തിൽ ടൺ കണക്കിന് മാലിന്യങ്ങൾ ഒഴിവാക്കാൻ സാധിച്ചു.

പഞ്ചായത്തിലെ 11 സ്കൂളുകളിൽ ജൈവകൃഷി ചെയ്ത് പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു. ഇവ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുപയോഗിക്കാനും, ഇതുവഴി കുട്ടികളിൽ ജൈവകൃഷിയോട് ആഭിമുഖ്യമുണ്ടാക്കാനും സാധിച്ചു. തരിശു വയലുകളിൽ നെൽകൃഷി, വാഴകൃഷി വിളവെടുപ്പ് നടത്തി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 2 ടൺ ജൈവമഞ്ഞൾ ഉൽപാദിപ്പിക്കുകയും റെയ്ഡ്കോയിൽ കറിപൗഡർ നിർമ്മാണത്തിന് കയറ്റി അയക്കുകയും ചെയ്തു. ഇഞ്ചി, ചേന, ചേമ്പ്, കപ്പ, പച്ചമുളക്, തുവര, എള്ള് തുടങ്ങി അന്യം നിന്ന്

പൊയ്ക്കൊണ്ടിരിക്കുന്നതരം ഭക്ഷ്യവസ്തുക്കൾ ഇവിടെ വിഷരഹിതമായി ഉത്പാദിപ്പിക്കുന്നുണ്ട്.

സ്കൂളുകളിൽ പച്ചക്കറി വിത്ത് വിതരണം ചെയ്തു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പച്ചക്കറി വിത്തുകളും മഹാഗണി, വേപ്പ്, കറിവേപ്പില, വാഴ എന്നിവയുടെ തൈകളും പച്ചമുളക്, തക്കാളി തുടങ്ങിയവയുടെ തൈകളും വിതരണം നടത്തി. സസ്യസംരക്ഷണത്തിന്റെ ഭാഗമായി ജൈവ വേലികെട്ടി സംരക്ഷിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യം നീക്കം ചെയ്ത് സസ്യങ്ങളും പൂന്തോട്ടങ്ങളും വച്ച് പിടിപ്പിച്ചു. ഇതോടൊപ്പം ജൈവവളങ്ങളും നൽകി ജൈവകൃഷിയെ പ്രോത്സാഹിപ്പിച്ചു.

മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് പാൽസബ്സിഡി നൽകുകയും നെൽകൃഷി വഴി ലഭിച്ച തീറ്റകൾ സൗജന്യമായി പശുക്കൾക്ക് നൽകുകയും ചെയ്തു. സമഗ്ര തെങ്ങ് കൃഷി വികസനം തേങ്ങ ഉത്പാദനം കൂടുതൽ ലാഭകരമാക്കുകയും ഇതു വഴി ലഭിക്കുന്ന ഉപഉത്പാദനമായി തേങ്ങാപിണ്ണാക്ക് ക്ഷീരകർഷകർക്ക് നൽകുകയും ചെയ്തു. പഞ്ചായത്തിന്റെ ആട്, പശു വളർത്തൽ പദ്ധതികൾ പാലുൽപന്നങ്ങളുടെ വർദ്ധനവിന് കാരണമായി.

ആദിവാസി വൈദ്യം പ്രോത്സാഹിപ്പിക്കാൻ ഔഷധസസ്യങ്ങൾ നൽകി വരുന്നുണ്ട്. ആദിവാസികൾ മുള, ഈറ്റ മുതലായ വനവിഭവങ്ങൾ ഉപയോഗിച്ച് പരമ്പരാഗതമായി നിർമ്മിച്ച് വരുന്ന ആഭരണങ്ങൾ, വീട്ടുപയോഗത്തിനും തൊഴിൽ ആവശ്യത്തിനും ഉള്ളവ നിർമ്മിച്ച് വിപണനം ചെയ്യാൻ പഞ്ചായത്ത് പ്രോത്സാഹനം നൽകുന്നു.

**അടൂർ നഗരസഭ**

നഗരസഭയിലെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരിസ്ഥിതി കാവലാളായ് പ്രവർത്തിക്കുന്ന ബി.എം.സി.യാണ് പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയിലെ ജൈവ വൈവിധ്യ പരിപാലന സമിതി.

കരുവാറ്റ മാർസ്ലീബാ പള്ളിക്ക് സമീപം സ്വകാര്യവ്യക്തികളുടെ അനധികൃതമായ തണ്ണീർത്തടം നികത്തൽ തടഞ്ഞത് ബി.എം.സി.യുടെ സമയോചിതമായ ഇടപെടൽ മൂലമാണ്. കരുവാറ്റ ഏലാത്തോട്ടിൽ ചില സ്വകാര്യ വ്യക്തികൾ ബണ്ട് കെട്ടി ഒഴുക്ക് തടസ്സപ്പെടുത്തിയിരുന്നു. ബി.എം.സി. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് അനധികൃതമായ ബണ്ട് നിർമ്മാണം അവസാനിപ്പിച്ചു. അടൂർ മൂന്നാളം ബൈപാസ് റോഡിന്റെ സമീപം പല സ്ഥലങ്ങളിൽ നിന്നും കക്കൂസ് മാലിന്യങ്ങൾ, ഇറച്ചി വേസ്റ്റുകൾ, പ്ലാസ്റ്റിക് ചാക്കിലും മറ്റും നിറച്ച മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുകയും ഇത് ഡെങ്കിപ്പനി പോലുള്ള അസുഖങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഇതിനെതുടർന്ന് ബി.എം.സി. അംഗങ്ങളും കുടുംബശ്രീ പ്രവർത്തകരും ചേർന്ന് മാലിന്യ സംസ്ക്കരണം നടത്തുകയും, മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ ചിലസ്ഥലങ്ങളിൽ മാലിന്യ സംസ്ക്കരണകുഴികൾ നിർമ്മിക്കുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. അടൂർ കണ്ണംകോട് കെൻകോസ് ഗ്രൗണ്ട്, പാറക്കോട് അനന്തരാമപുരം മാർക്കറ്റ് എന്നിവിടങ്ങളിലെ പൊതുകിണറും പരിസരവും മാലിന്യനിക്ഷിപ്തമായതിനെ തുടർന്ന് പൊതുജനസഹായത്തെടെ ബി.എം.സി. അംഗങ്ങൾ മാലിന്യം നീക്കം ചെയ്യുകയും കിണറുകൾ ഉപയോഗപ്രദമാക്കുകയും ചെയ്തു. അടൂർ വലിയ തോടിന്റെ ഇരു കരയിലുമുള്ള ഹോട്ടലുകൾ, ഹോസ്പിറ്റൽ, വസ്ത്ര വ്യാപാരശാലകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ വലിയ തോട്ടിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ ബി.എം.സി.യ്ക്ക് സാധിച്ചു.

പന്നിവിഴ വലിയകുളം, പന്നിവിഴ പാമ്പേറ്റുകുളം എന്നിവ ബി.എം.സി. അംഗങ്ങൾ സന്ദർശി

ക്കുകയും ജൈവവൈവിധ്യ സംരക്ഷണം നിലനിർത്തുന്നതിന് കുളങ്ങളുടെ ഇരുകരകളിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനും തീരുമാനിച്ചു. ജൈവവൈവിധ്യ കേന്ദ്രങ്ങളായ അയ്യപ്പൻപാറ കാവ്, കൈമലപ്പാറകാവ് എന്നിവിടങ്ങളിലെ കയ്യേറ്റം, മേച്ചിൽ, മലിനീകരണം എന്നിവ തടയാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി. അയ്യപ്പൻപാറകുളത്തിനു ചുറ്റും ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കാൻ തീരുമാനിച്ചു. ജൈവവൈവിധ്യ ശോഷണം നേരിടുന്ന എല്ലാ കാവുകളുടെയും കുളങ്ങളുടെയും എണ്ണം തിട്ടപ്പെടുത്താനും കാവുകളുടെ സംരക്ഷണത്തിനായി കാവുസംരക്ഷണ ബോർഡ് സ്ഥാപിക്കാനും തീരുമാനിച്ചു.

അടൂർ മുൻസിപ്പാലിറ്റിയിലെ ജൈവവൈവിധ്യ സമ്പന്ന കേന്ദ്രമായ കരുവാറ്റ ഏലാതോട് ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി അടൂർ നഗരസഭ അംഗീകരിക്കുകയും തുടർന്ന് ഒരു പ്രോജക്ട് ബി.എം.സി. അംഗങ്ങൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമർപ്പിക്കാനും തീരുമാനിച്ചു.

**കരിങ്കുന്നം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്താണ് കരിങ്കുന്നം. പഞ്ചായത്തിലെ വിവിധ ജലസ്രോതസ്സുകളുടെ വിശദമായ ഒരുപട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെയും വിവിധ കുടുംബശ്രീ യൂണിറ്റുകളുടെയും നേതൃത്വത്തിൽ തയ്യാറാക്കുകയും അതനുസരിച്ച് പരിപാലനത്തിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. പഞ്ചായത്തിലെ 250 ൽ പരം കിണറുകൾ റീച്ചാർജിംഗ് ചെയ്തു. ദേശീയ തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് വിവിധ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

പഞ്ചായത്ത് കമ്മിറ്റിയുടെയും ദേശീയ തൊഴിലുറപ്പ് തൊഴിലാളികളുടെയും കുടുംബശ്രീ പ്രവർത്തകരുടെയും നേതൃത്വത്തിൽ ജൂൺ 5ന് ദേശീയ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഔഷധസസ്യങ്ങൾ, തണൽ മരങ്ങൾ എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ചുപിടിപ്പിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓരോ സ്ഥലത്തും നേരിട്ടെത്തി സംഭരിച്ച് റീസൈക്ലിംഗ് പ്ലാന്റുകളിലേക്ക് കയറ്റി അയക്കുകയും പ്ലാസ്റ്റിക് ബാഗുകളുടെ ഉപഭോഗം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരോധിക്കുകയും ചെയ്തു. പരിസ്ഥിതി സൗഹൃദ ബാഗുകളും കിറ്റുകളും വിപണിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

ജൈവവളം ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പൊലിവ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്വയംസഹായ സംഘങ്ങളുടെയും അയൽക്കൂട്ടങ്ങളുടെയും കൂട്ടായ്മയിൽ നെൽകൃഷിയും പച്ചക്കറികൃഷിയും നടത്തുകയുണ്ടായി. 2016 ലെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും മികച്ച ‘ക്ഷോണി പരിപാലക’ അവാർഡ് ജേതാവ് ശ്രീ.വി.കെ.ചാണ്ടി വടക്കേക്കര, കരിങ്കുന്നം പഞ്ചായത്ത് നിവാസിയാണ്.

പഞ്ചായത്തിലെ വിവിധ സസ്യങ്ങളുടെയും ജന്തുക്കളുടെയും സ്ഥിതിവിവരക്കണക്കുകൾ 2012 ൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുമ്പോൾ കൂട്ടിച്ചേർത്തിട്ടുണ്ട്. 2016 ഡിസംബർ മാസത്തിൽ ആയുഷ് ഗ്രാം പദ്ധതിയുടെ ഭാഗമായി ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതിനെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

വിവിധ ജില്ലകളിൽ ബി.എം.സി. കളുടെ നേതൃത്വത്തിൽ മേൽ പ്രസ്താവിച്ചിട്ടുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെല്ലാം തന്നെ അതാതിടങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടുകൂടിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

**ഔഷധസസ്യ സംരക്ഷണം**

ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വയനാട് ജില്ലയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന "ഔഷധസസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും സുസ്ഥിരശേഖരണവും വിളവെടുപ്പും മൂല്യ വർദ്ധിത ഉൽപ്പന്നവൽക്കരണവും" എന്ന പേരിലുള്ള പദ്ധതി, വയനാട് ജില്ലയിലെ തവിഞ്ഞൽ, തിരുനെല്ലി, നൂൽപുഴ, പൂതാടി, പൊഴുതന എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ ജൈവ വൈവിധ്യ പരിപാലന സമിതികളുടെയും ഔഷധസസ്യ കർഷക സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പിനായി പ്രസ്തുത ഗ്രാമപഞ്ചാ യത്തുകളിൽ സംഭരണശാലയും, ഉണക്കുതറയും (Warehouse and Drying land) നിർമ്മിച്ചിട്ടുണ്ട്.



ദേശീയ ഔഷധസസ്യബോർഡിന്റെ സഹായത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന ഔഷധസസ്യങ്ങളുടെ സംരക്ഷണവും സുസ്ഥിരപോയഗവും എന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ബി.എം.സി. അംഗങ്ങൾക്കുള്ള ബോധവൽകരണ പരിപാടി


തെലുങ്കാന ജൈവവൈവിധ്യ ബോർഡംഗങ്ങളുടെ സന്ദർശനം

## പ്രവർത്തന അവലോകനം സംബന്ധിച്ച് ചോദ്യാവലിയിൽ നിന്ന് പരിസ്ഥിതിയുമായോ/ ജൈവവൈവിധ്യവുമായോ ബന്ധപ്പെട്ട പ്രശ്നങ്ങൾ

| ക്രമ നമ്പർ | ജില്ല | ജൈവവൈവിധ്യ പരിപാലന സമിതികൾ | പരിസ്ഥിതിയുമായോ/ജൈവവാവിധ്യവുമായോ ബന്ധപ്പെട്ട പ്രശ്നങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം |
|---|---|---|---|
| 1 | തിരുവനന്തപുരം | ചെറുന്നിയൂർ | കായൽ പര്യവേഷണം; കുന്നിടിക്കൽ ; കാവുകൾ, കായലുകൾ, കുന്നുകൾ എന്നിവയുടെ സംരക്ഷണം |
| 2 | | കല്ലിയൂർ | നിരോധിക്കപ്പെട്ട രാസകീടനാശിനികളുടെ ഉപയോഗം, വെള്ളായണി കായലിലെ കടന്നുകയറ്റം |
| 3 | | കുളത്തൂർ | കടൽ തീരത്തെ മണൽ ഖനനം |
| 4 | | നന്ദിയോട് | മീൻമുട്ടി സംരക്ഷിത പ്രദേശമായി പരിവർത്തനം ചെയ്യാൻ കഴിയും |
| 5 | | പള്ളിച്ചൽ | വെള്ളപ്പട്ടി-പാലപൊട്ട മേഖലയിലെ ഖനനം; മുക്കുന്നിമലയിലെ ഖനനം |
| 6 | | പൂവാർ | കണ്ടൽക്കാടുകളുടെ നശീകരണം, കടൽ തീരത്തെ മണൽ ഖനനം |
| 7 | | തിരുപുറം | ഇഷ്ടിക ചൂളയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നെയ്യാർ നദിയിലെ മണൽ ഖനനം, വയൽ നികത്തൽ, കോഴിഫാമുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 8 | | വക്കം | കായൽ മലിനീകരണം |
| 9 | | നെടുമങ്ങാട് | കിള്ളി നദിയിലെ ഖനനവും മലീനീകരണവും, വന മേഖലയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 10 | | നെയ്യാറ്റിൻകര | വയൽ നികത്തൽ |
| 11 | | തിരുവനന്തപുരം | കിള്ളി നദിയുടെയും പാർവ്വതിപുത്തനാറിന്റെയും മലിനീകരണം |
| 12 | കൊല്ലം | ആദിച്ചനല്ലൂർ | പൊഴിമേഖലയുടെ നശീകരണം |
| 13 | | ആലപ്പാട് | കണ്ടൽക്കാടുകളുടെ നശീകരണം |
| 14 | | കിഴക്കെ കല്ലട | മണൽ ഖനനം |
| 15 | | ഇളമാട് | തണ്ണീർത്തടം നികത്തൽ, ഖനനം |
| 16 | | മൺറോതുരുത്ത് | കണ്ടൽക്കാടുകളുടെ സംരക്ഷണം |
| 17 | | മൈലം | വയൽ നികത്തൽ, മണൽ ഖനനം |
| 18 | | നെടുമ്പന | തണ്ണീർത്തടങ്ങളിലെ മണൽഖനനം |
| 19 | | നിലമേൽ | ഏലിക്കുന്നിലെ ഖനനം |
| 20 | | പിറവന്തൂർ | പാറപൊട്ടിക്കലും, അസന്തുലിത മണൽ ഖനനവും |
| 21 | | പൂതക്കുളം | വയൽനികത്തൽ |
| 22 | | പോരുവഴി | കാവുകളുടെ സംരക്ഷം; കാവുകളുടെയും കുളങ്ങളുടെ യും സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നൽകുന്നു |
| 23 | | തെക്കുംഭാഗം | കായൽ മലിനീകരണവും ജൈവവൈവിധ്യ ചൂഷണവും |
| 24 | | വെസ്റ്റ് കല്ലട | മണൽ ഖനനം, ശാസ്താംകോട്ട കായലിന്റെ തീരത്തുള്ള അക്കേഷ്യ മരങ്ങളുടെ സാന്നിധ്യം കൊണ്ടുള്ള ജലദൗർലഭ്യം |
| 25 | | കൊല്ലം നഗരസഭ | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 26 | പത്തനംതിട്ട | ആറന്മുള | ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 27 | | ഇരവിപേരൂർ | വരട്ടാറിന്റെ അധഃപതനം |
| 28 | | എഴുമറ്റൂർ | വയൽ നികത്തൽ, പാറപൊട്ടിക്കൽ |
| 29 | | പത്തനംതിട്ട | മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| 30 | ആലപ്പുഴ | ചെട്ടികുളങ്ങര | ഒതലപ്പുഴ കനാലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 31 | | കണ്ടല്ലൂർ | മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 32 | | മാവേലിക്കര-താമരക്കുളം | ചെമ്മണ്ണിന്റെ ഖനനവും പാറപൊട്ടിക്കലും |
| 33 | | പാലമേൽ | മണൽ ഖനനം മൂലമുള്ള ജല ദൗർലഭ്യം |
| 34 | | പാണ്ടനാട് | പമ്പാനദിയിലെ മലിനീകരണം |
| 35 | | പുളിങ്കുന്ന് | കായൽ മലിനീകരണം, വയൽ നികത്തൽ, റോഡുകളുടെ വശങ്ങളിൽ മാലിന്യം വലിച്ചെറിയൽ |
| 36 | കോട്ടയം | അയ്മനം | നെൽവയൽ നികത്തൽ |
| 37 | | കറുകച്ചാൽ | മണൽ ഖനനം |
| 38 | | മണിമല | മണൽ ഖനനം, വയൽ നികത്തലും ഖനനവും |
| 39 | | പനച്ചിക്കാട് | വനനശീകരണം |
| 40 | | വാകത്താനം | മണൽ ഖനനം |
| 41 | ഇടുക്കി | ആലക്കോട് | ഭൂമി ഇടിഞ്ഞ് പോവുക |
| 42 | | ബൈസൺ വാലി | കാട്ട് തീ |
| 43 | | ഇടവെട്ടി | മലിനീകരണം |
| 44 | | ഏലപ്പാറ | മലിനീകരണം, ജല ദൗർലഭ്യം, വനനശീകരണം |
| 45 | | ഇരട്ടയാർ | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 46 | | കാമാക്ഷി | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 47 | | കാഞ്ചിയാർ | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 48 | | കാന്തല്ലൂർ | വലിയ കൃഷി രീതിമൂലമുള്ള ജലസേചന പ്രശ്നം |
| 49 | | കരിമണ്ണൂർ | മലിനീകരണം |
| 50 | | കരിങ്കുന്നം | മലിനീകരണം |
| 51 | | കട്ടപ്പന | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 52 | | കോടിക്കുളം | ഭൂമി ഇടിഞ്ഞ് പോവുക |
| 53 | | കുമാരമംഗലം | മലിനീകരണം |
| 54 | | മരിയാപുരം | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 55 | | മൂന്നാർ | മലിനീകരണം |
| 56 | | പുറപ്പുഴ | മലിനീകരണം |
| 57 | | ശാന്തൻപാറ | നദിമലിനീകരണവും ഖനനവും |
| 58 | | ഉടുമ്പന്നൂർ | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 59 | | വണ്ടിപ്പെരിയാർ | വനനശീകരണം, ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ |
| 60 | | വണ്ണപ്പുറം | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) |
| 61 | | വട്ടവട | വലിയ കൃഷി രീതിമൂലമുള്ള ജലസേചന പ്രശ്നം |
| 62 | | വാഴത്തോപ്പ് | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) |
| 63 | | വെള്ളിയാമറ്റം | ഭൂമി ഇടിഞ്ഞ് പോവുക, ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) |
| 64 | | തൊടുപുഴ | വയൽ നികത്തൽ, ഖനനം |

| | | | |
|---|---|---|---|
| 65 | | ചെല്ലാനം | ഉയർന്ന വേലിയേറ്റ സമയങ്ങളിൽ ഉപ്പ് വെള്ളം കടന്നുകയറുന്നത് പൊക്കാളി കൃഷിയെ ബാധിക്കുന്നു |
| 66 | | ചേന്ദമംഗലം | മണ്ണൊലിപ്പ് |
| 67 | | ചോറ്റാനിക്കര | കുന്നുകളെയും പർവ്വതങ്ങളെയും ബാധിക്കുന്ന മണൽ ഖനനം |
| 68 | | എടക്കാട്ടുവയൽ | മണൽ ഖനനവും പാറപൊട്ടിക്കലും |
| 69 | | എടവനക്കാട് | ഉയർന്ന വേലിയേറ്റങ്ങൾ |
| 70 | എറണാകുളം | കാലടി | മലിനീകരണം |
| 71 | | കുന്നത്തുനാട് | മണൽ ഖനനവും ജലദൗർലഭ്യവും |
| 72 | | കുട്ടമ്പുഴ | വനനശീകരണം |
| 73 | | മുളന്തുരുത്തി | തണ്ണീർത്തടങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം |
| 74 | | നെടുമ്പാശ്ശേരി | മലിനീകരണം |
| 75 | | പായിപ്ര | ഖനനവും വയൽ നികത്തലും |
| 76 | | പാറക്കടവ് | കായൽ മലിനീകരണം |
| 77 | | വടക്കേക്കര | തീരദേശ മേഖലയിലെ ഉയർന്ന വേലിയേറ്റവുമായി ബന്ധപ്പെട്ട ഗുരുതര പ്രശ്നങ്ങൾ |
| 79 | | എരുമപ്പെട്ടി | ചിറ്റണ്ട ചേരചക്കി ചോലയുടെ സംരക്ഷണം |
| 80 | | കടവല്ലൂർ | നായിടി കോളനി സംരക്ഷണം, ഇത് പത്യേക ചികിത്സയ്ക്ക് പ്രധാനമാണ് |
| 81 | തൃശ്ശൂർ | ഒരുമനയൂർ | കണ്ടൽക്കാടുകൾ നശിപ്പിക്കുക, നദികൾ നശിപ്പിക്കുക |
| 82 | | പോർക്കുളം | വയൽ നികത്തൽ, കുന്നുകൾ നിരപ്പാക്കൽ |
| 83 | | പുന്നയൂർ | കോൾ പാടങ്ങളുടെ സംരക്ഷണം |
| 84 | | വടക്കാഞ്ചേരി | വടക്കാഞ്ചേരി നദിയുടെയും ചിറയുടെയും സംരക്ഷണം |
| 85 | | അഗളി | ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ), വിള നശീകരണം, കുടിവെള്ള ക്ഷാമം |
| 86 | | എരിമയൂർ | ഖനനം |
| 87 | | കാഞ്ഞിരപുഴ | ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) |
| 88 | | കരിമ്പ | വയൽ നികത്തൽ |
| 89 | | കരിമ്പുഴ | കുടിവെള്ള ക്ഷാമം |
| 90 | പാലക്കാട് | ലെക്കിടി-പേരൂർ | ഖനനവും പാറപൊട്ടിക്കലും കൊണ്ടുള്ള പ്രശ്നങ്ങൾ. 2012 മുതൽ നദീതീര സംരക്ഷണത്തിനായി ഓരോ വർഷവും ഏകദേശം 3 ലക്ഷം രൂപയാണ് ഉപയോഗിക്കുന്നത് |
| 91 | | തെങ്കര | എൻഡോസൾഫാനുമായി ബന്ധപ്പെട്ട വിഷയങ്ങൾ |
| 92 | | തിരുവേഗപ്പുറ | നദിയിലേക്കുള്ള കടന്നു കയറ്റം, മണൽ ഖനനം, തണ്ണീർത്തടങ്ങളുടെ നാശം |
| 93 | | വടക്കഞ്ചേരി | 2013-14 ൽ ബയോഗ്യാസ് പ്ലാന്റിനുവേണ്ടി 10 ലക്ഷം രൂപ |
| 94 | | വെള്ളിനേഴി | കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണം |
| 95 | | ഒറ്റപ്പാലം | 2009 മുതൽ സാമൂഹ്യ വനവത്കരണ പരിപാടികൾ |

| | | | |
|---|---|---|---|
| 96 | മലപ്പുറം | ആലംകോട് | ഭൂമി നിരപ്പാക്കൽ, മലിനീകരണം |
| 97 | | ചൊക്കാട് | കാട്ടുമൃഗങ്ങൾ കാരണമുള്ള വിള നശീകരണം. അതിനാൽ കർഷകർക്ക് കൃഷി ചെയ്യാൻ താൽപര്യം ഇല്ല |
| 98 | | എടരിക്കോട് | റോഡരികിൽ മരങ്ങൾ വച്ച് പിടിപ്പിക്കുക, സംഘ കൃഷി പ്രോത്സാഹിപ്പിക്കുക |
| 99 | | എടയൂർ | അനധികൃത ഖനനം, ഭൂമി നിരപ്പാക്കൽ |
| 100 | | കൊണ്ടോട്ടി | തണ്ണീർത്തടങ്ങളുടെ നാശം, മലിനീകരണം |
| 101 | | കുറ്റിപ്പുറം | മണൽ ഖനനം |
| 102 | | നന്നംമുക്ക് | കാർഷിക മേഖലയിൽ കീടനാശിനികളുടെ വർദ്ധിച്ച ഉപയോഗം, അധിനിവേശ സസ്യങ്ങളുടെ വലിയ തോതിലുള്ള വളർച്ച |
| 103 | | പള്ളിക്കൽ | ബയോഗ്യാസ് പ്ലാന്റുകളും കമ്പോസ്റ്റ്കളും പ്രോത്സാഹിപ്പിക്കുക |
| 104 | | പെരുമണ്ണ ക്ലാരി | ഓരോ വീട്ടിലും ഒരു മാവ്, ആധുനിക കൃഷി ഭൂമി, വാഴകൃഷി മുതലായവ |
| 105 | | പുറത്തൂർ | മലിനീകരണം |
| 106 | | തലക്കാട് | കണ്ടൽക്കാടുകളുടെ നാശം |
| 107 | | വളഞ്ചേരി | അനധികൃത വയൽ നികത്തലും ഭൂമി നിരപ്പാക്കലും |
| 108 | | വെളിയങ്കോട് | മലിനീകരണം |
| 109 | | വെട്ടം | മലിനീകരണവും വയൽ നികത്തലും |
| 110 | കോഴിക്കോട് | അഴിയൂർ | മണൽ ഖനനം മൂലം നദികളിൽ ഉപ്പുവെള്ളം കയറുന്നു, ഉയർന്ന വേലിയേറ്റ പ്രശ്നങ്ങൾ |
| 111 | | ചെറുവണ്ണൂർ | മണൽ ഖനനവും പാറപൊട്ടിക്കലും |
| 112 | | എടച്ചേരി | ഉപ്പുവെള്ളം കടന്നുകയറുന്നതു കുടിവെള്ളത്തെ ബാധിക്കുന്നു |
| 113 | | ഏറാമല | വയൽ നികത്തലും, തണ്ണീർത്തടം നികത്തലും, നെൽകൃഷി കുറയുന്നു |
| 114 | | കടലുണ്ടി | മണൽ ഖനനം, വയൽ നികത്തൽ, ഭൂമി നിരപ്പാക്കൽ |
| 115 | | കക്കോടി | വയൽ നികത്തൽ, ഭൂമി നിരപ്പാക്കൽ |
| 116 | | കാക്കൂർ | വയൽ നികത്തൽ, ഭൂമി നിരപ്പാക്കൽ |
| 117 | | കാരശ്ശേരി | മണൽ ഖനനം, പാറപൊട്ടിക്കൽ |
| 118 | | കാവിലുമ്പാറ | കടുത്ത മണ്ണൊലിപ്പ് |
| 119 | | കായക്കൊടി | ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) സാധ്യത മേഖല |
| 120 | | കൊടിയത്തൂർ | മണൽ ഖനനം, പാറപൊട്ടിക്കൽ, ഭൂമി നിരപ്പാക്കൽ |
| 121 | | കൂതാളി | മണൽ ഖനനം, പാറപൊട്ടിക്കൽ |
| 122 | | കോട്ടൂർ | ഖനനം |
| 123 | | കുരുവട്ടൂർ | വയൽ നികത്തൽ, ഭൂമി നിരപ്പാക്കൽ |
| 124 | | കുറ്റ്യാടി | നദിയുടെ നാശം |
| 125 | | മടവൂർ | മണൽ ഖനനം, മണൽ ഇടിച്ചിൽ, മലിനീകരണം |

| | | | |
|---|---|---|---|
| 126 | കോഴിക്കോട് | മണിയൂർ | ചൊവ്വപ്പുഴയിലെ കടന്നുകയറ്റം, ഭൂമി നിരപ്പാക്കൽ, വയൽ നികത്തൽ, തണ്ണീർത്തടം നികത്തൽ |
| 127 | | മാവൂർ | അനധികൃത M സാന്റ് യൂണിറ്റ്, വയൽ നികത്തൽ |
| 128 | | നന്മണ്ട | വയൽ നികത്തലും ഖനനവും |
| 129 | | നരിപ്പറ്റ | ഖനനം |
| 130 | | നൊച്ചാട് | വയൽ നികത്തലും തണ്ണീർത്തടം നികത്തലും |
| 131 | | ഓമശ്ശേരി | ഖനനവും തണ്ണീർത്തടം നികത്തലും |
| 132 | | പെരുമണ്ണ | ഭൂമി നിരപ്പാക്കൽ, വയൽ നികത്തൽ, പാറപൊട്ടിക്കൽ, മണൽ ഖനനം |
| 133 | | പുതുപ്പാടി | വനനശീകരണം, ഭൂമി നിരപ്പാക്കൽ |
| 134 | | തലക്കുളത്തൂർ | ഭൂമി നിരപ്പാക്കൽ, തണ്ണീർത്തടം നികത്തൽ, ഖനനം |
| 135 | | തിരുവള്ളൂർ | വയൽ നികത്തലും തണ്ണീർത്തടം നികത്തലും കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നു. **കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണത്തിനായി പഞ്ചായത്തിന്റെ ഫണ്ട് ഓരോ വർഷവും പരമാവധി ഉപയോഗിക്കുന്നു** |
| 136 | | തിരുവമ്പാടി | ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ), മണൽ ഖനനം |
| 137 | | ഉള്ളിയേരി | നദീജല മലിനീകരണം |
| 138 | | വില്യാപ്പള്ളി | വലിയമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ |
| 139 | വയനാട് | എടവക | സ്വന്തം ഫണ്ടിലുള്ള ഒരു ലക്ഷം |
| 140 | | മൂപ്പൈനാട് | 5 ലക്ഷം |
| 141 | കണ്ണൂർ | അയ്യൻകുന്ന് | ഖനനം |
| 142 | | ചപ്പാരപ്പടവ് | നദീതീരം ഇടിഞ്ഞ് പോവുക, മണൽ ഖനനം, നദീതീരത്ത് വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്, മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു, പഞ്ചായത്തിലെ തണ്ണീർത്തടങ്ങൾ പുനരുജ്ജീവിപ്പിച്ചു, ജൈവവൈവിധ്യ ആർട്ട് ഗ്യാലറി നിർമ്മിച്ചു |
| 143 | | ധർമ്മടം | വയൽ നികത്തൽ, ഉപ്പ് രസമുള്ള ജലം കയറുക |
| 144 | | എരമം കുറ്റൂർ | മണൽ ഖനനം, നദീജല മലിനീകരണം |
| 145 | | കണിച്ചാർ | മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ചുവന്ന കല്ലിന്റെ ഖനനം |
| 146 | | കരിവെള്ളൂർ പെരളം | പ്ലാസ്റ്റിക് മലിനീകരണം,ഭൂമി നിരപ്പാക്കൽ, കണ്ടൽക്കാടുകളുടെ നശീകരണം, കാവുകൾ കയ്യേറുക, വയൽ നികത്തൽ |
| 147 | | കരിയാട് | മണൽ ഖനനം, വയൽ നികത്തൽ |
| 148 | | കേളകം | മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ചുവന്ന കല്ലിന്റെ ഖനനം |

| | | | |
|---|---|---|---|
| 149 | കണ്ണൂർ | കണിമംഗലം | മണൽ ഖനനം, കണ്ടൽക്കാടുകൾ നശിപ്പിക്കുക |
| 150 | | കുന്നത്തുപറമ്പ് | ഖനനം |
| 151 | | കുറ്റ്യാട്ടൂർ | ഖനനം, മണൽ കല്ല് ഖനനം, ഭൂമി നിരപ്പാക്കൽ, വയൽ നികത്തൽ, തണ്ണീർത്തടം നികത്തൽ, സ്വകാര്യഭൂമിയിൽ നിന്നുള്ള അനിയന്ത്രിതമായ മരം മുറിക്കൽ |
| 152 | | മലപ്പട്ടം | മണൽ കല്ല് ഖനനം |
| 153 | | മുഴക്കുന്ന് | നദി കയ്യേറുക, മണൽ ഖനനം |
| 154 | | പാപ്പിനിശ്ശേരി | വളപട്ടണം പുഴയിലെ ഭൂമി ഇടിഞ്ഞ് പോവുക |
| 155 | | പട്ടുവം | വയലുകളിൽ ഉപ്പുവെള്ളം കയറുക |
| 156 | | പിണറായി | നദീജല മലിനീകരണം, ഉപ്പുവെള്ളം കയറുക, പ്ലാസ്റ്റിക് മലിനീകരണം, വയൽ നികത്തൽ, ഭൂമി നിരപ്പാക്കൽ, |
| 157 | | ശ്രീകണ്ഠപുരം | അനിയന്ത്രിതമായ മണൽ ഖനനം. **പഞ്ചായത്തിലെ ജൈവവൈവിധ്യ പാർക്ക് സംരക്ഷിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം 6.5 ലക്ഷം രൂപ ഉപയോഗിച്ചു** |
| 158 | കാസർഗോഡ് | ഈസ്റ്റ് എളേരി | ഖനനം, കുഴൽകിണറുകൾ |
| 159 | | കയ്യൂർ ചീമേനി | മണൽ ഖനനം, ഭൂമി നിരപ്പാക്കൽ |
| 160 | | കോടോം ബേളൂർ | ഖനനം, വയൽ നികത്തൽ |
| 161 | | കുമ്പള | മണൽ ഖനനം, ഭൂമി നിരപ്പാക്കൽ |
| 162 | | പള്ളിക്കര | ഖനനം |
| 163 | | പിലിക്കോട് | മലിനീകരണം, ഖനനം, പാറപൊട്ടിക്കൽ |
| 164 | | വെസ്റ്റ് എളേരി | വനനശീകരണം |

പ്രവർത്തനാവലോകന പഠനം നടത്തിയതിൽ നിന്നും ബഹുപൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രധാന പാരിസ്ഥിതിക പ്രശ്നമെന്നു പറയുന്നത് വയൽ നികത്തലും, തണ്ണീർത്തടം നികത്തലും, മണൽ ഖനനവും പാറപൊട്ടിക്കലുമാണ്. കേരളം ഇന്ന് അതിരൂക്ഷമായ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന ഈയൊരു സാഹചര്യത്തിൽ നമ്മുടെ തണ്ണീർത്തടങ്ങളെയും കുന്നുകളെയും മലകളെയും സംരക്ഷിക്കുന്നതിനും അവയുടെ ശോഷണം ഒഴിവാക്കുന്നതിന് കൃത്യമായ നിയമനിർവ്വഹണം നടത്തേണ്ടതും അനിവാര്യമാണ്. ഓരോ പ്രാദേശിക ഭരണകൂടങ്ങളും അവരുടെ അധികാരപരിധിയിലെ ജൈവ ആവാസവ്യവസ്ഥകളെ സംരക്ഷിക്കുന്നതിൽ ജാഗരൂകരായിരിക്കേണ്ടതുണ്ട്.



## വില്ലേജുതല സമിതിയുമായി ബി.എം.സി.യുടെ ഏകോപനം

| ക്രമ നമ്പർ | ജില്ല | ജൈവവൈവിധ്യ പരിപാലന സമിതികൾ | വനസംരക്ഷണ സമിതി |
|---|---|---|---|
| 1 | തിരുവനന്തപുരം | കുറ്റിച്ചൽ | ✓ |
| 2 | പത്തനംതിട്ട | ചിറ്റാർ | ✓ |
| 3 | | കലഞ്ഞൂർ | ✓ |
| 4 | | കോന്നി | ✓ |
| 5 | ആലപ്പുഴ | മാരാരിക്കുളം | ✓ |
| | | തെക്ക് | ✓ |
| 6 | ഇടുക്കി | ഇടവെട്ടി | ✓ |
| 7 | | വണ്ടിപ്പെരിയാർ | ✓ |
| 8 | | വട്ടവട | ✓ |
| 9 | തൃശ്ശൂർ | എറിയാട് | ✓ |
| 10 | | കുഴൂർ | ✓ |
| 11 | | മാള | ✓ |
| 12 | | മണലൂർ | ✓ |
| 13 | | മറ്റത്തൂർ | ✓ |
| 14 | | പാഞ്ഞാൾ | ✓ |
| 15 | | തൃക്കൂർ | ✓ |
| 16 | പാലക്കാട് | വെള്ളിനേഴി | ✓ |
| 17 | മലപ്പുറം | വളവന്നൂർ | ✓ |
| 18 | കോഴിക്കോട് | അരിക്കുളം | ✓ |
| 19 | | എടച്ചേരി | ✓ |
| 20 | | കടലുണ്ടി | ✓ |
| 21 | | കാക്കൂർ | ✓ |
| 22 | | കാവിലുമ്പാറ | ✓ |
| 23 | | കൂടരഞ്ഞി | ✓ |
| 24 | | കുന്നമ്മൽ | ✓ |
| 25 | | കുറ്റ്യാടി | ✓ |
| 26 | | മരുതോങ്കര | ✓ |
| 27 | | നൊച്ചാട് | ✓ |
| 28 | | പുതുപ്പാടി | ✓ |
| 29 | | തിരുവമ്പാടി | ✓ |
| 30 | | ഉള്ളിയേരി | ✓ |
| 31 | വയനാട് | മേപ്പാടി | ✓ |
| 32 | | മുള്ളൻകൊല്ലി | ✓ |
| 33 | | മൂപ്പൈനാട് | ✓ |
| 34 | | പുൽപ്പള്ളി | ✓ |
| 35 | | തവിഞ്ഞാൽ | ✓ |
| 36 | | തിരുനെല്ലി | ✓ |
| 37 | | തൊണ്ടർനാട് | ✓ |
| 38 | കണ്ണൂർ | ഉളിക്കൽ | ✓ |
| 39 | കാസർഗോഡ് | ചെറുവത്തൂർ | ✓ |
| 40 | | ഈസ്റ്റ് എളേരി | ✓ |
| 41 | | മടിക്കൈ | ✓ |
| 42 | | വെസ്റ്റ് എളേരി | ✓ |



# ബി.എം.സി. കൾ നേരിടുന്ന പ്രശ്നങ്ങൾ

ബി.എം.സി. കൾക്കിടയിൽ ബോർഡ് നടത്തിയ സർവ്വേയിൽ നിന്നും ബി.എം.സി. കൾക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രധാന പ്രശ്നങ്ങൾ അവരുടെ പ്രവർത്തനരീതിയെക്കുറിച്ചും, ചുമതലകളെക്കുറിച്ചുമുള്ള അറിവില്ലായ്മ എന്നാണ് മനസ്സിലാക്കുവാൻ സാധിച്ചത്. ഓഫീസിന്റെ അഭാവം, പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത, ബി.എം.സി. യെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അവബോധമില്ലായ്മ, ബി.എം.സി. കളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തുടങ്ങിയവയാണ് മറ്റു പ്രശ്നങ്ങളായി ബി.എം.സി. കൾ ചൂണ്ടിക്കാണിക്കുന്നത്.

**ബി.എം.സി.കൾക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും, മെച്ചപ്പെട്ട പ്രവർത്തന സാഹചര്യം ഉണ്ടാക്കി അവരെ ശാക്തീകരിക്കുന്നതിനും, ബി.എം.സി. കൾ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ:**

- മികച്ച രീതിയിലുള്ള ബോധവൽക്കരണം - ജൈവവൈവിധ്യ ആക്ടനുസരിച്ചുള്ള ബി.എം.സി. കളുടെ ചുമതലകളെപ്പറ്റിയും, പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണരംഗത്ത് അവരുടെ പ്രാധാന്യത്തെക്കുറിച്ചും, പ്രാദേശിക തലത്തിൽ പാരിസ്ഥിതിക-ജൈവവൈവിധ്യ പ്രശ്നങ്ങളിൽ ബി.എം.സി. കളുടെ ഇടപെടലുകൾ എപ്രകാരമായിരിക്കണം തുടങ്ങിയ കാര്യങ്ങളിൽ ബി.എം.സി. അംഗങ്ങളിൽ അവബോധം ഉണ്ടാക്കണമെന്ന് നൂറു ശതമാനം ബി.എം.സി. കളും അഭിപ്രായപ്പെടുന്നു. ബോധവൽക്കരണം ബി.എം.സി. തലത്തിലും, ജില്ലാതലത്തിലും നടത്തണമെന്നും അവർ അഭിപ്രായപ്പെടുന്നു. വനസംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം, ജൈവവൈവിധ്യ സംരക്ഷണ നിയമം, കൂടാതെ മറ്റ് ബന്ധപ്പെട്ട നിയമങ്ങളും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബോധവൽക്കരണം - നിയമപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബി.എം.സി. കൾക്ക് പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടാകണമെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിസ്വാർത്ഥമായ പിന്തുണ അത്യന്താപേക്ഷിതമാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ബി.എം.സി. യുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നൽകണമെന്ന് 60 ശതമാനത്തോളം ബി.എം.സി. കളും അഭിപ്രായപ്പെടുന്നു.
- പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം - ബി.എം.സി. കൾക്ക് അവരുടെ അധികാരപരിധിയിലെ ജൈവവിഭവങ്ങൾ സംരക്ഷിക്കുന്നതിനും, പാരിസ്ഥിതിക-ജൈവവൈവിധ്യ ശോഷണം ഒഴിവാക്കുന്നതിനും, പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

ഫലപ്രദമായി നടപ്പിലാക്കുന്നതിനും തദ്ദേശവാസികളുടെ പിന്തുണയും, കൂട്ടായയത്നവും ആവശ്യമാണ്. ജനപിന്തുണ ലഭിക്കണമെങ്കിൽ, ബി.എം.സി. എന്താണെന്നും, അതിന്റെ പ്രാധാന്യമെന്തെന്നും, അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും, ജനങ്ങളെ മനസ്സിലാക്കേണ്ടതുണ്ട്. പൊതുജന ബോധവൽക്കരണം 65 ശതമാനത്തോളം ബി.എം.സി. കൾ നിർദ്ദേശിക്കുന്നുണ്ട്. പഞ്ചായത്തുകളിൽ ഗ്രാമസഭകളിലൂടെയും, മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും വാർഡുസഭകൾ/വാർഡ് കമ്മിറ്റികളിലൂടെയും പൊതുജന ബോധ വൽക്കരണം നടത്താവുന്നതാണ്. ഇത്തരത്തിൽ ഗ്രാമസഭകളിലും, വാർഡുസഭകളിലും ബി.എം.സി. ഒരു ചർച്ചാവിഷയമായാൽ മാത്രമേ ബി.എം.സി. കളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ ജനകീയമായി നടപ്പിലാക്കുവാൻ സാധിക്കൂ.

- സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പിന്തുണ - ബി.എം.സി. കൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുന്ന തിനും, ബി.എം.സി. കളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികവും, സാമ്പത്തിക വുമായ സഹായത്തിനും ബോർഡിൽ നിന്നുള്ള പിന്തുണ 80 ശതമാനത്തോളം ബി.എം.സി. കളും ആവശ്യപ്പെടുന്നുണ്ട്.

- ബി.എം.സി. അംഗങ്ങളായി പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണരംഗത്ത് താൽപ്പര്യവും, പ്രാവീണ്യവുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയംഗങ്ങളെ ഉൾപ്പെടു ത്തണമെന്ന് നിർദ്ദേശിക്കുന്നു.

- ബി.എം.സി. കളുടെ പ്രവർത്തന ഏകോപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിസ്ഥിതി - ജൈവവൈവിധ്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നുള്ള നിർദ്ദേശം തിരുവനന്തപുരം ജില്ലയിലെ ഇലകമൺ, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ബി.എം.സി. കൾ മുന്നോട്ട് വച്ചിട്ടുണ്ട്.


മൂക്കുന്നിമല

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ എല്ലാവർഷവും പരിസ്ഥിതി- ജൈവൈവിധ്യ സംരക്ഷണ പദ്ധതികൾ നിർബന്ധമായും ഉൾപ്പെടുത്തണമെന്നും മലയിൻകീഴ്, വെള്ളറട ഗ്രാമപഞ്ചായത്ത് ബി.എം.സി. കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനതു ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക എല്ലാ വർഷവും ബി.എം.സി. കളുടെ പ്രവർത്തനത്തിനായി മാറ്റിവയ്ക്കണമെന്ന് ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ ബി.എം.സി. അഭിപ്രായപ്പെടുന്നു.
- ബി.എം.സി. യോഗങ്ങളിൽ വാർഡു മെമ്പർമാരെക്കൂടി ഉൾപ്പെടുത്തണമെന്ന് ചുരുക്കം ചില ബി.എം.സി. കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.
- ബി.എം.സി. അംഗങ്ങൾക്ക് യോഗം ചേരുന്ന അവസരങ്ങളിൽ സിറ്റിംഗ് ഫീസ്, പ്രവർത്തന ങ്ങളുടെ ഭാഗമായിട്ടുള്ള യാത്രകൾക്ക് യാത്രാബത്ത എന്നിവ അനുവദിക്കണമെന്ന് ബഹു ഭൂരിപക്ഷം അഭിപ്രായപ്പെടുന്നു.
- ബി.എം.സി. ക്ക് അടിസ്ഥാന സൗകര്യമുൾപ്പെടെ ഒരു ഓഫീസും, ബോർഡും സ്ഥാപിക്കുക; അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ ബഹുഭൂരിപക്ഷം ആവശ്യപ്പെടുന്നു.
- ബി.എം.സി. അംഗങ്ങൾക്ക് ഒരു പ്രവർത്തന കൈപ്പുസ്തകം നൽകുന്നതിനും, സാങ്കേതിക സഹായ വിഭാഗത്തിന്റെ സഹകരണം ബി.എം.സി. കളുടെ പ്രവർത്തനങ്ങൾക്ക് ഉറപ്പുവരു ത്തുന്നതിനും ബോർഡിന്റെ ഭാഗത്തു നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.
- ബി.എം.സി. കളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് വാർഡുതല സബ്കമ്മിറ്റികൾ രൂപീകരിക്കണമെന്നും, വിദ്യാർത്ഥികളുടെയും, പ്രാദേശിക എൻ.ജി.ഒ. കളുടെയും കൂട്ടായ സഹകരണം ഉറപ്പുവരുത്തണമെന്നും ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് അഭിപ്രായപ്പെടുന്നു.
- ബി.എം.സി. കളുടെ പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകു ന്നതിനും, അവരുടെ പ്രവർത്തനം കൃത്യമായും വിലയിരുത്തുന്നതിനുമുള്ള ഒരു സംവിധാനം ജില്ലാടിസ്ഥാനത്തിലെങ്കിലും ബോർഡിന്റെ നേതൃത്വത്തിൽ ഉണ്ടാക്കണമെന്ന് എല്ലാ ജില്ലകളി ലെയും ഭൂരിപക്ഷം ബി.എം.സി. കളും അഭിപ്രായപ്പെട്ടിട്ടുണ്ട്.
- ബി.എം.സി. കളുടെ പ്രധാന ചുമതലകളിലൊന്നായ എ.ബി.എസ്. പ്രവർത്തനങ്ങൾ, പ്രാദേശികതലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബി.എം.സി. കൾക്ക് ആവശ്യമായ ബോധവൽക്കരണം പ്രത്യേകം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
- ബി.എം.സി. യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ (3 മാസത്തിലൊരിക്കൽ) കൂടണ മെന്ന് സർക്കാർ ഉത്തരവിലൂടെ നിർബന്ധമാക്കുക, പ്രസ്തുത യോഗങ്ങളിൽ ബോർഡിൽ നിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിക്കുക.
- ബി.എം.സി. യോഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയംഗങ്ങളുടെ നേതൃത്വത്തിൽ കൂടുന്നത് നന്നായിരുക്കുമെന്ന് തൃശ്ശൂർ ജില്ലയിലെ ഏതാനും ബി.എം.സി. കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.
- ബി.എം.സി. കളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കുന്ന തിന് ബോർഡ് നേതൃത്വം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ ബി.എം.സി. യുടെ അനുമതി യോടും, അംഗീകാരത്തോടും കൂടി മാത്രമേ നടപ്പിലാക്കാവൂ എന്നുള്ളതിനുള്ള നിയമം കൊണ്ടു വരണമെന്ന് കോഴിക്കോട് ജില്ലയിലെ വില്യാപ്പിള്ളി ഗ്രാമപഞ്ചായത്ത് ബി.എം.സി. നിർദ്ദേ ശിച്ചിട്ടുണ്ട്.
- ബി.എം.സി. അംഗങ്ങളിൽ നിന്നും ഒരു കോർഡിനേറ്റർ/ കൺവീനറിനെ തെരഞ്ഞെടുക്കുക.
- എല്ലാ വർഡുകളിലെയും പ്രധാന കവലകളിൽ പരിസ്ഥിതി- ജൈവവൈവിധ്യ ചൂഷണ ത്തിനെതിരെ ഒരു നോട്ടീസ് ബോർഡ് ബി.എം.സി. സ്ഥാപിക്കുക, ബി.എം.സി. യുടെ നേതൃത്വത്തിൽ ഓരോ വാർഡിലും "പരിസ്ഥിതി കാവൽസംഘ"ങ്ങളുണ്ടാക്കുക, "പരിസ്ഥിതി കാവൽസംഘ"മായി പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് നൽകുക, തുടങ്ങിയകാര്യങ്ങൾ കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്ത് ബി.എം.സി. നിർദ്ദേശിച്ചിട്ടുണ്ട്.
- ബി.എം.സി. കളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബ്ലോക്കുതലത്തിലോ, ജില്ലാതല ത്തിലോ ഒരു കോർഡിനേറ്ററെ നിയമിക്കണമെന്ന് കോഴിക്കോട് ജില്ലയിലെ നൊച്ചാട്, ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ബി.എം.സി. കൾ ആവശ്യപ്പെട്ടിട്ടുണ്ട്.
- ഓരോ ജില്ലയിലെയും ബി.എം.സി. കളുടെ പ്രവർത്തനം വിശകലനം ചെയ്യുന്നതിനും, വില യിരുത്തുന്നതിനും, മേൽനോട്ടത്തിനും ജില്ലാതല സമിതി രൂപീകരിക്കണമെന്ന് കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് ബി.എം.സി. നിർദ്ദേശിച്ചിട്ടുണ്ട്.
- ബി.എം.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിക്ക് ചുമതല നൽകണമെന്ന് കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. നിർദ്ദേശിച്ചിട്ടുണ്ട്. ബി.എം.സി. പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകളുടെ അഭാവം വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.
- ബി.എം.സി. കൾ പാരിസ്ഥിതിക വിഷയങ്ങളിൽ ഇടപെടുമ്പോൾ നിയമപരമായ പരിരക്ഷ ഉണ്ടാകണമെന്ന് കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. അഭിപ്രായപ്പെടുന്നു.
- പി.ബി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെ ട്ടാൽ നൽകുന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ നൽകണമെന്ന് കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ബി.എം.സി. ആവശ്യപ്പെടുന്നുണ്ട്.
- പ്രാദേശികതല പാരിസ്ഥിതിക പ്രശ്നങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ബി.എം.സി. കൾ പരിഹരിക്കുക.
- പി.ബി.ആറിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ കാലാനുസൃതമായി ചേർക്കണമെന്ന് 70 ശതമാനത്തോളം ബി.എം.സി. കളും അഭിപ്രായപ്പെടുന്നുണ്ട്. കാവുകൾ, തണ്ണീർത്തടങ്ങൾ, കാട്ടിലെ ജൈവവൈവിധ്യം, പരമ്പരാഗത കൃഷി രീതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബി.എം.സി. അംഗങ്ങളുടെ അഭിപ്രായപ്രകാരം നവീകരിക്കേണ്ടതാണ്.
- പ്രാദേശികതലത്തിൽ പാറഖനനം, നെൽവയൽ നികത്തൽ, മണൽ ഖനനം, കുന്നിടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതാത് ബി.എം.സി. കളുടെ അനുമതി നേടി

യിരിക്കണമെന്ന നിബന്ധന നിയമപരമായി ഉണ്ടാക്കണമെന്ന് കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. നിർദ്ദേശിച്ചിട്ടുണ്ട്.

- ബി.എം.സി. യുടെ പ്രവർത്തനം അവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ മേഖലകളിലും കേന്ദ്രീകരിക്കുന്നതിന് വാർഡുതലത്തിൽ 10 പേരടങ്ങുന്ന പ്രവർത്തക സംഘങ്ങൾ രൂപീകരിക്കാവുന്നതാണെന്ന് കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് ബി.എം.സി. അഭിപ്രായപ്പെടുന്നുണ്ട്. ഗ്രാമസഭകളിലൂടെ ബി.എം.സികൾ തിരഞ്ഞെടുക്കുക, ബി.എം.സി. യോഗത്തിൽ ഓരോ ഗ്രാമസഭയിലെയും പ്രതിനിധികളെ ക്ഷണിതാക്കളായി ഉൾക്കൊള്ളിക്കുക എന്നുള്ളവയാണ് മറ്റ് അഭിപ്രായങ്ങൾ.

ബി.എം.സി. യുടെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാദേശികതലത്തിൽ ഒരു നിർവ്വഹണ സംവിധാനം ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തുതലത്തിൽ ഇത്തരമൊരു സംവിധാനത്തിന്റെ അഭാവമാണ് ബി.എം.സി. കർമ്മപദ്ധതികളുടെ പരാജയത്തിനു കാരണമായി ചൂണ്ടിക്കാട്ടിയത്. ഇതിനു വേണ്ടി പഞ്ചായത്തിലേയ്ക്ക് വിട്ടുകൊടുത്തിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയും സേവനം ലഭ്യമാക്കാൻ വേണ്ട നടപടികൾ എടുക്കണമെന്ന് ബി.എം.സികൾ അഭിപ്രായപ്പെട്ടു.

ബി.എം.സി. കളുടെ ശാക്തീകരണത്തിന് സഹായകമാകുന്ന തരത്തിൽ വളരെ ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കുകയും, ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം, വരുംവർഷങ്ങളിൽ അവ പ്രാവർത്തികമാക്കുന്നതിന് ബോർഡ് പരിശ്രമിക്കുന്നതാണ്.



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാരിസ്ഥിതിക ചുമതലകളും



ഇന്ത്യൻ പാരമ്പര്യത്തിന്റെയും, സംസ്ക്കാരത്തിന്റെയും അവിഭാജ്യഘടകമാണ് പരിസ്ഥിതി പരിപാലനവും സംരക്ഷണവും. അതിന്റെ പ്രാധാന്യം മനസ്സിലാക്കി 1992 ലെ 73 ഉം 74 ഉം ഭരണഘടനാ ഭേദഗതിയനുസരിച്ച്, പരിസ്ഥിതി പരിപാലനവുമായി ബന്ധപ്പെട്ട് ചില ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും നൽകിയിട്ടുണ്ട്. കൃഷി, കൃഷി വികസനം, ഭൂപരി പാലനം, ജലസേചനം, ആരോഗ്യം, കുടിവെള്ളം, പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകൾ, നീർത്തട വികസനം, സാമൂഹ്യ വനവൽക്കരണം, ശുചിത്വം, മാലിന്യ സംസ്ക്കരണം തുടങ്ങി വിഷയങ്ങളാണ് പരിസ്ഥിതി പരിപാലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പരിസ്ഥിതി പരിപാലനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്കു വഹിക്കുന്നുണ്ട്. ജൈവവൈ വിധ്യമെന്നത് പരിസ്ഥിതിയുടെ അവിഭാജ്യഘടകമായതിനാൽ, ജൈവവൈവിധ്യ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ചുമതലയായി പരിഗണിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നിരവധി നൂതന പ്രവർത്തനങ്ങൾ കേരളം ആരംഭിച്ചു. കേരളത്തിലെ പഞ്ചായത്തിരാജ് നിയമപ്രകാരം ത്രിതല പഞ്ചായത്തു കളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും മൂന്നു വീതവും ജില്ലാപഞ്ചായത്തുകളിൽ അഞ്ചുമാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യഥാക്രമംഅഞ്ചുംഏഴുംസ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗവും ഒരു കമ്മിറ്റിയിൽ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയായി രിക്കും. പ്രാദേശിക സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി വിവിധ മേഖലകളിൽ പ്രവർത്തന സംഘങ്ങളെ രൂപപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധരുടെ ലഭ്യത അനുസരിച്ച് പഞ്ചായത്തു കൾക്ക് ആവശ്യമുള്ള പ്രവർത്തന സംഘങ്ങളെ രൂപപ്പെടുത്താവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, വിദഗ്ദ്ധ ഉദ്യോഗസ്ഥർ, വൈദ്യന്മാർ, തുടങ്ങിവരാണ് പ്രവർത്തന സംഘങ്ങളുടെ നേതൃത്വം വഹിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കാൻ മാർഗനിർദേശത്തിനായി ജില്ല ആസൂത്രണ സമിതി ബ്ലോക്ക് / മുൻസിപ്പൽ / നഗരസഭ, ജില്ലാതലങ്ങളിൽ സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണപരവും, പ്രവർത്തന പരവും, സാമ്പത്തികപരവുമായ സ്വാതന്ത്ര്യം ആസ്വദിക്കുന്നു. ആവശ്യമായ ജീവനക്കാരുടെ അടി സ്ഥാന സൗകര്യങ്ങൾക്കുള്ള വ്യക്തമായ പ്രവർത്തന മേഖലകൾ നിശ്ചയിച്ചിട്ടുണ്ട്. സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കാനും അവ നടപ്പിലാക്കാനും കഴിയും. 1997-98 ൽ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് സംസ്ഥാന സർക്കാർ 1046.2 കോടി രൂപ പദ്ധതി വിഹിതം വകയിരുത്തി. എന്നാൽ 2014-15 ൽ 7406.8 കോടി രൂപയായി പദ്ധതി വിഹിതം വർദ്ധിച്ചു. പഞ്ചായത്തുകൾ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനനുസരിച്ച്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കും അനുവദിച്ചിട്ടുള്ളതിന്റെ വിഹിതവും ലഭിക്കുന്നു.

The Environmental and Social Assessment Report, Kerala Local Government Service Delivery Project 9th & 10th Plan പദ്ധതികളുടെ കാലയളവിൽ പ്രകൃതി വിഭവങ്ങൾ, പ്രദേശത്തെ പരിസ്ഥിതി എന്നി വയുടെ പ്രവർത്തനങ്ങളുടെ സുപ്രധാന കുറവ് തിരിച്ചറിഞ്ഞിട്ടുണ്ട്:

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രകൃതി വിഭവങ്ങളിലും പരിസ്ഥിതി പരിപാലനത്തിനും വേണ്ടിയുള്ള നയവും നിയമങ്ങളും വികസിപ്പിക്കേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ എന്നിവരുടെ ക്ഷമത കുറവു നികത്താനുള്ള പരിശീലനങ്ങൾ കൃത്യമായി രൂപകൽപ്പന ചെയ്തിട്ടില്ല.
- സുസ്ഥിര വികസനത്തിന്റെ സാധ്യതയും പ്രാധാന്യവും പരിശീലന ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.
- പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി പ്രാദേശിക തലത്തിൽ പ്രത്യേക പ്രവർത്തന സംഘത്തെ (working group) നിയോഗിച്ചിട്ടില്ല.
- സുസ്ഥിര വികസനത്തിനായി വിവിധ വികസന മേഖലകളെ സംയോജിപ്പിക്കാനുള്ള രീതിയെ കുറിച്ചുള്ള അറിവില്ലയ്മ.
- വിവിധ വികസന പദ്ധതികളുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ വിലയിരുത്താനുള്ള ആസൂത്രണ വിലയിരുത്തലുകളിൽ സംഘത്തിനുള്ള പരിജ്ഞാനക്കുറവ്.
- പരിസ്ഥിതി പരിപാലനത്തിലുള്ള അടിസ്ഥാനഘടനയുടെ അപര്യാപ്തത.





വയനാട് വിത്തുത്സവം 2017

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണത്തിനും, പരിസ്ഥിതി സംരക്ഷണത്തിനുമായി ഏറ്റെടുത്ത പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള വിഹിതം മാനസ്സിലാക്കാനും, പ്രാദേശിക തലത്തിൽ വനത്തിന് പുറത്തുള്ള പ്രദേശത്തെ സംരക്ഷണത്തിന് വേണ്ടി കെ.എസ്.ബി.ബി. തീരദേശം, മലമ്പ്രദേശം, മധ്യപ്രദേശം തുടങ്ങിയ സ്ഥലത്തെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ടുകളുടെ വിനിയോഗത്തിന്റെ വിശകലനം നടത്തി. പ്രധാനമായും കന്നുകാലി വളർത്തൽ, നെൽകൃഷി വികസനം, ഇടവിള കൃഷി, തെങ്ങ് കൃഷി, കിഴങ്ങുവിള വികസനം, ആട് വളർത്തൽ, പച്ചക്കറി വികസന പദ്ധതി, ജലനിധി, കന്നുകാലി വളർത്തൽ, മണ്ണ് സംരക്ഷണം, പി.ബി.ആർ. തുടങ്ങിയവയ്ക്കാണ് പ്ലാൻ പദ്ധതിയുടെ മുഖ്യ വിഹിതം ഉപയോഗിക്കുന്നത്. പഠനം നടത്തിയ പഞ്ചായത്തുകളിൽ 62 ശതമാനം പഞ്ചായത്തിൽ ജൈവവളം, ജൈവകീടനാശിനി എന്നിവ ഉപയോഗിച്ചുള്ള ജൈവകൃഷി പദ്ധതി നടപ്പിലാക്കി. ഇത് പ്രാദേശിക തലത്തിൽ ജൈവഭക്ഷണത്തിനുള്ള ആവശ്യകതയുടെ വർദ്ധനവിനെ സൂചിപ്പിക്കുന്നു. 4 ശതമാനം പഞ്ചായത്തുകളിൽ ഔഷധ കൃഷി ഏറ്റെടുത്തു. 15 ശതമാനം പഞ്ചായത്തിൽ കുടിവെള്ളാവശ്യത്തിന്റെ ഭാഗമായി കിണർ വൃത്തിയാക്കൽ പദ്ധതി നടത്തി വരുന്നു. എന്നാൽ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളായ കേരളത്തിലെ തനത് നെൽവിത്തുകൾ, കന്നുകാലികൾ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ സംരക്ഷണം ഒന്നും തന്നെ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ തുകയുടെ മുഖ്യഭാഗവും കൃഷി, മത്സ്യബന്ധനം എന്നിവയ്ക്ക് അനുവദിച്ചു. എന്നാൽ ജൈവവിഭവങ്ങളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, എന്നിവയ്ക്ക് അക്ഷരാർത്ഥത്തിൽ ഒരു തുകയും അനുവദിച്ചിട്ടില്ല.

**പഞ്ചായത്തുകൾ നടപ്പിലാക്കിയ ചില ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ**

| | |
|---|---|
| കഞ്ഞികുഴി | - ജനകീയ ജൈവഹരിത സമൃദ്ധി - എല്ലാ വീടുകളിലും അടുക്കള തോട്ടം |
| | - ജനകീയ കേരഗ്രാമം - തെങ്ങിന് സംയോജിത കീടനിയന്ത്രണം. |
| കാന്തല്ലൂർ | - ഉറവിട മാലിന്യ സംസ്ക്കരണം. |
| എടവനക്കാട് | - എല്ലാ അംഗനവാടിയിലും ജൈവ പച്ചക്കറി |
| ചേമഞ്ചേരി | - പൂർണ്ണ ശുചീകരണ പദ്ധതി, തുണി സഞ്ചി വിതരണം |
| വാളകം | - പ്രവർത്തന സംഘ വികസന പദ്ധതി - ജലം, മണ്ണ് സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, തോട് സംരക്ഷണം, ചിറ സംരക്ഷണം. |

➤ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലെ വനിതകളെ ഉൾപ്പെടുത്തി സംഘങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യിച്ചത് എടുത്തു പറയാവുന്ന നേട്ടമാണ്. കഴിഞ്ഞ വർഷം നടപ്പാക്കിയ ജനകീയ ജൈവ ഹരിതസമൃദ്ധി പദ്ധതി മറ്റൊരുദാഹരണമാണ്. ഈ പദ്ധതി പ്രകാരം ഒരോ വാർഡിലും പച്ചക്കറി നഴ്സറി ഉണ്ടാക്കി ഒരു ലക്ഷത്തിലധികം തൈകൾ ഉണ്ടാക്കി എല്ലാ വീടുകളിലും വിതരണം ചെയ്തു. ഒരോ വാർഡിലും വാർഡുതല സമിതി, 50 വീടിന് ഒരു അയൽ കൂട്ടസമിതി എന്നിവ രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതികൾ ജനകീയമായി എല്ലാവരുടെയും സഹകരണത്തോടെ നടപ്പാക്കുന്നതാണ് കഞ്ഞിക്കുഴിയുടെ വിജയരഹസ്യം. കൃഷിവകുപ്പ് പദ്ധതികളും വിജയപ്രദമായി നടപ്പാക്കുന്നു.

➤ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് കാർഷികരംഗത്തെ തുണ്ടുവൽക്കരണത്തിന് പ്രതിവിധിയായി പാടശേഖരസമിതികളുടെ കൂട്ടായ്മയിലൂടെ സംഘത്തിന്റെ പരിപാലന സാധ്യതകൾക്ക് രൂപം നൽകുകയും യന്ത്രവൽക്കരണം നടപ്പിലാക്കുകയും ചെയ്തു.

➤ ചെങ്ങലക്കോടൻ വടക്കാഞ്ചേരിയുടെ തനത് ഇനമാണ്. കാർഷിക സർവ്വകലാശാലയുടെ

സഹായത്തോടെ ഭൗമസൂചികപദവി നേടിയെടുത്തു. ചെങ്ങലക്കോടൻ ജൈവരീതിയിൽ കൃഷി ചെയ്യുന്നതിന് ഈ മേഖലയിൽ ആധുനികവൽക്കരണം നടത്തുന്നതിനും വിപണന സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമാണ് പ്രത്യേക പദ്ധതി.

➤ 2006 ൽ കോഴിക്കോട് കോർപ്പറേഷൻ 10-ാം വാർഡിൽ രൂപീകരിച്ച റെസിഡൻസ് അസോസിയേഷനാണ് 'നിറവ്'. മാലിന്യത്തെ വളവും ഇന്ധനവുമാക്കി പച്ചക്കറി കൃഷി നടത്തി പുതിയൊരു സംസ്കാരം വളർത്തുകയായിരുന്നു നിറവ്.

➤ എലപ്പുള്ളി പഞ്ചായത്ത് അധികൃതർ സ്ഥലത്തെ മൃഗഡോക്ടറുടെ നേതൃത്വത്തിൽ 'മാതൃകാക്ഷീരഗ്രാമം' പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി. ക്ഷീരമേഖല വികസിച്ചതോടെ കോഴി വളർത്തൽ, ആടുവളർത്തൽ, ഇറച്ചിക്കായുള്ള പോത്തുവളർത്തൽ, ചാണകവും ഗോമൂത്രവും ഉപയോഗിച്ചുള്ള ജൈവപച്ചക്കറിക്കൃഷി എന്നിവയും വളർന്നുവന്നു.

➤ 2016-17 കാലഘട്ടത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ വൈവിധ്യ സംരക്ഷണ മേഖലയിൽ കരട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന്, ആദ്യമായി ജൈവവൈവിധ്യവും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന ആസൂത്രണ ബോർഡിലെ ബഹുമാനപ്പെട്ട വൈസ് ചെയർമാൻ പ്രൊഫ. വി.കെ.രാമചന്ദ്രന്റെ പിന്തുണയോടെ ഒരു ജൈവവൈവിധ്യ പ്രവർത്തന സംഘത്തെ ( Working group on Biodiversity ) രൂപീകരിച്ചു. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളും, തദ്ദേശവാസികളോടുള്ള ചുമതലയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജൈവവൈവിധ്യ പ്രവർത്തന സംഘത്തെ രൂപീകരിച്ചത്.



പി.ബി.ആർ.തയ്യാറാക്കൽ ശിൽപശാല - ഇടമലക്കുടി



# ബി.എം.സി. – പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

ബി.എം.സി. കളുടെ നിയമപരമായ ചുമതലകൾ കൂടാതെ, ബി.എം.സി. യുടെ സുഗമമായ പ്രവർത്തനത്തിനും, ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് മുന്നോട്ട് വയ്ക്കുന്നു:

- ബി.എം.സി. കൾക്ക് അവരുടെ നിയമപരമായ അധികാരം പ്രയോഗിക്കുന്നതിനുള്ള അവസരം നൽകുക, അനാവശ്യ കൈകടത്തലുകൾ ഒഴിവാക്കുക.
- പ്രാദേശിക ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും അനുയോജ്യമായ രീതിയിൽ കർമ്മ പദ്ധതി ആവിഷ്ക്കരിക്കുക.
- പ്രദേശത്തെ ആവാസവ്യവസ്ഥകളെക്കുറിച്ചും, ജൈവവിഭവങ്ങളെപ്പറ്റിയും സമഗ്രമായ വിവരങ്ങൾ വളരെ ശാസ്ത്രീയമായി രേഖപ്പെടുത്തുക. നിലവിലെ പി.ബി.ആർ. ശാസ്ത്രീയാടിസ്ഥാനത്തിൽ വിശകലനം ചെയ്ത്, പോരായ്മകൾ കണ്ടെത്തുകയും, അവ പുതുക്കുന്നതിന് (Upgrade) ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുക.
- ബി.എം.സി. യുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ആറംഗങ്ങളിൽ നിന്നും ഒരു കൺവീനറെ തെരഞ്ഞെടുക്കുക.
- ബി.എം.സി. കളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനും, കർമ്മ പദ്ധതി ആവിഷ്ക്കരിക്കുന്നതിനും, പി.ബി.ആറിനെ ആധാരമാക്കി പരിസ്ഥിതി- ജൈവ സംരക്ഷണ പദ്ധതികൾ തയ്യാറാക്കുന്നതിനുമായി, ഗ്രാമസഭയുടെ അംഗീകാരത്തോടും, വാർഡ് മെമ്പർമാർ/ കൗൺസിലർമാർ എന്നിവരുടെ സഹകരണത്തോടും കൂടി, പ്രാദേശിക സാങ്കേതിക സഹായ ഗ്രൂപ്പ് (Local Technical Support Group) ഉണ്ടാക്കുക.
- എ.ബി.എസിലെ പങ്കാളിത്തക്കാർക്കിടയിൽ താഴെത്തട്ടിൽ നിന്നുള്ള അവബോധമില്ലായ്മയാണ് പ്രധാന തടസ്സങ്ങൾ എന്ന് കണ്ടെത്തി. സ്ഥാപന ഘടന ശക്തിപ്പെടുത്തുക. പ്രത്യേകിച്ച്, പ്രാദേശിക തലത്തിൽ ബി.എം.സികളുടെയും മറ്റ് വകുപ്പുകളുടെയും ഘടന ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ജൈവവൈവിധ്യ പരിപാലനത്തിന് വേണ്ടി ബി.എം.സി. ശാക്തീകരണവും ശുപാർശ ചെയ്തിട്ടുണ്ട്. രാഷ്ട്രീയ സംഭവവികാസങ്ങൾ പുരോഗതിയെ തടസ്സപ്പെടുത്തുന്നതോടൊപ്പം കമ്മിറ്റി അംഗങ്ങളുടെ കാലാവധിക്കുണ്ടാകുന്ന മാറ്റവും നിരവധി ബി.എം.സി.കളുടെ കാര്യക്ഷമതയില്ലായ്മയ്ക്ക് കാരണമാകുന്നു. അതുകൊണ്ട് തന്നെ ബി.എം.സി.കളുടെ കാലാവധി രാഷ്ട്രീയ മാറ്റങ്ങൾ പരിഗണിക്കാതെ നിശ്ചയിക്കേണ്ടതാണ്.
- ബി.എം.സി. യുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന, സർവ്വീസിലുള്ളവരോ വിരമിച്ചവരോ ആയിട്ടുള്ള അധ്യാപകർ, പ്രൊഫസർമാർ, സസ്യശാസ്ത്ര വിദഗ്ധർ, ജന്തുശാസ്ത്ര വിദഗ്ധർ, ഗവേഷകർ തുടങ്ങി കുറഞ്ഞത് 10 അംഗങ്ങളെങ്കിലും പ്രാദേശിക സാങ്കേതിക സഹായ ഗ്രൂപ്പിൽ ഉണ്ടാകണം.

- ബി.എം.സി. യുടെ അധികാര പരിധിയിലെ സ്കൂളുകളിലും കോളേജുകളിലും ജൈവ വൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുക. ക്ലബ്ബിലെ കോർഡിനേറ്റർമാരായ അധ്യാപകരുടെയും ക്ലബ്ബംഗങ്ങളായ മുതിർന്ന വിദ്യാർത്ഥികളുടെയും സേവനം ബി.എം.സി. കളുടെ പ്രവർത്തന ത്തിന് വിനിയോഗിക്കാവുന്നതാണ്.

- പ്രാദേശികമായി അന്യമായിക്കൊണ്ടിരിക്കുന്നതും, വംശനാശഭീഷണി നേരിടുന്നവയുമായി ട്ടുള്ള ജൈവജാതിയിനങ്ങളെ കണ്ടെത്തുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക.

- ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Biodiversity Heritage Sites) കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

- പി.ബി.ആർ. വിശകലനം ചെയ്യുന്ന വേളയിൽ അനുയോജ്യമായ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കുകയും ചെയ്യുക.

- പി.ബി.ആറിനെ ബഞ്ചുമാർക്കായി പരിഗണിച്ച് പ്രാദേശിക വികസന പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ നിർദ്ദേശം നൽകുക.

- പരിസ്ഥിതി - ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശീയ സാങ്കേതിക സഹായ ഗ്രൂപ്പ്, ജൈവവൈവിധ്യ ക്ലബ്ബ് കോർഡിനേറ്റർമാർ എന്നി വരുടെ സഹകരണത്തോടെ, ഗ്രാമസഭകൾ/ വാർഡുസഭകൾ തോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ബി.എം.സി. യുടെ ഒരു നെയിം ബോർഡ് സ്ഥാപിക്കുക. കൂടാതെ ബി.എം.സി. യുടേതായി ഒരു ഓഫീസ് മുറി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ സജ്ജീകരിക്കുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തുന്ന എല്ലാവിധ പരിസ്ഥിതി-ജൈവവൈവിധ്യ സംബന്ധമായ പ്രവർത്തനങ്ങളും, പദ്ധതികളും ബി.എം.സി. യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുക.

- എല്ലാ വാർഡിലെയും പാരിസ്ഥിതിക-ജൈവവൈവിധ്യ സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ബി.എം.സി. യുടെ കീഴിൽ വാർഡുതല സബ്കമ്മിറ്റികൾ രൂപീകരിക്കുകയോ, ബി.എം.സി. യോഗങ്ങളിൽ വാർഡു മെമ്പർമാരെ/ കൗൺസിലർമാരെക്കൂടി ഉൾപ്പെടുത്തുകയോ ചെയ്യുക.



ഊത്ത സംരക്ഷണ പദ്ധതിയുടെ ഭാഗമായി മത്സ്യക്കുഞ്ഞുങ്ങളെ സ്വതന്ത്രമാക്കുന്നു

# ഉപസംഗ്രഹം



“ജൈവവൈവിധ്യ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും” എന്നുള്ള വളരെ ബൃഹത്തായ ആശയം ഫലവത്താകണമെങ്കിൽ, അടിസ്ഥാനതലത്തിൽ അവയുടെ സംരക്ഷകരും കാവൽക്കാരുമായിട്ട് ജൈവവൈവിധ്യ ആക്ട് വ്യവസ്ഥ ചെയ്തിട്ടുള്ള ബി.എം.സി. കളുടെ ശാക്തീകരണം അനിവാര്യമാണ്. ബി.എം.സി. കളുടെ ശാക്തീകരണം, ബി.എം.സി. രൂപീകരണം മുതൽ തുടങ്ങേണ്ടതാണ്. ബി.എം.സി. അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ/ വാർഡുസഭ/ വാർഡു കമ്മിറ്റിയിൽ ചർച്ച ചെയ്ത് അവർ നിർദ്ദേശിക്കുന്ന വ്യക്തികളിൽ നിന്നും ആവശ്യമായ ബി.എം.സി. അംഗങ്ങളെ ഭരണസമിതി തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കേണ്ടതുണ്ട്. അതോടൊപ്പം ബി.എം.സി. യുടെ വാർഡുതല സബ്കമ്മിറ്റിയും ഉണ്ടാക്കാവുന്നതാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിൽ ബി.എം.സി. രൂപീകരിച്ചു കഴിഞ്ഞാൽ, അവിടെ ബി.എം.സി. യുടെ ഒരു നെയിം ബോർഡ് സ്ഥാപിക്കുക, അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ ഒരു ഓഫീസ് മുറി പ്രവർത്തനക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങൾ അടിയന്തിര പ്രധാന്യത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. അതിനാവശ്യമായ ഒരു സ്റ്റാർട്ടപ്പ് ഫണ്ട് ബി.എം.സി. ക്ക് നൽകേണ്ടതുണ്ട്. ബി.എം.സി. കൺവീനർക്ക് ഓഫീസിന്റെ ചുമതല നൽകാവുന്നതാണ്. ബി.എം.സി. ഓഫീസ് പ്രവർത്തനക്ഷമമാകുമ്പോൾ, ബി.എം.സി. എന്താണെന്നും, അതിന്റെ പ്രാധാന്യമെന്തെന്നും പൊതുജനങ്ങൾ മനസ്സിലാക്കുകയും, പാരിസ്ഥിതിക-ജൈവവൈവിധ്യ പ്രശ്നങ്ങൾ ബി.എം.സി. യെ ധരിപ്പിക്കുന്നതിന് അവർ സന്നദ്ധ രാകുന്നതുമാണ്.

ജൈവവൈവിധ്യ സംരക്ഷണം യാഥാർത്ഥ്യമാക്കുന്നതിനും, ബി.എം.സി. യെ പ്രവർത്തന സജ്ജ മാക്കുന്നതിനും, വിവിധ വകുപ്പുകളുടെ പ്രാദേശികതല പ്രവർത്തനങ്ങളുടെ ഏകോപനം അത്യ ന്താപേക്ഷിതമാണ്. വനം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, ഫിഷറീസ്, ഔഷധസസ്യങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ പ്രാദേശിക പ്രവർത്തനങ്ങൾ ബി.എം.സി. കളുടെ മേൽനോട്ടത്തിൽ നടത്തുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. കുട്ടികളിൽ ജൈവവൈവിധ്യ സംരക്ഷണാഭിരുചി വളർത്തിയെടുക്കുന്നതിനും, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെയും അധ്യാപകരെയും ഭാഗഭാക്കാക്കുന്നതിനും, ജൈവവൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ, പ്രാദേശികതല ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ബി.എം.സി. യോടൊപ്പം ചുക്കാൻ പിടിക്കുന്നതിന് അതാതിടങ്ങളിലെ ജൈവവൈവിധ്യ ക്ലബ്ബുകളെക്കൂടി പങ്കാളികളാക്കാവുന്നതാണ്.

“ആനയ്ക്ക് അതിന്റെ വലിപ്പം അറിഞ്ഞുകൂടാ” എന്നു പറയുന്നതുപോലെയാണ് നിലവിൽ ബി.എം.സി. കളുടെ സ്ഥിതി. പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ബി.എം.സി. കളുടെ നിയമപരമായ ചുമതലകളെപ്പറ്റിയും, അവരുടെ പ്രധാന്യത്തെപ്പറ്റിയും വ്യക്തമായ ധാരണയില്ലാത്തതും, അവരുടെ പ്രവർത്തനങ്ങളും, ഇടപെടലുകളും എപ്രകാരമായിരിക്കണം എന്നുള്ളതിനെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് ബി.എം.സി. കൾക്കുള്ള പ്രധാന പ്രശ്നങ്ങൾ. ബി.എം.സി. കൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യമൊരുക്കേണ്ടത് അതാത് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളാണ്. പഞ്ചായത്തീരാജ് ആക്ടിൽ ഭേദഗതി വരുത്തി, നിലവിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു പുറമെ പരിസ്ഥിതി-ജൈവവൈവിധ്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുവരികയും, പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സ ണിനെ ബി.എം.സി. കൺവീനർ ആക്കുകയും ചെയ്യുന്ന പക്ഷം, ബി.എം.സി. കളുടെ പ്രവർത്തന സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, ആവശ്യമായ പ്രവർത്തന ഫണ്ട് കണ്ടെത്തുന്നതിനും സാധിക്കുന്നതാണ്. പരിസ്ഥിതി-ജൈവവൈവിധ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ബി.എം.സി. യുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നിയമപരമായ സംവിധാനം ഉറുത്തിരിച്ചെടുക്കണം. ഇതിനെല്ലാമുപരി, ബി.എം.സി. കളുടെ പ്രാധാന്യത്തെപ്പറ്റി പൊതുജന ങ്ങളിൽ ധാരണയുണ്ടാക്കേണ്ടത് അനിവാര്യമാണ്. പൊതുജന പങ്കാളിത്തത്തോടെ മാത്രമേ ബി.എം.സി. കൾക്ക് അവരുടെ ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കൂ. ഗ്രാമ സഭകൾ, വാർഡ് സഭകൾ എന്നിവയിൽ ബി.എം.സി. യും അവരുടെ പ്രവർത്തനങ്ങളും ചർച്ചാ വിഷയമാക്കുകയും, വിലയിരുത്തപ്പെടുകയും ചെയ്യണം. മാധ്യമങ്ങളിലൂടെയുള്ള (തദ്ദേശീയ ചാനലുകൾ, പ്രമുഖ മലയാള ദിനപ്പത്രങ്ങൾ, തുടങ്ങിയവ) പ്രചരണം ബി.എം.സി. കളുടെ ശാക്തീകരണത്തിനും, പൊതുജനാവബോധത്തിനുമായി വിനിയോഗിക്കാവുന്നതാണ്. ജൈവ വൈവിധ്യ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പ്രവർത്തന പട്ടിക യിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

2015–16 കാലയളവിൽ സംസ്ഥാനത്ത് പുനർരൂപീകരിക്കുന്ന ബി.എം.സി. കളെ ശാക്തീകരിക്കുക, ജൈവവൈവിധ്യ ആക്ടിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തി ക്കുന്നതിന് സജ്ജമാക്കുക എന്നിവയാണ് വരുംവർഷങ്ങളിലെ ബോർഡിന്റെ മുഖ്യ അജണ്ട. എല്ലാ ജില്ലകളിലെയും പരമാവധി ബി.എം.സികളെ മാതൃകാ ബി.എം.സി. കളാക്കി മാറ്റുന്നതിന് ബോർഡ് നേതൃത്വം നൽകുന്നതാണ്. ബി.എം.സി. കൾക്ക് സുഗമമായി പ്രവർത്തിക്കുന്നതി നുള്ള സാഹചര്യം ഒരുക്കുന്നതുപോലെ പ്രാധാന്യമേറിയ ഒരു കാര്യമാണ് ബി.എം.സി. അംഗ ങ്ങളുടെ പ്രവർത്തന തൽപ്പരത. ജൈവവൈവിധ്യ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി, പ്രാദേശിക ജൈവ-പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ കാര്യക്ഷമതയോടുകൂടി, അക്ഷീണം പ്രവർത്തിക്കാൻ തക്കവണ്ണം പ്രാവീണ്യവും, താൽപ്പര്യവും ഉള്ള വ്യക്തികളാവണം ബി.എം.സി. അംഗങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം ബോർഡിന്റെ നിർദ്ദേശം ആരായാവുന്നതാണ്. തുടക്കക്കാരെന്ന നിലയിൽ കേരളത്തിലെ ഒന്നാംഘട്ട ബി.എം.സി. കൾക്ക് അതിന്റേതായ പോരായ്മകളും ബാലാരിഷ്ഠതകളും ഉണ്ടായിരുന്നു. അവ ഉൾക്കൊണ്ടുകൊണ്ട്, അവരിൽ നിന്നുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ അടുത്തഘട്ട ബി.എം.സി. കളിലൂടെ പ്രാവർത്തികമാക്കു ന്നതാണ്. ബി.എം.സി. കളിലൂടെ ജൈവവൈവിധ്യ ആക്ട് ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ, സംസ്ഥാന സർക്കാരിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, അനുബന്ധ വകു പ്പുകളുടെയും, പൊതുജനങ്ങളുടെയും സഹകരണം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് അനിവാര്യമാണ്. 2005 ൽ ജൈവവൈവിധ്യ ബോർഡ് സ്ഥാപിതമായതു മുതൽ, സംസ്ഥാനത്ത് ജൈവവൈവിധ്യ ആക്ട് നടപ്പിലാക്കുന്നതിനുള്ള എല്ലാവിധ പിന്തുണയും സംസ്ഥാന സർക്കാ രിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. 2008 ൽ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ രൂപീക രിക്കുകയും, പ്രാദേശിക തലത്തിൽ ബി.എം.സി. കൾ രൂപീകരിക്കുന്നതിന് ബോർഡിന് സഹായ കമാകുംവിധം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന സർക്കാർ ഉത്തരവിലൂടെ, തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്കാവശ്യമായ നിർദ്ദേശം നൽകുക, ബി.എം.സി. കളുടെ പ്രഥമ ദൗത്യമായ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് അനുവദിക്കുക, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർബന്ധിത പദ്ധതിയാക്കുക, ബി.എം.സി. കളെ അവരുടെ അധികാര പരിധിയിലെ "പരിസ്ഥിതി കാവൽസംഘ"ങ്ങളായി സർക്കാർ ഉത്തരവിലൂടെ നിയോഗിക്കുക തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുള്ള സഹകരണം എടുത്തുപറയേണ്ടതാണ്. തന്മൂലമാണ് 2012 ൽ ബി.എം.സി. രൂപീകരണം പൂർത്തിയായ ആദ്യസംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചതും, ആദ്യഘട്ട ബി.എം.സി. കളുടെ നേതൃത്വത്തിൽ 78 ശതമാനം പി.ബി.ആറുകൾ പൂർത്തിയാക്കുവാൻ സാധിച്ചതും. ബി.എം.സി. രൂപീകരണത്തിലും, പി.ബി.ആർ. തയ്യാറാക്കുന്നതിലും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് ബോർഡ് പ്രവർത്തിച്ചിട്ടുള്ളത്. അടുത്ത ഘട്ടത്തിൽ ബി.എം.സികളെ പൂർണ്ണമായും ശാക്തീകരിക്കുക, മാതൃകാ ബി.എം.സി. കൾ രൂപീകരിക്കുക എന്നീ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയും, സംസ്ഥാന സർക്കാരിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും എല്ലാവിധ പിന്തുണയും പ്രത്യാശിക്കുന്നു. ജൈവവൈവിധ്യ ആക്ട് വ്യവസ്ഥ ചെയ്യുന്നതിൻ പ്രകാരം, ജൈവവൈവിധ്യ സംരക്ഷണവും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും എന്ന ലക്ഷ്യപ്രാപ്തി പ്രാദേശികതലത്തിൽ കൈവരിക്കുന്നതിന്, ബി.എം.സി. കളെ സജ്ജമാക്കുന്നതിനും, ശാക്തീകരിക്കുന്നതിനും മുൻഗണന നൽകുന്ന തരത്തിലുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

## ബി.എം.സി. ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനപദ്ധതി

### ബോധവൽകരണ പരിപാടികൾ

- ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യ നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ, പി.ബി.ആർ. വികസിപ്പിച്ചെടുക്കൽ, എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക സ്ഥാപനങ്ങളുടെ ഒരു ശൃംഖല കണ്ടെത്തുക.
- കുറവുകളുടെ വിലയിരുത്തലും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്.
- ജില്ലാതലത്തിൽ വിദഗ്ദ്ധർക്ക് പരിശീലനം നൽകുക.
- പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും വികസിപ്പിച്ചെടുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുത്ത പ്രതിനിധികളുടെ ഘടനയിൽ പ്രകൃതി വിഭവ പരിപാലനം, സുസ്ഥിര വികസനം എന്നിവ ഉൾപ്പെടുത്തി പരിശീലനം നടത്തുക.
- ബി.എം.സി.കൾക്ക് പഞ്ചായത്ത് പരിശീലന പരിപാടികളും, സന്ദർശനങ്ങളും നടത്തുക.

### നയ പിന്തുണ

- ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചാത്തുകൾ എന്നിവയ്ക്ക് ധനകാര്യം, വികസനം, ക്ഷേമകാര്യം എന്നിങ്ങനെ മൂന്ന് സ്റ്റാൻഡിംഗ് കമ്മിറ്റികളുണ്ട്.

- പഞ്ചായത്തിരാജ് നിയമം ഭേദഗതി വരുത്തി പരിസ്ഥിതി ജൈവവൈവിധ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കുക.
- പരിസ്ഥിതി, സാമൂഹ്യ വിലയിരുത്തൽ റിപ്പോർട്ടിൽ നിന്നും നീർത്തട വികസനത്തിനും പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനുമായി പ്രാദേശികതലത്തിൽ ഒരു പ്രത്യേക പ്രവർത്തന സംഘത്തിന്റെ കുറവുണ്ടെന്നാണ് വ്യക്തമായത്.
- ഈ വിടവ് പരിഹരിക്കാൻ ഒരു ജൈവവൈവിധ്യ /പരിസ്ഥിതി പ്രവർത്തന സംഘത്തെ സജ്ജ മാക്കാനാകും.
- വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരു വിഷയമായി ജൈവവൈവിധ്യത്തെ ഉൾപ്പെടുത്തണം.
- ജൈവവൈവിധ്യ ഫണ്ട് നിയമം രൂപീകരിക്കുക.
- പരിസ്ഥിതി/ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടി ഗ്രാമസഭകൾ/വാർഡുസഭകൾ നടത്തുക.
- ജൈവവൈവിധ്യ പരിസ്ഥിതിയെ ബാധിക്കുന്ന ഖനനം, മണൽ ഖനനം, തണ്ണീർത്തട പരി വർത്തനം എന്നീ വികസന പ്രവർത്തനങ്ങൾ ബി.എം.സി.കളുടെ അനുവാദത്തോടു കൂടി നടപ്പാക്കുക.

## ബി.എം.സി.ക്ക് സാങ്കേതിക/അടിസ്ഥാന സൗകര്യ സഹായം.

- ഫലപ്രദമായ പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി ഡിജിറ്റൽ അന്വേഷണയോഗ്യ മായ ഒരു ഡാറ്റാബേസ് അല്ലെങ്കിൽ പട്ടിക (Check list) ബി.എം.സി.കൾക്ക് ലഭ്യമാക്കുക.
- ബി.എം.സി.കളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താനായി വെബ് പ്ലാറ്റ്ഫോമിൽ കേരള ബയോഡൈവേഴ്സിറ്റി ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കേണ്ടതാണ്.
- തദ്ദേശസ്ഥാപനങ്ങളിലേക്ക് വിട്ടു കിട്ടിയ സർക്കാർ ജീവനക്കാരുടെ സേവനം ലഭ്യമാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിസ്ഥിതി/ജൈവവൈവിധ്യ ഗ്രാമസഭകൾ/വാർഡു സഭകൾ രൂപവൽകരിക്കുക.
- ഗ്രാമസഭകളിലും, വാർഡ് സഭകളിലും സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. കൂടാതെ പ്രാദേശിക വികസന പ്രശ്നങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ പ്രകടനം നടത്തി പരമാവധി പരിഹാരം നിർദ്ദേശിക്കുക.
- മറ്റു സ്ഥാപനങ്ങളുമായി സംയോജിച്ച് ബി.എം.സി.കളും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളും വിവരങ്ങളുടെ വിനിമയം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിലൂടെ പദ്ധതിയുടെ വേഗത്തിലുള്ള നടത്തിപ്പിനും, സുഗമമായ ഫലപ്രാപ്തി നേടാനും സഹായകമാകും

## ബി.എം.സി. പ്രവർത്തനങ്ങൾ

- പഞ്ചായത്ത് തലത്തിൽ പ്രവർത്തന പദ്ധതിയുടെ ഏകീകൃത മാതൃകകൾ വികസിപ്പിക്കുക.
- ജൈവവൈവിധ്യ പദ്ധതികളെ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുക.

- ജൈവവൈവിധ്യ പ്രവർത്തന പദ്ധതി തയ്യാറാക്കൽ, മറ്റു പദ്ധതികളുടെ തയ്യാറാക്കൽ, പദ്ധതിയുടെ നീരിക്ഷണം, നടപ്പാക്കലിന്റെ ചുമതലയുള്ള സംഘത്തിന്റെ തിരിച്ചറിയലും ശാക്തീ കരണവും.
- കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം, എൻ.ജി.ഒ.കൾ, സംയുക്ത വന പരിപാലന സമിതി, പരിസ്ഥിതി വികസന സമിതി, നീർത്തട വികസന സമിതി, കുടുംബശ്രീ തുടങ്ങിയ പദ്ധതികളുടെ കേന്ദ്രീകരണത്തിനുള്ള പിന്തുണ.
- ഹരിതകേരളം, ശുചിത്വമിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തുടങ്ങിയ പദ്ധതികളുടെ സംയോജനം, പി.ബി.ആറിനെ ആസ്പദമാക്കിയുള്ള പദ്ധതികൾ.

## ബി.എം.സി.കൾക്ക് ചുവടെ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കി പ്രവർത്തന സംഘങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാവുന്നതാണ്

- പഞ്ചായത്തിന്റെ ഹരിതകേരള പദ്ധതിയുമായി സംയോജിപ്പിക്കുക.
- കാർഷിക വൈവിധ്യം/കമ്മ്യൂണിറ്റി സീഡ് ബാങ്കിന്റെ സംരക്ഷണം.
- നഗരപ്രദേശത്തെ ഹരിതവൽക്കരണം.
- വനവൽക്കരണ പ്രവർത്തനങ്ങൾ.
- ജൈവവൈവിധ്യ സമ്പുഷ്ടമായ പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃക പ്രദേശമായി പ്രഖ്യാപിക്കുകയും, പരിപാലന പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.
- പ്രദേശത്തെ അപൂർവ്വ സസ്യങ്ങൾ, മൃഗങ്ങൾ, കൃഷി ചെയ്യുന്ന ഇനങ്ങൾ, പ്രാദേശിക നാടൻ ഇനങ്ങൾ എന്നിവയെ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യുക.
- നഗരസഭയുടെ സഹയത്തോടെ നഗരത്തിന്റെ ജൈവവൈവിധ്യ സൂചിക തയ്യാറാക്കുക.
- പഞ്ചായത്തിന്റെ സഹായത്തോടെ അധിനിവേശ ഇനങ്ങളെ തിരിച്ചറിഞ്ഞ്, മുൻഗണന നൽകി, ഉന്മൂലനം ചെയ്യുക.
- പ്രാദേശിക ഭൂവിനോയഗത്തിന്റെയും ഭൂവിനിയോഗ മാറ്റത്തിന്റെയും ഭൂപടങ്ങൾ തയ്യാറാ ക്കുക.
- തരംതാഴ്ത്തപ്പെട്ട പരിസ്ഥിതി, ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, നാശോന്മുഖമായ കുളങ്ങൾ, തണ്ണീർത്തടങ്ങൾ, മലിനമായ നദികൾ തുടങ്ങിയവയുടെ പുനരുദ്ധാരണം.
- പഞ്ചായത്തുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുക.
- കൃഷി, വനം, മത്സ്യബന്ധനം എന്നിവയുടെ ജൈവവൈവിധ്യ സംരക്ഷണം.
- സാമ്പത്തിക നേട്ടത്തിന് സാധ്യതയുള്ള ജൈവവിഭവങ്ങൾ/പാരമ്പര്യ അറിവുള്ളവർ/വൈദ്യ ന്മാർ എന്നിവരുടെ വിവരങ്ങൾ സൂക്ഷിക്കുക.
- വനങ്ങളുടെ മരത്തടി ഒഴികെയുള്ള ഉൽപന്നങ്ങളുടെ കമ്പോള മൂല്യങ്ങൾ നിർണ്ണയിക്കുക.
- ജൈവവിളകളുടെ സുസ്ഥിരമായ വിളവെടുപ്പ് പ്രോത്സാഹിപ്പിക്കുക.
- പി.ബി.ആർ. ഒരു പാഠപുസ്തകമായും പഞ്ചായത്ത് ഒരു ക്ലാസ്സ് മുറിയായും വിദ്യാഭ്യാസ ത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പദ്ധതിയെ ഘട്ടം ഘട്ടമായി അവതരിപ്പിക്കുക.
- ഖനനം, തണ്ണീർത്തട പരിവർത്തനം തുടങ്ങിയവ ക്രമീകരിക്കാവുന്ന പ്രവർത്തനങ്ങളാണ്.

- പശ്ചിമഘട്ട പ്രദേശങ്ങളിൽ സംയുക്ത ബി.എം.സി.കൾ രൂപീകരിക്കുക
- ജൈവവൈവിധ്യ ക്ലബുകൾ/ പരിസ്ഥിതി ക്ലബുകൾ എന്നിവയുടെ ശാക്തീകരണം നടത്തി ബി.എം.സി.കൾക്ക് വേണ്ടി ഹരിതസേനയെ വികസിപ്പിക്കുക.
- ബി.എം.സി.കളുടെ ധനസമാഹരണത്തിന്റെ ഉറവിടം പഞ്ചായത്തുകളടെ ആസൂത്രണ ഫണ്ട്, പഞ്ചായത്തീരാജ് പദ്ധതി ഫണ്ട് എന്നിവയാണ്.
- പഞ്ചായത്തുകളിലെ മറ്റു പദ്ധതികളുമായി ബന്ധപ്പെടുത്തൽ

വികേന്ദ്രീകരണത്തിനായി, പ്രാദേശിക പങ്കാളിത്തത്തോടെ പ്രാദേശിക ആസൂത്രണത്തിന്റെ പാത കേരളം തെരഞ്ഞെടുത്തു. പ്രാദേശിക സാഹചര്യങ്ങളെ വിശകലനം ചെയ്തു കൊണ്ട് ജനങ്ങൾക്ക് അവരുടെ തീരുമാനങ്ങൾ എടുക്കാനുള്ള ശാക്തീകരണം കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം. സുസ്ഥിര വികസനത്തിനായി ജൈവവൈവിധ്യത്തെ നിയന്ത്രിക്കുന്നതിന് പ്രദേശത്തെ ജനങ്ങളെ ശാക്തീകരിക്കാനുള്ള സംവിധാനമാണ് ജൈവവൈവിധ്യ ആക്ടിൽ ഉദ്ദേശിക്കുന്നത്. പഞ്ചായത്തീരാജ് ആക്ട്/ചട്ടങ്ങൾ പ്രകാരം ബി.എം.സി.കളെ നിയമാനുസൃത കമ്മിറ്റിയായി പ്രഖ്യാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്തീരാജ് മന്ത്രാലയം ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിലെ ബുദ്ധിമുട്ടുകൾ തിരിച്ചറിയുന്നതിന് വേണ്ടി, പ്രാദേശിക പ്രവർത്തനങ്ങളുടെ വിജയകഥകൾ, വിജയത്തിന് കാരണമായ നൽകുന്ന ഘടകങ്ങൾ എന്നിവ വിശകലനം ചെയ്തും, ബി.എം.സി. രൂപീകരണത്തിന്റെ ആദ്യഘട്ടം മുതൽ പഠിച്ച പാഠങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സഹായത്തോടെയാണ് ഈ പുസ്തകം പ്രകാശനം ചെയ്യുന്നത്. കേരളത്തിലെ ആദ്യഘട്ട ബി.എംസി.കളുടെ അനുഭവങ്ങൾ പുതുതായി രൂപപ്പെടുത്തിയ ബി.എം.സി.കൾക്ക് പ്രയോജനകരമായിരിക്കും. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലെ ബി.എം.സി.കൾക്കും ഈ പുസ്തകം സഹായകമാകുന്നതാണ്.


മുഴക്കുന്ന്

## അവലംബം


ജൈവവൈവിധ്യ ആക്ട് 2002
ജൈവവൈവിധ്യ ചട്ടങ്ങൾ 2004
ദേശീയ ജൈവവൈവിധ്യ അതോറിറ്റി
സംസ്ഥാന ജൈവവൈവിധ്യ ബോർഡ്


GOVERNMENT OF KERALA
Environment Department
KERALA BIOLOGICAL DIVERSITY RULES, 2008
PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012


ജൈവവൈവിധ്യ പരിപാലന സമിതി
BIODIVERSITY MANAGEMENT COMMITTEE
പ്രവർത്തന കൈപ്പുസ്തകം
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**GOVERNMENT OF KERALA**

Abstract

Local Self Government Department - Constitution of Biodiversity Management *Committee(BMCs) - Sanction accorded - Orders issued.*

---

LOCAL SELF GOVERNMENT (DA) DEPARTMENT

G.O.(MS) 86/08/LSGD Dated, Thiruvananthapuram, 18.03.2008

---

Read:- 1) G.O.(Rt) No.1589/07/LSGD dated 5.6.2007.
2) Letter No. 92/BMC/2008 dated 2.2.2008 of Chairman, Kerala State Biodiversity Board.

ORDER

As per G.O. read as first paper above Biodiversity Management Committee *has been constituted in five pilot Village Panchayats viz Vithura* (Thiruvananthapuram), Kumarakam(Kottayam), Malampuzha (Palakkad), Chirakkal (Kannur) and Neeleswaram (Kasargode), under the provisions of *National Biological Diversity Act - 2002.*

In the letter read as second paper above the Chairman, Kerala State *Biodiversity Board has requested to constitute Biodiversity Management Committee* in all Village Panchayats, Municipalities and Corporations in order to start the preparation of the People's Biodiversity Register for their respective jurisdictions.

After examining the matter in detail, Government are pleased to accord *sanction for constituting a Biodiversity Management Committee in all the Village* Panchayats, Municipalities and Corporations with the following structure.

| | | |
|---|---|---|
| 1) Chairperson | : | President of the Panchayat/Chairperson of the *Municipality/Mayor of the Corporation.* |
| 2) Secretary | | Agriculture Officer. |
| 3)Six nominees | : | To be nominated by the Local Government from *among agriculturists, herbalists, Non-Timber* Forest Produces collectors / traders, fisher folk, representative of user associations, community *workers, academicians and any person* representative of organizations, whom the local governments consider that he/she can significantly *contribute to the mandate of the Biodiversity* Management Committee |

4) Special Invitees : Representative of the departments of Forest & Wildlife, Animal Husbandry, Health, Fisheries, Education and Research Institutions and Local MLA and MP.

The nominees should include at least two women and one from among *SC/ST communities.*

BY ORDER OF THE GOVERNOR
S.M VIJAYANAND
PRINCIPAL SECRETARY

To

1. The Director of Panchayat, Thiruvananthapuram.
2. *The Commissioner for Rural Development, Thiruvananthapuram.*
3. The Director of Urban Affairs, Thiruvananthapuram.
(to be communicated to concerned LSGIs for immediate compliance)
4. *The Director of Animal Husbandry, Thiruvananthapuram.*
5. Principal Chief Conservator of Forest, Thiruvananthapuram.
6. The Director of Health Services, Thiruvananthapuram.
7. *The Director of Public Instructions, Thiruvananthapuram.*
8. The Director of Fisheries, Thiruvananthapuram.
9. The Executive Director, IKM, Thiruvananthapuram.(For publishing in *the Official Website of Local Self Government Department.*)
10. The Director of Agriculture, Thiruvananthapuram.
11. Chairman, Kerala State Biodiversity Board, Pallimukku, Pettah P.O. *Thiruvananthapuram.*

Forwarded/ by Order

Section Officer.

Copy to:

The Environment/Forest&Wildlife/Fisheries/Health/Education/Agriculture/*Animal Husbandry Departments.*
Personal Assistant to Principal Secretary/Secretary LSGD.
Stock File/Office copy.

## അനുബന്ധം 2

BIODIVERSITY BOARD
MAR 2010
274
THIRUVANANTHAPURAM

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ് - പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ - തുക ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കു നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 618/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 24.02.2010

---

പരാമർശം:- 1) കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ സമർപ്പിച്ച 28.11.2008-ലെ 719/എ1/കെ.എസ്.ബി.ബി./08 നമ്പർ അപേക്ഷ.
2) 27.01.2010-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.15 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക ഒരു പഞ്ചായത്തിന് 1.5 ലക്ഷം രൂപ ചെലവ് വരുമെന്നും ടി തുക 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ പരാമർശം ഒന്ന് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിന് 2010-11 വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നോ തനത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ 70,000/- രൂപ (എഴുപതിനായിരം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ആർ.രാജീവ്,
അഡീഷണൽ സെക്രട്ടറി.

ചെയർമാൻ, കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്, പള്ളിമുക്ക്, പേട്ട, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. } പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. } നൽകേണ്ടതാണ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്. (08.02.2010-ലെ 9156/ഡി.എ1/10/ത.സ്വ.ഭ.വ. നമ്പർ കുറിപ്പ് പ്രകാരം.)

GOVERNMENT OF KERALA

Abstract

Local Self Government Department - Constitution of Biodiversity Management Committee(BMC)-Government order modified - Orders issued.

---

LOCAL SELF GOVERNMENT (DA) DEPARTMENT

G.O.(Rt.)No. 2088/2011/LSGD. Dated, Thiruvananthapuram, 05.09.2011

---

Read :- 1)GO(MS)No.86/08/LSGD dated 18/03/08.

2)Letter No.823/A1/2011/KSBB dated 01.08.2011 from the Member Secretary Kerala State Biodiversity Board.

**ORDER**

As per Government Order read as 1st paper above sanction was accorded for constituting a Biodiversity Management Committee in all the Village Panchayats, Municipalities and Corporations with the Agriculture Officer as it's Secretary.

In the letter read as 2nd paper above, the Member Secretary, Kerala State Biodiversity Board has informed that as per the Biodiversity Act 2002, the Secretary of the Biodiversity Management Committee should be the Secretary of the Panchayat and not the Agricultural Officer and requested to appoint Panchayat Secretaries as the Secretary of Biodiversity Management Committee, since the composition of the members is a statutory exercise.

Government have examined the matter in detail and are pleased to modify the composition of Biodiversity Management Committee by nominating the Secretary of Panchayat as Secretary of Biodiversity Management Committee instead of Agriculture Officer.

The Government Order read above stands modified to this extent

By Order of the Governor,
V.Sobha,
Additional Secretary

To,

The Director of Panchayat, Thiruvananthapuram.
The Commissioner of Rural Development, Thiruvananthapuram.
The Director of Urban Affairs, Thiruvananthapuram.
(to be communicated to concerned LSG's for immediate compliance).

# കേരള സർക്കാർ

നം.63664/ഡിഎ1/ 2011/തസ്വഭവ തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,

തിരുവനന്തപുരം, തീയതി :02.12 2011.

## സർക്കുലർ

വിഷയം:- ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം - നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

സൂചന :- 24.02.10 ലെ സ.ഉ(സാധാ)618/2010/തസ്വഭവ

പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പിബിആർ) തയ്യാറാക്കുന്നതിന് 2010-11 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നോ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ 70,000/-(എഴുപതിനായിരം) രൂപ വരെ ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് അനുമതി നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭൂരിപക്ഷം പഞ്ചായത്തുകളും പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പിബിആർ) നിർമ്മാണത്തിനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുകയുണ്ടായിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുന്നു.

മേൽ സാഹചര്യത്തിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (പിബിആർ) തയ്യാറാക്കൽ ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് നിർബന്ധിതപ്രവർത്തനമാക്കേണ്ടതാണ്. ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ/നഗരസഭകൾ 2011-12 സാമ്പത്തിക വർഷത്തിൽ (പിബിആർ) തയ്യാറാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കേണ്ടതും ഇക്കാര്യം ജില്ലാ ആസൂത്രണസമിതികൾ ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതി രൂപീകരണത്തിനായി ചെലവഴിക്കാവുന്ന തുക സൂചന ഉത്തരവിൽ നിശ്ചയിച്ചിരുന്ന പരമാവധി 70,000/-(എഴുപതിനായിരം) രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർക്കും

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യഡയറക്ടർ. തിരുവനന്തപുരം
} എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഐ കെ എം, തിരുവനന്തപുരം

എസ്.പി.എ.ഒ തിരുവനന്തപുരം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വ്യവസായവും ഐ.ടി & നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

contd....

-2-

ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

നം.57681/ഡിഎ2/12/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി 16.10.12

ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:-തദ്ദേശസ്വയംഭരണ വകുപ്പ്-ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ-പഞ്ചായത്തുതല പദ്ധതി രൂപീകരണം സംബന്ധിച്ച്.

സൂചന:-1.തസ്വഭ (ഡിഎ)വകുപ്പിന്റെ 2/12/11 ലെ 53664/ഡിഎ1/2011/ തസ്വഭവ നമ്പർ സർക്കുലർ.

2. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 25/9/12 ലെ 823/എ1/2011/കെ.എസ്.ബി.ബി നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ(പി.ബി.ആർ) തയ്യാറാക്കേണ്ടത് നിർബന്ധിതമാക്കിയിരുന്നു. ആയത് തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്ത്/നഗരസഭകൾ 2011-12 സാമ്പത്തിക വർഷത്തിൽ പി.ബി.ആർ തയ്യാറാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കേണ്ടതും, ഇക്കാര്യം ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതുമാണെന്ന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 484 ഗ്രാമപഞ്ചായത്തുകൾ ഇതുവരേയും ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി, വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടില്ലായെന്ന് സൂചന (2) പ്രകാരം കെ.എസ്.ബി.ബി മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് 2012-13 വർഷം തന്നെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, അനിവാര്യ പദ്ധതിയായി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.കൃഷ്ണൻ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

പകർപ്പ്:- മെമ്പർ സെക്രട്ടറി;
കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്
പള്ളിമുക്ക്, പേട്ട, തിരുവനന്തപുരം

## അനുബന്ധം 6

# കേരള സർക്കാർ

പരിസ്ഥിതി (എ) വകുപ്പ്

## സർക്കുലർ

നമ്പർ 3784/എ2/12/പരി. *തിരുവനന്തപുരം, 2013 ഫെബ്രുവരി 7.*

*വിഷയം:*—പരിസ്ഥിതി വകുപ്പ്—ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പരിശോധനാനുമതി—സംബന്ധിച്ച്.

പ്രാദേശിക ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവും അവയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക എന്നത് 2008-ലെ കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസിലെ ചട്ടം 20 (7) പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതിയുടെ (BMC) യും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിയമപരമായ ചുമതലയാണ്. ഇപ്രകാരം തയ്യാറാക്കുന്ന രജിസ്റ്ററിലെ ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങളും പരമ്പരാഗത വിജ്ഞാനവും പുറമെയുള്ള വ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്യമാകാതെ സംരക്ഷിക്കേണ്ട ചുമതലയും ജൈവവൈവിധ്യ നിയമങ്ങൾ 2002 വകുപ്പ് (3) കേന്ദ്ര ജൈവവൈവിധ്യ നിയമങ്ങൾ 2004 വകുപ്പ് (14), സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 വകുപ്പ് (7) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികളിലും നിക്ഷിപ്തമാണ്.

(2) എന്നാൽ മേൽ നിയമങ്ങൾക്ക് വിരുദ്ധമായി ജൈവവൈവിധ്യ രജിസ്റ്ററുകൾ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ ജൈവവൈവിധ്യ ബോർഡോ, സംസ്ഥാന സർക്കാരോ അറിയാതെ നേരിട്ട് അന്യ ഏജൻസിക്കു ലഭ്യമാക്കിയതായുള്ള ഒരു സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ പരിപാലനത്തിൻ മേൽ പരാമർശിച്ച നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും, ജൈവ വൈവിധ്യ

GCPT. 3/824/2013/DTP.

മാനേജ്മെന്റ് കമ്മിറ്റിയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡോ, സംസ്ഥാന സർക്കാരോ അതാതു സംഗതികളിൽ ബാധകമാകുന്ന രീതിയിൽ അനുവദിച്ച പ്രകാരം മാത്രമേ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലെ വിവരങ്ങൾ വിദേശ വ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്യമാക്കാൻ പാടുള്ളൂ എന്ന് അറിയിക്കുന്നു. അതുപോലെ ജൈവ വൈവിധ്യ സംബന്ധമായ അറിവുകൾ, അവ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നത് എന്നീ കാര്യങ്ങളിൽ ജൈവവൈവിധ്യ നിയമം 4-ാം വകുപ്പുപ്രകാരം മാത്രമേ നടപടി സ്വീകരിക്കാൻ പാടുള്ളൂ എന്നും ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുന്നു.

ജെയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

പഞ്ചായത്ത് ഡയറക്ടർ, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33
നഗരകാര്യ ഡയറക്ടർ, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33
മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ്-പ്രാദേശിക തലത്തിലുള്ള പരിസ്ഥിതി ശോഷണം ഒഴിവാക്കുന്നതിനായി ജൈവവൈവിധ്യ പരിപാലന സമിതികളെ നിയോഗിച്ച് ഉത്തരവാകുന്നു.

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.04/13/പരി. തീയതി, തിരുവനന്തപുരം 13.05.2013

സൂചന : (1) കേരള നിയമസഭയുടെ പരിസ്ഥിതി സമിതി (2006-2009) 19.07.2007 ൽ സമർപ്പിച്ച ഒന്നാമതു റിപ്പോർട്ട്

(2) 24.01.2012 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച 61/എ1/2012/കെ എസ് ബി ബി നമ്പർ കത്ത്

(3) 22.03.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1/2013/പരി നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്കു നിർമ്മാണ ശാലകൾ മൂലം ഉണ്ടാകുന്ന പരിസരമലിനീകരണവും, പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി വിശദമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് ഒന്നാമതു സൂചിപ്പിച്ചിരിക്കുന്നതിൽ, ഈ മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തക്കസമയത്ത് ആവശ്യമായ പരിഹാര നടപടികൾകൈക്കൊള്ളുന്നതിന് മതിയായ അധികാരത്തോടെ ഒരു 'കാവൽസംഘം' രൂപീകരിക്കുന്നത് നന്നായിരിക്കും എന്നു ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരം ചെറുതും, വലുതുമായ പാരിസ്ഥിതിക ശോഷണം യഥാവസരം തടയുന്നതിനും, നിയമാനുസൃത നടപടികൾ ഫലപ്രദമായ രീതിയിൽ സ്വീകരിക്കുന്നതിനും നിലവിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാത്രമേയുള്ളൂ. പരിസ്ഥിതി സംരക്ഷണത്തിനും, പാരിസ്ഥിതിക ശോഷണം ഉണ്ടാക്കുന്നതോ, ഉണ്ടാക്കാവുന്നതോ ആയ നടപടികൾക്ക് യഥാസമയം പ്രതിവിധിയുണ്ടാക്കുന്നതിനായി, പരിസ്ഥിതി നിയമങ്ങളും, ചട്ടങ്ങളും, വിജ്ഞാപനങ്ങളും ലംഘിക്കപ്പെടുന്ന സംഭവങ്ങളിലും, പ്രാദേശിക തലത്തിൽ സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണം പൊതുജനാരോഗ്യത്തിനും മനുഷ്യജീവനും ഭീഷണിയാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലും ഉടനടി നടപടി സ്വീകരിക്കാനുതകുന്ന അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിൽ പരിസ്ഥിതി വകുപ്പിനു നേരിട്ടു സമർപ്പിക്കാനായി അതാതു സംഗതിയിൽ ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർമാർ, പ്രാഥമിക ആരോഗ്യകേന്ദ്രം/സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാർ, നഗരപ്രദേശങ്ങളിൽ ഹെൽത്ത് ഓഫീസർമാർ, പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ മൂന്നാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവു പ്രകാരം, പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. അതാത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മേല്പറഞ്ഞ അധികാരികളെ കൃത്യസമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ ഉറപ്പാക്കുന്നതിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2002-ലെ ജൈവവൈവിധ്യ നിയമപ്രകാരമുള്ള ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committee-BMC) രൂപീകൃതമായിട്ടുണ്ട്. നിയമാനുസൃതവും പരിസ്ഥിതി വിഷയത്തിൽ തന്നെ ചുമതലപ്പെട്ടതുമായ ഈ കമ്മിറ്റിക്ക്, ഗ്രാമപഞ്ചായത്ത് തല

ത്തിൽ 'പരിസ്ഥിതി കാവൽ സംഘം ' ആയി പ്രവർത്തിക്കുന്നതിനുള്ള ചുമതല കൂടി നല്കി സർക്കാർ ഇതിനാൽ ഉത്തരവാകുന്നു. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന ചുമതലകൾ കൂടാതെ ഗ്രാമപഞ്ചായത്ത്തല 'പരിസ്ഥിതി കാവൽ സംഘം ' എന്ന നിലയിൽ BMC കൾക്ക് താഴെപ്പറയുന്ന നടപടികളും സ്വീകരിക്കാവുന്നതാണ്:

(1) ഏറ്റവും താഴ്ന്ന തലത്തിൽ ജനകീയമായ പ്രാഥമിക പരിസ്ഥിതി പരിപാലനം, അതാത് ഗ്രാമപഞ്ചായത്തുകളിലെ BMC കളുടെ ചുമതലയായിരിക്കുന്നതാണ്.

(2) പരിസ്ഥിതി നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ ലംഘിക്കപ്പെടുന്ന എല്ലാ നടപടികളും, കൂടാതെ പാരിസ്ഥിതിക ശോഷണമോ, പൊതുജനാരോഗ്യ പ്രശ്നമോ, മനുഷ്യജീവന് ഭീഷണിയോ സംജാതമാകുന്നതോ, ആകാവുന്നതോ ആയ സ്ഥിതിവിശേഷം മറ്റുവിധത്തിൽ ഉണ്ടാകുന്ന പക്ഷം അക്കാര്യവും ഉടനടി അതാതുസമയം അത്തരം കേസുകളിൽ നിയമാനുസൃത മേൽനടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികളെ അറിയിക്കാനുള്ള ചുമതല അതാത് ബി.എം.സി.കളുടേതായിരിക്കുന്നതാണ്. ഇതിനായി മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(3) പഞ്ചായത്തിലെ പരിസ്ഥിതി പരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ച് പഞ്ചായത്ത് കമ്മിറ്റി മുഖേന നടപ്പാക്കുന്നതിനും പാരിസ്ഥിതിക അനുമതി വ്യവസ്ഥകൾ (ഉദാ: പാറമട, മണൽഖനനം, മുൻകൂർ പരിസ്ഥിതി അനുമതി നല്കപ്പെട്ടിട്ടുള്ള വികസന പദ്ധതികൾ) ലംഘിക്കപ്പെടുന്ന സംഭവങ്ങൾ, നിയമാനുസൃത അധികാരസ്ഥാനങ്ങളെ അതാതുസമയം അറിയിക്കുക.

(4) ആരോഗ്യകരമായ പരിസര സംരക്ഷണവും, ശുചിത്വവും ഉറപ്പാക്കാനായി ആവശ്യമായ ബോധവല്ക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നതിനു നേതൃത്വം നല്കുക.

(5) പഞ്ചായത്തിലെ ജലസ്രോതസ്സുകൾ അവയുടെ സ്വാഭാവിക സ്ഥിതിയിൽ നിലനില്ക്കുന്നു എന്നുറപ്പാക്കുകയും, പാരിസ്ഥിതിക ശോഷണം സംഭവിച്ചവ പുനരുജ്ജീവിപ്പിക്കുന്നതിനും, സുസ്ഥിര സംരക്ഷണം ഉറപ്പാക്കുന്നതിനും ജനകീയാടിസ്ഥാനത്തിലുള്ള പദ്ധതികൾ സംയോജിതമായി നടപ്പാക്കാൻ മുൻകൈ എടുക്കുക.

(6) വിശേഷാവസരങ്ങളിൽ പഞ്ചായത്ത്തല പരിസ്ഥിതി സംരക്ഷണ/ശുചീകരണ നടപടികൾക്കു മുൻകൈ എടുക്കുക.

(7) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ, പരിസ്ഥിതി സംഘടനകൾ, മറ്റ് സർക്കാരിതര സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന്, പഞ്ചായത്ത്തല പരിസ്ഥിതി വിഷയങ്ങളെപ്പറ്റി ചർച്ചകൾ, സെമിനാറുകൾ, ബോധവല്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

(8) പഞ്ചായത്തിലെ പാരിസ്ഥിതിക അവസ്ഥ, പ്രകൃതി വിഭവങ്ങളുടെ അനധികൃത ചൂഷണം, ആവാസവ്യവസ്ഥകളുടെ തൽസ്ഥിതി മുതലായ കാര്യങ്ങൾ നേരിട്ട് പരിശോധിച്ചറിഞ്ഞ് ബന്ധപ്പെട്ടവരെ അറിയിക്കുക.

(9) പ്രാഥമിക പരിസ്ഥിതി സംരക്ഷണ നടപടികൾ പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ച് ഗ്രാമസഭയിൽ അവതരിപ്പിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.

(10) പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെടുന്ന സർക്കാർ പദ്ധതികൾ (ഉദാ: ജൈവകൃഷി, നാടൻ സസ്യ-ജന്തുവർഗ്ഗ സംരക്ഷണം, ഗാർഹിക മാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉല്പാദിപ്പിക്കൽ, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, സൗരോർജ്ജം മുതലായവ) നടപ്പാക്കാനുള്ള പ്രചാരണവും, അവ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങളും.

3. 'പരിസ്ഥിതി കാവൽ സംഘം ' എന്ന നിലയിൽ BMC കൾക്കു ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സഹായ സമിതികൾ (Technical Support Group) മുഖേന നല്കേണ്ടതാണ്.

4. പാരിസ്ഥിതിക വിഷയങ്ങളിൽ, ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി നടത്തുന്ന പരിശീലന, അവബോധ പരിപാടികളിൽ BMC കൾക്ക് നിയമാനുസൃതവും, ഈ ഉത്തരവിൻ പ്രകാരമുള്ളതുമായ കർത്തവ്യങ്ങൾ നടപ്പാക്കാനാവശ്യമായ പരിശീലന പദ്ധതികൾ ഉൾപ്പെടുത്തേണ്ടതാണ്.

5. ഈ ഉത്തരവിൻ പ്രകാരം, ബി.എം.സി.കളിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ/പരാതികളിന്മേൽ മൂന്നാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 3 ലുള്ള പട്ടികയിൽ 4-ാം കോളത്തിൽ പരാമർശിക്കുന്ന, പ്രാദേശിക തലത്തിൽ ചുമതലപ്പെടുത്തപ്പെട്ട അധികാരികൾ, മുന്തിയ പരിഗണന നല്കി, മേൽ നടപടി സ്വീകരിക്കേണ്ടതും സർക്കാരിനു റിപ്പോർട്ടു ചെയ്യേണ്ടവയിൽ, ആവശ്യാനുസരണമുള്ള റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കേണ്ടതുമാണ്.

6. ഓരോ വർഷവും, ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഏറ്റവും നല്ല BMC യ്ക്കും, സംസ്ഥാനത്ത് ഏറ്റവും നല്ല പ്രവർത്തനം നടത്തിയ BMC യ്ക്കും 'ലോക പരിസ്ഥിതി ദിനത്തിൽ ' മുഖ്യമന്ത്രിയുടെ ട്രോഫികൾ നല്കേണ്ടതാണ്. ഈ വിലയിരുത്തൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തേണ്ടതും, കൂട്ടത്തിൽ ഈ സർക്കാർ ഉത്തരവു പ്രകാരം സ്വീകരിച്ച നടപടികളും, കണക്കിലെടുക്കേണ്ടതുമാണ്.

7. ജൈവവൈവിധ്യ നിയമം 45-ാം വകുപ്പു പ്രകാരം, അതാതു ബി.എം.സി.കളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതിൽ, പഞ്ചായത്തുതല 'പരിസ്ഥിതി കാവൽസംഘം ' എന്ന നിലയിൽ അതാതു ബി.എം.സി.കളുടെ പ്രവർത്തന റിപ്പോർട്ടും ഉൾപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-4
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ ഭരണ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ താലൂക്ക് തഹസീൽദാർമാർക്കും (ജില്ലാ കളക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
റവന്യൂ/വ്യവസായ/തദ്ദേശ സ്വയംഭരണ/ആരോഗ്യ/ആഭ്യന്തര വകുപ്പിന്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് - പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്ന തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2945/2013/തസ്വഭവ　　　　തിരുവനന്തപുരം, തീയതി. 30.11.2013**

---

പരാമർശം:- (1) 24.07.2010-ലെ സ.ഉ(എം.എസ്)നം.618/2010/ത.സ്വ.ഭ.വ
(2) കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് മെമ്പർ സെക്രട്ടറിയുടെ 31.01.2012-ലെ 823/എ1/2011/കെ.എസ്.ബി.ബി നമ്പർ കത്ത്
(3) 25.09.2013-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം ഇനം നം. 3.18

**ഉത്തരവ്**

പരാമർശം ഒന്ന് ഉത്തരവുപ്രകാരം പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും 70,000/- (എഴുപതിനായിരം മാത്രം) രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പരാമർശം 2-ലെ കത്തുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള തുക യഥാക്രമം 1,25,000/-, 2,50,000/- രൂപയായി വർദ്ധിപ്പിക്കണമെന്നും കോർപ്പറേഷനുകളിൽ പരമാവധി 5,00,000/-രൂപ വരെ ചെലവഴിച്ച് പ്രസ്തുത രജിസ്റ്റർ തയ്യാറാക്കുന്നതിന് അനുമതി നൽകണമെന്നും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 3-ലെ കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള തുക **ഗ്രാമപഞ്ചായത്തുകൾക്ക്** 1,25,000/-(ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം മാത്രം)രൂപയായും **നഗരസഭകൾക്ക് 2,50,000/**-(രണ്ട് ലക്ഷത്തി അൻപതിനായിരം മാത്രം) രൂപയായും വർദ്ധിപ്പിച്ചും **കോർപ്പറേഷനുകൾക്ക് പരമാവധി 5,00,000/**-(അഞ്ച് ലക്ഷം മാത്രം) രൂപ വരെ ചെലവഴിച്ച് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ഗവ.ജോയിന്റ് സെക്രട്ടറി**

ചെയർമാൻ, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്,
പള്ളിമുക്ക്, പേട്ട, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

## അനുബന്ധം 9

കേരള സർക്കാർ

തസ്വഭവ-ഡിഎ 1/208/2015-തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
തിരുവനന്തപുരം, തീയതി : 16.11.2015

### സർക്കുലർ

വിഷയം - തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പുനർ രൂപീകരണം -സംബന്ധിച്ച് -

സൂചന — കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന്റെ 03.11.2015-ലെ 1340/എ 5/2015/കെ.എസ്.ബി.ബി നമ്പർ കത്ത്

2002-ലെ ജൈവവൈവിധ്യ ആക്ട് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി) കാലാവധി കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, പുതിയ ഭരണ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ വന്ന് 3 മാസത്തിനുള്ളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പുനർ രൂപീകരണം നിർബന്ധമായും നടത്തണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം 10

**ബി.എം.സി. പ്രവർത്തനങ്ങളുടെ സമഗ്ര വിശകലനത്തിനു വേണ്ടിയുള്ള ചോദ്യാവലി**

| | | |
|---|---|---|
| 1 | ബി.എം.സി. യുടെ പേര് | |
| 2 | ജില്ല | |
| 3 | ആക്ടനുസരിച്ചുള്ള ഘടനയിലാണോ നിലവിലെ ബി.എം.സി. ഉള്ളത്?<br>(ആകെ അംഗങ്ങൾ - 8, വനിതകൾ - 2,<br>SC/ST പ്രതിനിധികൾ - 1 എന്ന ഘടന) | |
| 4 | വന സംരക്ഷണ സമിതിയിലെ (VSS) അംഗങ്ങൾ ബി.എം.സി. അംഗങ്ങളായിട്ടുണ്ടോ ? | |
| 5 | ജൈവവൈവിധ്യ ആക്ട്, ചട്ടങ്ങൾ എന്നിവയെക്കുറിച്ച് ബി.എം.സി. അംഗങ്ങൾക്ക് ശരിയായ ധാരണയുണ്ടോ? ഇല്ലെങ്കിൽ ഇതിനുള്ള പരിഹാരം നിർദ്ദേശിക്കുക. | |
| 6 | പി.ബി.ആർ. തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പി.ബി.ആർ. തയ്യാറാക്കുന്ന വേളയിൽ ഭരണപരമായും സാങ്കേതികപരമായും നേരിട്ടിട്ടുള്ള പ്രശ്നങ്ങൾ എന്തെല്ലാം ? | |
| 7 | പി.ബി.ആറിൽ ഇപ്പോൾ നൽകിയിട്ടുള്ള വിവരങ്ങൾ പര്യാപ്തമാണോ? അല്ലെങ്കിൽ എന്തെല്ലാം കൂട്ടിച്ചേർക്കൽ വേണം? ഓരോന്നും മേഖല തിരിച്ച് എഴുതുക. | |
| 8 | ഭാവിയിൽ പി.ബി.ആർ. പുതുക്കുന്ന അവരസത്തിൽ നിലവിലെ മാതൃകയിൽ മാറ്റം വരുത്തേണ്ടതുണ്ടോ ?ഉണ്ടെങ്കിൽ അവയെന്തെല്ലാമെന്ന് നിർദ്ദേശിക്കുക. | |
| 9 | ബി.എം.സി. യുടെ നേതൃത്വത്തിലാണോ പി.ബി.ആർ. തയ്യാറാക്കിയിട്ടുള്ളത്? ആണെങ്കിൽ ബി.എം.സി. വഹിച്ച പങ്ക് അക്കമിട്ടുപറയുക. | |
| 10 | തയ്യാറാക്കിയിട്ടുള്ള പി.ബി. ആർ., ബി.എം.സി. യുടെ മേൽനോട്ടത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തു സുരക്ഷാസംവിധാനമാണ് നിർദ്ദേശിക്കുന്നത്? | |
| 11 | പി.ബി.ആർ. തയ്യാറാക്കുന്നതിന് ഭരണാനുമതി നൽകിയ തീയതി, പദ്ധതി തുടങ്ങിയ തീയതി, പൂർത്തിയാക്കി യതീയതി ? | |
| 12 | പി.ബി.ആർ. പദ്ധതി തുടങ്ങിയിട്ടില്ലാത്ത ബി.എം.സികൾ അത് നടപ്പാക്കാത്തതിന് എന്ത് ന്യായീകരണമാണ് നൽകുന്നത് ?<br>പി.ബി.ആർ. തയ്യാറാക്കുന്നതിന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ ? ഉണ്ടെങ്കിൽ അത് ഭരണതലത്തിലാണോ, സാങ്കേതിക സഹായക്കുറവു മൂലമാണോ, പ ി.ബി.ആറിന്റെ ആവശ്യമില്ലെന്ന തോന്നലാണോ എന്നു വിശദമാക്കുക. | |
| 13 | ബി.എം.സി. എന്താണെന്നും അവയുടെ ചുമതലകളെപ്പറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ധാരണയുണ്ടോ ? ഇല്ലെങ്കിൽ അതുണ്ടാക്കിയെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകുക. | |
| 14 | വർഷത്തിൽ എത്ര തവണ ബി.എം.സി. യോഗം ചേർന്നിട്ടുണ്ട് ? തീയതി, വർഷം. | |
| 15 | ബി.എം.സി. യോഗത്തിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ, അതിന്റെ കോപ്പി ഇതോടൊപ്പം നൽകുക. | |
| 16 | കൃത്യമായ ഇടവേളകളിൽ ബി.എം.സി. യോഗങ്ങൾ ചേരുന്നതിനും തീരുമാനങ്ങൾ കൈകൊള്ളുന്നതിനും നിലവിലെ രീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എപ്രകാരമായിരിക്കണം? | |
| 17 | ബി.എം.സി. യുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് അതാത് വർഷങ്ങളിൽ കെ.എസ്.ബി.ബി.യിൽ സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തീയതി /വർഷം? ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുക. | |
| 18 | തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് (ലോക്കൽ ബയോഡൈവേഴ്സിറ്റി ഫണ്ട് - LBF) ബി.എം.സി. ഉണ്ടാക്കിയിട്ടുണ്ടോ? തീയതി /വർഷം? ഉണ്ടെങ്കിൽ, അതിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കുക. എത്ര ഫണ്ട് സ്വരൂപിച്ചു, എത്ര ചിലവാക്കിഎന്നുംവ്യക്തമാക്കുക. | |
| 19 | ബി.എം.സി. കർമ്മപദ്ധതി (ആക്ഷൻ പ്ലാൻ) തയ്യാറാക്കിയിട്ടുണ്ടോ? തീയതി/വർഷം ? തയ്യാറാക്കിയ കർമ്മപദ്ധതികളും നടപ്പിലാക്കിയ വയും വിശദീകരിക്കുക. | |
| 20 | കർമ്മപദ്ധതി (ആക്ഷൻ പ്ലാൻ) തയ്യാറാക്കുന്നതിന് ബോർഡിന്റെ സഹായം ആവശ്യമാണോ? ആണെങ്കിൽ എപ്രകാരമുള്ളതാണെന്ന് (സാമ്പത്തികം/ സാങ്കേതികം/ ഭരണപരം) വ്യക്തമാക്കുക. | |

| | | |
|---|---|---|
| 21 | ബി.എം.സി. കളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കാൻ ബോധവൽക്കരണം ആവശ്യമാണോ ? ആണെങ്കിൽ എപ്രകാരമുള്ളതായിരിക്കണം ? | |
| 22 | ബി.എം.സി. കൾ അവരുടെ അധികാര പരിധിയിലുൾപ്പെടുന്ന പ്രദേശത്തെ പരമ്പരാഗത വൈദ്യന്മാരുടെ / ഹക്കിമുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ? ശേഖരിച്ച വിവരങ്ങൾ പൂർണ്ണമാണോ? അല്ലെങ്കിൽ കൂട്ടിച്ചേർക്കലിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക. | |
| 23 | ബോർഡിന്റെയോ എൻ.ബി.എ. യുടെയോ ധനസഹായത്തോടെ ഏതെങ്കിലും പദ്ധതികൾ ബി.എം.സി./തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പദ്ധതി തുടങ്ങിയ തീയതി, അവസാനിപ്പിച്ച തീയതി, പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്നിവ വിശദമാക്കുക. | |
| 24 | ജൈവവൈവിധ്യ ബോർഡിന്റെ ശാന്തിസ്ഥൽ / ഗ്രാമവനം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ തുടങ്ങിയതീയതി, ലഭിച്ച തുക, പദ്ധതിയുടെ ചെറുവിവരണം എന്നിവ നൽകുക. | |
| 25 | ബി.എം.സി. യുടെ അധികാര പരിധിയിലുൾപ്പെടുന്ന സ്കൂളുകളിൽ ബയോഡൈവേഴ്സിറ്റി ക്ലബുകൾ രൂപീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്രയെണ്ണം ? | |
| 26 | 'പരിസ്ഥിതി കാവൽസംഘ'മായി (13/05/2013 ലെ സ.ഉ. (അച്ചടി) 04/13/പരി. നം. ഉത്തരവ് പ്രകാരം) ബി.എം.സി.കൾ പ്രവർത്തിക്കുന്നുണ്ടോ? എത്ര ഇടപെടലുകൾ ഇതുവരെ നടത്തി, അതിന്റെ സ്വഭാവം, കോടതി കേസുകൾ എന്നിവ വിശദമാക്കുക. | |
| 27 | പരിസ്ഥിതി / ജൈവവൈവിധ്യ സംബന്ധമായ ഏതെല്ലാം പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത് ? | |
| 28 | പരിസ്ഥിതി / ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനത്തിന്റെ പ്രാദേശിക ഫണ്ട് വിനിയോഗം ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ തുക വിനിയോഗിച്ച വർഷം? | |
| 29 | ബി.എം.സി. കൾക്കു വേണ്ടി കെ.എസ്.ബി.ബി. സംഘടിപ്പിച്ചിട്ടുള്ള ബി.എം.സി. സംഗമം, വിവിധ ബോധവൽകരണ പരിപാടികൾ എന്നിവയിൽ പങ്കെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പങ്കെടുത്ത തീയതി? അതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കുക. | |
| 30 | ബി.എം.സി. കൾക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ ? പ്രവർത്തന വേളയിലെ പ്രശ്നങ്ങൾ എന്തെല്ലാം? എന്തെങ്കിലും സാങ്കേതിക - സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിൽ വ്യക്തമാക്കുക. | |
| 31 | ബി.എം.സി. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തീയതി സഹിതം അക്കമിട്ട് എഴുതുക. | |
| 32 | പ്രവർത്തന കാലയളവിലെ പ്രധാന നേട്ടങ്ങൾ അക്കമിട്ടെഴുതുക. | |
| 33 | ജൈവവിഭവവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളിലേയ്ക്കുള്ള പ്രവേശനവും (Access) അതിലൂടെ ലഭ്യമാകുന്ന ഗുണങ്ങളുടെ നീതിപൂർവ്വകമായ പങ്കുവെയ്ക്കൽ (Benefit Sharing) - ABS പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. | |
| 34 | ഏതെങ്കിലും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ? അക്കമിട്ടെഴുതുക. | |
| 35 | ബി.എം.സി. യുടെ പ്രവർത്തന കാലയളവിൽ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പൊതുവായിട്ടുള്ളതും പ്രത്യേകതയുള്ളതുമായ പ്രശ്നങ്ങൾ എന്തെല്ലാം? | |
| 36 | ഭാവിയിൽ ബി.എം.സി. യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ? | |

N.B. ചോദ്യാവലിയിൽ നൽകുന്ന വിവരങ്ങൾ കൃത്യവും പൂർണ്ണവും സത്യസന്ധവുമായിരിക്കണം.

## ലേഖകർ



**ഡോ.ഉമ്മൻ വി. ഉമ്മൻ:** മുപ്പത് വർഷത്തിലേറെ പ്രവർത്തി പരിചയമുള്ള പ്രഗത്ഭജന്തുശാസ്ത്രജ്ഞനും ജൈവവൈവിധ്യ സംരക്ഷകനുമാണ്. നിലവിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാനായ അദ്ദേഹം വിവിധ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ച പ്രഥമ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിലും, 83 ശതമാനത്തോളം ബി.എം.സി. കളിലും ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനും, ബി.എം.സി. കൾക്കായി ജില്ലാടിസ്ഥാനത്തിൽ നൈപുണ്യ വികസന ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിലും നേതൃത്വം നൽകി. ജൈവവൈവിധ്യ ആക്ടനുസരച്ച് ബി.എം.സി.കളെ പ്രവർത്തന സജ്ജരാക്കുന്നതിനും, പ്രാദേശികതലത്തിൽ ജൈവവൈവിധ്യത്തിന്റെയും പരിസ്ഥിതിയുടെയും 'കാവൽസംഘ'മായി മാറ്റുന്നതിനും ബി.എം.സി. കൾക്കാവശ്യമായ സാങ്കേതിക പിന്തുണയും പ്രോത്സാഹനവും നൽകിവരുന്നു.



**ഡോ.ദിനേശൻ ചെറുവാട്ട്:** സംസ്ഥാന ഫിഷറീസ് ജോയിന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചിരുന്ന ഡോ. ദിനേശൻ ചെറുവാട്ട് കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയായി ചുമതല വഹിക്കുന്നു. കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ജന്തുശാസ്ത്രത്തിൽ ഗവേഷണ ബിരുദം നേടിയ അദ്ദേഹം നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. സീക്ക് (സൊസൈറ്റി ഫോർ എൻവയോൺമെന്റൽ എഡ്യുക്കേഷൻ ഇൻ കേരള) പയ്യന്നൂർ, മലബാർ നാച്ച്യുറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്, ഇൻഡ്യൻ സൊസൈറ്റി ഓഫ് കോസ്റ്റൽ അഗ്രിക്കൾച്ചറൽ റിസർച്ച്, കൊൽക്കത്ത എന്നിവയിൽ ആജീവനാംഗം. പ്രാദേശികതലത്തിൽ പരിസ്ഥിതി - ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പങ്കാളിത്തത്തോടെ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി, സാങ്കേതിക പിന്തുണയും പ്രോത്സാഹനവും നൽകി വരുന്നു.



**ഡോ. പ്രീത എൻ:** ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെവികസനം തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ 14 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്നു. ഡെറാഡൂൺ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫോറസ്ട്രിയിലാണ് പി.എച്ച്.ഡി നേടിയിട്ടുള്ളത്. സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലന സമിതി കളുടെ നേതൃത്വത്തിൽ വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും, ജൈവവൈവിധ്യ പരിപാലന പ്രവർത്തനങ്ങൾക്കായി കർമ്മ പദ്ധതി തയ്യാറാക്കുന്നതിലും മുഖ്യ പങ്കുവഹിക്കുന്നു.



**മിത്രാംബിക എൻ.ബി:** ജൈവവൈവിധ്യ പരിപാലന സമിതികളുടെ രൂപീകരണം, ബി.എം.സി. ശാക്തീകരണ പ്രവർത്തനങ്ങൾ, ജനകീയജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി തുടങ്ങിയ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളിൽ 2010 മുതൽ സജീവമായി പ്രവർത്തിച്ചുവരുന്നു. കേരള സർവ്വകലാശാല പരിസ്ഥിതി ശാസ്ത്ര വകുപ്പിൽ നിന്നും ബിരുദാനന്തര ബിരുദവും, എം.ഫിൽ ബിരുദവും, പ്രസ്തുത സർവ്വകലാശാലയുടെ ബി.എഡ്. ബിരുദവും നേടിയിട്ടുണ്ട്.

# ബി.എം.സി. പ്രവർത്തന പുരോഗതി ഒരു അവലോകനം




**2007 – 2017**

ആദ്യ **ബി.എം.സി.** രൂപീകരണം –

**വിതുര** ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല),

**കുമരകം** ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല),

**മലമ്പുഴ** ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല),

**നീലേശ്വരം** ഗ്രാമപഞ്ചായത്ത് (നിലവിൽ മുനിസിപ്പാലിറ്റി) (കാസർഗോഡ് ജില്ല),

**ചിറക്കൽ** ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല).











## മികച്ച ബി.എം.സി.



2013 – ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട



2015 – ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ



2016 – കോളയാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

2014
മങ്കര ഗ്രാമപഞ്ചായത്ത്, പാലക്കാട്



**KERALA STATE BIODIVERSITY BOARD**

**DECLARATION**

This is to declare that the Biodiversity Management Committees (BMC) are constituted in all the five corporations, 60 Municipalities and 978 Grama Panchayats of Kerala State as per section 41 of Biological Diversity Act 2002, section 22 of Biological Diversity Rule 2004 and section 20 (1) of Kerala State Biological Diversity Rule 2008.

The key mandate of BMC is to ensure conservation of biodiversity, sustainable utilization of its resources and equitable sharing of benefits arising from their use. The BMC shall facilitate the preparation of People's Biodiversity Registers at Local Self Government level by using the process and the format set by the Kerala State Biodiversity Board (KSBB). Further, the BMC and local bodies will be responsible for ensuring the protection of the knowledge recorded in the People's Biodiversity Register, especially to regulate its access to outside agencies and individuals. BMC has to develop a local biodiversity fund and develop strategies and action plan to conserve local biodiversity under its territory by the guidance of KSBB.

Dr. Oommen V. Oommen
Chairman

Dr. K.P. Laladhas
Member Secretary

**2006**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുള്ള ബോധവൽക്കരണ പരിപാടി – കില, തൃശ്ശൂർ.

**2008**

സംസ്ഥാന ജൈവവൈവിധ്യ നിയമങ്ങൾ

**2008**

ബി.എം.സി. രൂപീകരണം സർക്കാർ ഉത്തരവ്

**2009**

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ പദ്ധതിയുടെ ആരംഭം

**2010**

പി.ബി.ആർ. തയ്യാറാക്കൽ പദ്ധതിയ്ക്ക് ഫണ്ട് വിനിയോഗം ചെയ്യുന്നതിനുള്ള സർക്കാർ അനുമതി (സ.ഉ. (സാധാ.) നം. 618/2010 ത.സ്വ.ഭ.വ. dt. 24-02-2010)




**2012**

ബ്ലോക്ക് – ജില്ലാതലങ്ങളിൽ ബി.എം.സി. ശാക്തീകരണ പരിപാടികൾ

**2012**

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (1043) ബി.എം.സി. കൾ നിലവിൽ വന്നു.

**2012**

ജില്ലാതല സാങ്കേതിക സഹായ വിഭാഗം (ടി.എസ്.ജി)

2012, 2014, 2015 – ബി.എം.സി. സംഗമം

**2013**

ബി.എം.സി. കൾ പ്രാദേശിക പരിസ്ഥിതി കാവൽസംഘങ്ങൾ – സർക്കാർ ഉത്തരവ് (സ.ഉ. (അച്ചടി) നം. 04/13/പരി. dt. 13-05-2013).





**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
എൽ-14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം-695011
Ph – 0471 – 2554740, Telefax: 0471- 2448234
Email: keralabiodiversity@gmail.com
Website: www.keralabiodiversity.org

ISBN 978-81-934231-0-3
9 788193 423103